No. 249

MARCH 2015

KERALA PRIVATE

# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

www.akpcta.org




7 **മൂലധനത്തിന്റെ ചൂഷണഭ്രാന്തിന് ബദൽ ശാസ്ത്രീയ സോഷ്യലിസം മാത്രം**
അഭിമുഖം: എം.എ.ബേബി/ പ്രമോദ് വെള്ളച്ചാൽ

12 **ഇടതുപക്ഷത്തേക്ക് തിരിയുന്ന ലോകം**
കെ.ടി.കുഞ്ഞിക്കണ്ണൻ

20 **ജീവിതം കൊതിക്കുന്നവൻെറ മരണക്കുറിപ്പുകൾ**
ഡോ.സി.ഉണ്ണികൃഷ്ണൻ

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 249 MARCH 2015



EDITORIAL BOARD

*Chief Editor*

**Pramod Vellachal**

*Managing Editor*

**Prof. R. Mohanakrishnan**

*Assistant Editor*

**Dr. M.S.Vasanthakumar**

*Members*

Dr. K. P. Sukumaran Nair

Dr. K. Sreevalsan

Dr. D.K. Babu

Prof. A.G. Oleena

Dr. Kusalakumari

Prof. T.K.Ramakrishnan

Dr. C. Unnikrishnan

Dr. Rakhi Rgahavan

Dr. K.Biju kumar

Dr. I.G. Shibi

Prof. A.C. Sreehari

Prof. N. Vipin Chandran

Dr. N.Gopa kumar

Dr. Ajith. G. Krishna

Dr. S. Soju

Prof. N. K. Sunilkumar

Prof. Sreejith



AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org


# 249

## inside


57-ാം സംസ്ഥാനസമ്മേളനം

മൂലധനത്തിന്റെ ചൂഷണഭ്രാന്തിന് ബദൽ
ശാസ്ത്രീയ സോഷ്യലിസം മാത്രം
**അഭിമുഖം: എം.എ. ബേബി/ പ്രമോദ് വെള്ളച്ചാൽ**

ഇടതുപക്ഷത്തേക്ക് തിരിയുന്ന ലോകം
**കെ.ടി. കുഞ്ഞിക്കണ്ണൻ**

ഒബാമ എന്തിന് വന്നു?
**ജോൺ മത്തായി നൂറനാൽ**

ജീവിതം കൊതിക്കുന്നവന്റെ ....
**ഡോ. സി. ഉണ്ണികൃഷ്ണൻ**

Prof.Nainan Koshy
A great Humanist and visionary
**Sreekantan Nair**

ഞാൻ മേഘങ്ങളിലൂടെ അലഞ്ഞു
**എൻ. രേണുക**

കേരളത്തിലെ എയ്ഡഡ്
ബി എഡ് ട്രെയിനിംഗ് കോളജുകൾ...
**ഡോ. പ്രമോദ് ജി. നായർ**

നാനോടെക്നോളജിയും പ്രകൃതിയും
**ഡോ. വി. എം. ആനന്ദകുമാർ**

ഉൽക്കാശിലകൾ
**ഡോ. എം. എസ്. വസന്തകുമാർ**

ഹൈഡ്രജൻ ആറ്റത്തിന്റെ ....
**ഡോ. എം. ആർ. സുദർശനകുമാർ**

The Union Budget – An Over View
**Dr.Kumar S P**

Governance Issues in a
Multicampus University
**Dr.A.Ashokan**



Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.



Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141 Chief Editor:Prof. Pramod Vellachal

Chief Editor's Desk



# AKPCTA 57th State conference and the political slogan

A.K.P.C.T.A organizes its 57th State conference on 20th, 21st and 22nd March at Palakkad. We used to raise the relevant political slogans in connection with the state conference in order to generate the cerebral ripples in the dozing consciousness of the society to sharpen its intellectual penetrations into the chaotic maze. **A.K.P.C.T.A for Equity and Excellence in Higher Education, Stop Academic colonization, Restore Democrazy in Higher Education** etc are some of such slogans which precipitated a haunting political thought in the minds of the thinking people. Organizational activism is also a kind of insight into the contemporary political and cultural realities and the ability to discover and problematize the burning and de humanizing issues. The slogan raised by the 57th State conference is **Resist Revivalism**. Though we buried deep many superstitions and ignorant malpractices with the buoyancy of our rational and logical arguments, the contemporary heroism of the Central government is to rehabilitate all those things without any sense of shame. India is having a rich intellectual tradition which even put forward the notions about the dazzling scientific materialism and the concept of the origin of life. Vedas and Upanishads were not the works which sang lullaby to Hinduthwa. Debi Prasad Chadopadhya, D.D Kosambi, Romila Thapper, Irfan Habeeb and many others often tried to accentuate the same point of view.

Today India is looked upon with contempt by the world because of the baseless and rubbish things pronounced by the so called *Hinduthwa misihas* in the National science congress as scientific theories. They connect the stories in *purana* with Astrophysics, Nano science etc without any shame at all. Actually they are tying the horses behind the chariot making the nation to retreat into the middle ages noted for its religious orthodoxy and visionary poverty. They showers blemishes on the Indian dignity. Finance capital and fascism coupled together, beget nothing but an inertia in the secular and democratic life pruning all the constitutional dreams and assurances offered to the citizens.

The conscious revivalist policies adopted by the governments are the ingenuous pretexts to run away from the democratic issues and resort to the fundamentalist thoughts making the country a map of Hinduthwa agendas. Such a policy operation in education will manufacture only the robots of that ideology which will integrally destroy the age old concepts of a harmonious secular life.

So the slogan of the 57th State conference is very sensitive and historically relevant one. It's high time ,we must learn and examine the issues and resist the revivalist tendencies in religion,culture,politics finance capital etc. The conference must end as a hammer stroke against the de politisization of our secular life and the de nationalization of a soverign state. Teachers must realise their immense potentials and historic vigor to capture and materialized the procrastinated "Utopias" to restor equity peace and justice.

Chief Editor




# 57 – ാം സംസ്ഥാനസമ്മേളനം



**ഡോ.കെ.ശ്രീവത്സൻ**

*ജനറൽ സെക്രട്ടറി*
*എ.കെ.പി.സി.ടി.എ*

"ദി ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസ്സോസിയേഷന്റെ 57-ാം വാർഷിക സമ്മേളനം മാർച്ച് 20, 21, 22 ന് പാലക്കാട് ടൗൺ ഹാളിൽ വച്ച് നടക്കുകയാണ്. 1958 ഡിസംബർ 21 ന് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ നടന്ന യോഗത്തിൽ വച്ചാണ് എ.കെ.പി.സി.ടി.എ രൂപീകൃതമായത്. കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസ്സോസിയേഷനും (KPCTA) മലബാർ-കൊച്ചി പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസ്സോസിയേഷനും (MCPCTA) സംയോജിച്ചാണ് എ.കെ.പി.സി.ടി.എ ജന്മമെടുത്തത്.

മാനേജർമാർ നൽകുന്ന തുച്ഛമായ ശമ്പളമായിരുന്നു അന്ന് അദ്ധ്യാപകർക്ക് ലഭിച്ചിരുന്നത്. അതുതന്നെ മിക്ക മാസങ്ങളിലും മുടങ്ങിയിരുന്നു. ഇങ്ങനെ മാനേജർമാരുടെ കാരുണ്യത്തിനു മുമ്പിൽ കൈകൂപ്പി നിന്നിരുന്ന അദ്ധ്യാപകർ ഇന്നത്തെ നിലയിലെത്തിയത് നിരന്തരമായ സമരപോരാട്ടങ്ങളിലൂടെയാണ്. പ്രസ്തുത പോരാട്ടങ്ങളിൽ കേരളത്തിലെ വർഗ്ഗ ബഹുജനപ്രസ്ഥാനങ്ങളുടെ നിസ്സീമമായ സഹായസഹകരണങ്ങൾ ലഭിച്ചിരുന്നു. നിരന്തരമായ പ്രക്ഷോഭപരിപാടികളിലൂടെ നേടിയെടുത്ത ഡയറക്ടറ്റ് പേയ്മെന്റും, യു.ജി.സി പദ്ധതിയും സംരക്ഷിച്ചുകൊണ്ടാണ് നമ്മൾ മുന്നോട്ടു പോകുന്നത്. കേരളത്തിലെ സർവ്വകലാശാലനിയമങ്ങളാണ് നമ്മുടെ നിലനിൽപ്പിന്റെ അടിസ്ഥാനം. സർവ്വകലാശാല നിയമങ്ങളിലെ എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന വകുപ്പുകൾ സംരക്ഷിച്ചു നിർത്തേണ്ടുന്ന ഉത്തരവാദിത്വം നമുക്കുണ്ട്. പ്രസ്തുത നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് അദ്ധ്യാപകരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നത്. പ്രൊഫ. സെബാസ്റ്റ്യൻ.കെ.ആന്റണിയെ സെന്റ് ആൽബർട്ട്സ് കോളേജിൽ നിന്നും പിരിച്ചുവിട്ട കേസിലും, അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതുമായി ബന്ധപ്പെട്ട കേസുകളിലും സുപ്രീംകോടതിയിൽ നിന്ന്

നമുക്ക് അനുകൂലമായി വിധി ലഭിച്ചത് പ്രസ്തുത സർവ്വകലാശാലാ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. കോളേജ് അദ്ധ്യാപകർക്ക് മാനേജർമാരുടെ ഭീഷണികളിൽ നിന്നുള്ള സംരക്ഷണവും, സർക്കാരിൽ നിന്നും വേതനവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള സംരക്ഷണവും സർവ്വകലാശാലാ നിയമങ്ങൾ ഉറപ്പുവരുത്തുന്നു. കാലാകാലങ്ങളിൽ മാനേജർമാരും, സർക്കാരും അദ്ധ്യാപകർക്ക് മേലേ നടത്തുന്ന കടന്നാക്രമണങ്ങളെ ചെറുത്തു തോൽപ്പിക്കാൻ നമുക്ക് ശക്തി പകരുന്നത് സർവ്വകലാശാലാനിയമങ്ങളാണ്.

ഈ അടുത്തകാലത്ത് ഉമ്മൻചാണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും അദ്ധ്യാപകർക്കു നേരെ നിരന്തരമായ കടന്നാക്രമണങ്ങൾ ഉണ്ടാവുന്നു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ പ്രത്യേകിച്ച് എയ്ഡഡ് കോളേജുകളെ ഉന്നം വച്ചുകൊണ്ട് സർക്കാർ നിരന്തരമായി നടത്തുന്ന ആക്രമണങ്ങളെ പ്രതിരോധിക്കാൻ നമുക്ക് കഴിയുന്നത് സർവ്വകലാശാലാനിയമങ്ങൾ ഉള്ളതുകൊണ്ടാണ്. സർവ്വകലാശാലകൾ നിശ്ചയിക്കുന്ന വർക്ക് ലോഡ് അനുസരിച്ച് നിയമിതരായ അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്. ഇത് നിരന്തരം തൊടുന്യായങ്ങൾ പറഞ്ഞ് സർക്കാരർ ലംഘിക്കുന്നു. അതുപോലെ അദ്ധ്യാപകരുടെ ന്യായമായ പ്രമോഷനുകളും പ്ലേസ്മെന്റും നീട്ടിക്കൊണ്ടു പോയി തടഞ്ഞുവയ്ക്കുന്നു. കോളേജുകളിലെ അദ്ധ്യയനസമയം നിശ്ചയിക്കേണ്ടത് സർവ്വകലാശാലകളാണ് അദ്ധ്യയനസമയത്തെക്കുറിച്ചുള്ള വ്യക്തമായ വ്യവസ്ഥകൾ യു.ജി.സി നിഷ്ക്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ കേരളത്തിലെ എല്ലാ സർവ്വകലാശാലാനിയമങ്ങളിലും, റഗുലേഷനുകളിലും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു വിരുദ്ധമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ച് നിലവിലുള്ള യു.ജി.സി റഗുലേഷനെ അട്ടിമറിക്കാൻ ശ്രമിക്കുന്നു. അദ്ധ്യാപകർ 5 മണിക്കൂർ കോളേജുകളിൽ ഹാജരായാൽ മതിയെന്ന് യു.ജി.സി റഗുലേഷനിലും അതേപോലെ സർവ്വകലാശാലാ റഗുലേഷനിലും ഉള്ളതാണ്. ഇതിനെയെല്ലാം കാറ്റിൽ പറത്തി അദ്ധ്യാപകരെ 7 മണിക്കൂർ കോളേജിൽ ഇരുത്താനുള്ള നടപടി സർക്കാരിന്റെ നിയമനിഷേധത്തെയാണ് കാണിക്കുന്നത്. ബഹു. ഹൈക്കോടതിയും, സുപ്രീം കോടതിയും സർക്കാരുത്തരവുകളും, സർക്കുലറുകളും യൂണിവേഴ്സിറ്റി ആക്ടിനും, സ്റ്റാറ്റ്യൂട്ടിനും, റഗുലേഷനും മുകളിൽ നിലനിൽക്കില്ലെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുള്ളതാണ്.

1986 ലെ യു.ജി.സി ശമ്പളപരിഷ്ക്കരണ പദ്ധതിയാണ് 1990 ൽ കേരളത്തിൽ നടപ്പിലാക്കിയത്. വർഷങ്ങളായുള്ള നമ്മുടെ പ്രക്ഷോഭങ്ങളുടെ ഫലമായാണ് കേരളത്തിൽ യു.ജി.സി പദ്ധതിയനുസരിച്ചുള്ള ശമ്പളപരിഷ്ക്കരണം 1986 മുതൽ നടപ്പിലാക്കാൻ 1990 ൽ കേരളം ഭരിച്ചിരുന്ന എൽ.ഡി.എഫ് സർക്കാർ തയ്യാറായത്. നേരത്തേ കേരളത്തിൽ നിലനിന്നപോലെ തന്നെ ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകരെ അദ്ധ്യാപകരായി തന്നെ കോളേജുകളിൽ നിലനിർത്തിക്കൊണ്ടാണ് 1990 ൽ ഉത്തരവുണ്ടായത്. അങ്ങനെതന്നെയാണ് 1996 മുതലുള്ള അഞ്ചാം യു.ജി.സി പദ്ധതിയും, 2006 മുതലുള്ള ആറാം യു.ജി.സി പദ്ധതിയും നടപ്പാക്കിക്കൊണ്ടുള്ള ഉത്തരവുകളിൽ വ്യക്തമാക്കിയിരുന്നത്. എന്നാൽ ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ ആറാം യു.ജി.സി പദ്ധതിയനുസരിച്ചുള്ള സ്പെഷ്യൽ റൂൾ ഉണ്ടാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ കരട് നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നതിന് ഗവൺമെന്റ് തയ്യാറായിരിക്കുന്നു. പ്രത്യേകിച്ച് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരെ തരംതാഴ്ത്തുന്നതിന് ശ്രമിക്കുന്നു. ഇത് നിലവിലെ എല്ലാ നിയമങ്ങൾക്കും എതിരായിട്ടുള്ളതാണ്. ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകരിന്ന് സാധാരണ അദ്ധ്യാപകരെപ്പോലെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്. അങ്ങനെയുള്ള അദ്ധ്യാപകരെ നിലവിലുള്ള അസ്സോസിയേറ്റ് പ്രൊഫസർ സ്ഥാനത്തു നിന്നും അസിസ്റ്റന്റ് പ്രൊഫസർ സീനിയർ ജൂനിയർ, അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് എന്നീ പുതിയ പേരുകളുണ്ടാക്കി തരംതാഴ്ത്തുന്നു. ഇതിനെ ഒരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. ആറാം യു.ജി.സി പദ്ധതിയിലും, കേരളത്തിൽ യു.ജി.സി നടപ്പാക്കിക്കൊണ്ടുള്ള ഉത്തരവിലും ഇല്ലാത്ത കാര്യങ്ങൾ സ്പെഷ്യൽ റൂളിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതിനെതിരെ സഹോദര പ്രസ്ഥാനങ്ങളുമായി ചേർന്ന് ശക്തമായ ചെറുത്തുനിൽപ്പ് നടത്താൻ നമ്മൾ തീരുമാനിച്ചിട്ടുണ്ട്.

2012 ൽ NCTE യുടെ നേതൃത്വത്തിൽ BEd ന്റെയും ങ്ങളറ ന്റെയും കരിക്കുലവും കോഴ്സിന്റെ ഘടനയും പരിഷ്ക്കരിക്കുകയുണ്ടായി. അതിന്റെ ഫലമായി പ്രസ്തുത കോഴ്സുകൾ ദ്വിവത്സരകോഴ്സുകളായി അടുത്തവർഷം മുതൽ കേരളത്തിൽ നടപ്പിലാക്കാൻ ഉത്തരവിറക്കി. പ്രസ്തുത ഉത്തരവും അതിനനുബന്ധമായി ഇറക്കിയ ഉത്തരവുകളും കേരളത്തിൽ നിലവിലുള്ള ഗവൺമെന്റ് - എയ്ഡഡ് കോളേജുകളെ തകർക്കുന്നതിന് ലക്ഷ്യം വച്ചുള്ളതാണ്. കേരളത്തിൽ ക്രമാതീതമായി അൺ എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ അനുവദിക്കുകയുണ്ടായി. ഇപ്പോൾ അൺഎയ്ഡഡ് ട്രെയിനിംഗ് കോളേജ് വ്യവസായം വിദ്യാർത്ഥിക്ഷാമം മൂലം തകർച്ചയിലാണ്. ഇങ്ങനെ അടച്ചുപൂട്ടേണ്ട അവസ്ഥയിലുള്ള കോളേജുകളെ സംരക്ഷിക്കാനാണ് ഉമ്മൻചാണ്ടി സർക്കാർ പ്രസ്തുത ഉത്തരവുകൾ പുറത്തിറക്കുന്നത്. അടുത്തവർഷം മുതൽ BEd ഉം, MEd ഉം ദ്വിവത്സരകോഴ്സുകളാക്കി മാറ്റുമ്പോൾ ഓരോ സർക്കാർ-എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലും ആള്ളറ നും MEd നും 50 വിദ്യാർത്ഥികളെ മാത്രം പ്രവേശിപ്പിച്ചാൽ മതിയെന്ന ഉത്തരവ് സ്വകാര്യ ട്രെയിനിംഗ് കോളേജ് മുതലാളിമാരെ സംരക്ഷിക്കാനുള്ളതാണ്.

200 നും 300 നും ഇടയിൽ പല കോളേജുകളിലും BEdന് വിദ്യാർത്ഥികളുണ്ടായിരുന്നു. ഗവൺമെന്റ് -എയ്ഡഡ് കോളേജുകളിൽ 50 ആയി വിദ്യാർത്ഥികളുടെ എണ്ണം പരിമിതപ്പെടുത്തുമ്പോൾ വിവിധ ഓപ്ഷനുകളിലേക്കുള്ള വിദ്യാർത്ഥി

കളുടെ എണ്ണം സ്വാഭാവികമായി കുറയും. അതിന്റെ കൂടെ ചില ഓപ്ഷനുകൾക്ക് വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യവും ചില കോളേജുകളിലുണ്ടാവും. അങ്ങനെ വരുമ്പോൾ ഇപ്പോൾ നിലവിലുള്ള അദ്ധ്യാപകരുടെ തസ്തികകളും അധികമായി വരും. നിലവിലുള്ള അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും ഇപ്പോൾത്തന്നെ വിദ്യാർത്ഥികളുടെ ദൗർലഭ്യം മൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന അൺ എയ്ഡഡ് ട്രെയിനിംഗ് കോളേജുകളെ സംരക്ഷിക്കാൻ വേണ്ടിയിറക്കിയിരിക്കുന്ന ഓഡറുകൾ അടിയന്തിരമായി പിൻവലിക്കണമെന്ന് സർക്കാരിനോട് സംഘടന ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ സഹോദരപ്രസ്ഥാനങ്ങളുമായി ചേർന്ന് ശക്തമായ സമരപരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളജുകളിലെ വർക്ക് ലോഡ് കണക്കുകുട്ടി അദ്ധ്യാപക തസ്തികകളുടെ എണ്ണം നിർണ്ണയിക്കേണ്ടത് യൂണിവേഴ്സിറ്റികളാണ്. എന്നാൽ ഈ അധികാരത്തിൽ ഉന്നതവിദ്യാഭ്യാസവകുപ്പ് നിരന്തരം കൈ കടത്തി പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. തസ്തികകൾ നിർണ്ണയിക്കുന്നത് യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള റഗുലേഷനും, ഓർഡിനൻസിനുമനുസരിച്ചാണ്. എന്നാൽ പ്രസ്തുത ഓർഡിനൻസുകളെയെല്ലാം കാറ്റിൽ പറത്തി തസ്തികകൾ പുനർനിർണ്ണയിക്കാൻ സർക്കാർ ശ്രമം നടത്തുന്നു. പി.ജി. യുടെ വർക്ക്ലോഡിൽ ഉള്ള 1 : 1.5 എന്ന അനുപാതം എടുത്തുകളയാനും, പ്രാക്ടിക്കൽ ബാച്ചിലെ വിദ്യാർത്ഥികളുടെ എണ്ണം 18 ൽ നിന്നും 25 ആയി വർദ്ധിപ്പിക്കാനും ശ്രമിക്കുന്നു. ഇതുപോലെ തന്നെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകതസ്തികകളും പുനർനിർണ്ണയിക്കുന്ന തിരക്കിലാണ് ഉന്നതവിദ്യാഭ്യാസവകുപ്പും ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്റ്ററേറ്റും. ഈ പരിഷ്ക്കരണം നിലവിൽ വന്നാൽ ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും നിലവിലുള്ള അദ്ധ്യാപകരുടെ 30 ശതമാനം അധികമാകാൻ സാദ്ധ്യതയുണ്ട്. അതായത് നിലവിലുള്ള 30 ശതമാനം അദ്ധ്യാപകരെ സൂപ്പർ ന്യൂമററിയാക്കി മാറ്റും. പ്രസ്തുത കോളേജുകളിൽ ഇനി വരുന്ന ഒഴിവുകളിൽ അടുത്ത 15 വർഷത്തേയ്ക്ക് ഇനി പുതിയതായി ഒരു അദ്ധ്യാപകനിയമനവും നടക്കത്തില്ല. ഇത് കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയിൽ വളരെ വലിയ പ്രതിസന്ധി സൃഷ്ടിക്കും. ഈ നീക്കത്തിനെതിരെയും ശക്തമായ തുടർപ്രക്ഷോഭപരിപാടികൾ ആവിഷ്ക്കരിക്കണം.

ഇങ്ങനെ വളരെ സങ്കീർണ്ണമായ സാഹചര്യത്തിലാണ് 57-ാം സംസ്ഥാനസമ്മേളനം കടന്നുവരുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സംഘടന ശക്തമായി കെട്ടിപ്പടുക്കാൻ എല്ലാ അദ്ധ്യാപകരും തയ്യാറാകണം. സംഘടിതമായ ശ്രമങ്ങളിലൂടെ മാത്രമേ നമുക്ക് ഈ വിധമുള്ള സർക്കാരിന്റെയും, മാനേജ്മെന്റുകളുടെയും നടപടികളെ ചെറുത്തു തോൽപ്പിക്കാൻ സാധിക്കുകയുള്ളൂ.

## പ്രൊഫ.നൈനാൻകോശിക്ക് എ.കെ.പി.സി.ടി.എ യുടെ ആദരാഞ്ജലികൾ



അഭിമുഖം: എം.എ.ബേബി/ പ്രമോദ് വെള്ളച്ചാൽ



# മൂലധനത്തിന്റെ ചൂഷണഭ്രാന്തിന് ബദൽ ശാസ്ത്രീയ സോഷ്യലിസം മാത്രം

**■ സമകാലിക ഉന്നതവിദ്യാഭ്യാസം ധനമുതലാളിത്തത്തിന്റെ കേളീരംഗമായി മാറുകയാണ് ഈ നവലിബറൽ വ്യവസ്ഥയെ എങ്ങിനെ നോക്കിക്കാണുന്നു?**

ആരോഗ്യം ഇന്നൊരു വൻകിട വ്യവസായമായി മാറിയതു പോലെ വിദ്യാഭ്യാസവും വ്യവസായവും കച്ചവടമായി പരിണമിച്ചിരിക്കുന്നു ഏററവും കൂടുതൽ ലാഭം പെരുക്കാൻ സാധിക്കുന്ന വാണിജ്യമേഖലയായും ഇതു മാറിയിട്ടുണ്ട്.

അധികാരവും സമ്പത്തും നേടാനുള്ള ഒരുപാധി എന്ന നിലയിൽ കമ്പോളീകൃതമായ സമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ വ്യവസായ വാണിജ്യ സാദ്ധ്യതകളും സമൂഹത്തിൽ നേതൃത്വസ്ഥാനങ്ങളിലെത്താനുള്ള യോഗ്യത എന്ന മാനദണ്ഡവും അംഗീകരിക്കപ്പെട്ടി ട്ടുണ്ട്. താഴ്ന്ന വരുമാനക്കാരും താരതമ്യേന ദരിദ്രരായവരും തങ്ങളുടെ പരിമിതമായ വരുമാനത്തിന്റെ ചെറുതല്ലാത്ത പങ്ക് വിദ്യാഭ്യാസ ചിലവിന് മാറ്റി വയ്ക്കുന്നത് ഇതുകൊണ്ടു കൂടിയാണ് 14 വയസ്സു വരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം എന്ന ഭരണഘടന വാഗ്ദാനം ഇന്ന് മൗലികാവകാശമായി മാറിയിട്ടുണ്ട്. മുൻപത് നിർദ്ദേശകതത്വം മാത്രമായിരുന്നു എന്നാൽ വൻഫീസ് കൊടുക്കേണ്ട ഭരണഘടനാവിരുദ്ധ സ്കൂളുകളിൽ മക്കളെ ചേർക്കാനാണ് മിക്കവർക്കും താല്പര്യം. ഇതിനനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിലവാരം തകർക്കാനും കുറഞ്ഞത് മെച്ചപ്പെടരുതെന്ന് ഉറപ്പാക്കാനെങ്കിലും ചൂഷക ഭരണ വർഗ്ഗങ്ങൾ ശ്രദ്ധിക്കുന്നത് ഇതിന്റെ ഏററവും വലിയ അപകടം. പണംമുടക്കി വാങ്ങുന്ന വിദ്യാഭ്യാസത്തിലൂടെ പരിശീലിപ്പിക്കപ്പെ ടുന്നവർ സമൂഹത്തിൽ നിന്ന് എങ്ങനെയെങ്കിലും പരമാവധി പണം തിരിച്ച് കൈക്കലാക്കാനുള്ള മാർഗ്ഗമാവുമല്ലോ കലാലയത്തിൽ നിന്ന് പുറത്തിറങ്ങിയാൽ വെട്ടിപ്പിടിക്കാൻ നോക്കുക. ധാർമ്മികമൂല്യങ്ങൾ തരിമ്പുപോലും പകർന്ന് കൊടുക്കാത്ത സ്വാർത്ഥ മോഹത്തിന്റെ നഗ്നമായ ആധിപത്യമാണ് ഇത്തരം വിദ്യാഭ്യാസ വ്യവസായത്തിലൂടെ ഉത്പാദിപ്പിക്കപ്പെടുക. ഇന്ത്യൻ ഭരണഘടന അതിന്റെ സർവ്വപരിമിതികൾക്കുമുള്ളിൽ നിന്നുകൊണ്ടാണെങ്കിലും മുന്നോട്ട് വയ്ക്കുന്ന സ്വാതന്ത്ര പരമാധികാര മതേതര ജനാധിപത്യ സോഷ്യലിസ്ററ് റിപ്പബ്ളിക് എന്ന സങ്കല്പത്തിന്റെ ഹൃദയം കുത്തിചോർത്തുന്ന അതിഭീകരമായ അതിക്രമമാണ് ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് താണ്ഡവമാടുന്നത്.

## ■ ഭരണഘടനാപരമായ മൗലികാവകാശങ്ങളുടെ നഗ്നമായ ലംഘനമായി വിദ്യാഭ്യാസ രംഗം മാത്രമല്ല എല്ലാ രംഗങ്ങളും മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ ജുഡീഷ്യറിയുടെ ഇടപെടൽ ഇല്ലാതെ പോകുന്നത് എന്തുകൊണ്ടാണ്?

നിർഭാഗ്യവശാൽ മൂലധനാധിപത്യ മൂല്യബോധത്തിന്റെ സ്വാധീനത്തിൽ അറിഞ്ഞോ അറിയാതെയോ നമ്മുടെ ജുഡീഷ്യറിയുടെ പല തലങ്ങളും അടിതെററി വീണുപോയിട്ടില്ലേ എന്ന് സംശയിക്കണം. യഥാർത്ഥത്തിൽ ജസ്ററിസ് വി ആർ കൃഷ്ണയ്യർ ജീവിച്ചിരുന്നപ്പോൾ അദ്ദേഹം നിരന്തരം ശബ്ദമുയർത്തിയിട്ടുള്ള ഒരു വിഷയമാണ് ഇത്.

കമ്മ്യൂണിസ്റ്റ് മാനിഫേസ്റേറായുടെ പ്രസിദ്ധമായ ഒരു നിരീക്ഷണം ഇവിടെ പ്രസക്തമാണെന്ന് തോന്നുന്നു.ഇന്നേവരെയും ആദരിക്കപ്പെടുകയും ഭയഭക്തിയോടെ വീക്ഷിക്കപ്പെടുകയും ചെയ്തു പോന്ന എല്ലാ തൊഴിലുകളിൽ നിന്നും അവയുടെ പ്രഭാമണ്ഡലത്തെ ബ്യൂർഷ്വാസി പിച്ചിച്ചീന്തി ഭിഷഗ്വരനെയും കവിയെയും ശാസ്ത്രജ്ഞനെയും എല്ലാം അത് സ്വന്തം ശമ്പളം പററുന്ന കൂലിവേലക്കാരനാക്കി മാററി. ഇതിനോടൊപ്പം നീതിന്യായ അധിപനെയും എന്ന് കൂട്ടിച്ചേർത്താൽ ആരെങ്കിലും തർക്കിക്കുമോ എന്നറിയില്ല മൂലധനാധിപത്യ വ്യവസ്ഥയുടെ ആനുകൂല്യങ്ങൾ നീതിന്യായ സംവിധാനത്തിന് ലഭിക്കുന്നുണ്ടോ. അതിന്റെ ഫലമാണോ ചൂഷണവ്യവസ്ഥയെ ഫലത്തിൽ പരിക്കേൽപ്പിക്കാത്തതും, പലപ്പോഴും സംരക്ഷിക്കുന്നതുമായ നിലപാടുകൾ ജുഡീഷ്യറിയിൽ നിന്ന് ഉണ്ടാകുന്നത് എന്നെല്ലാമുള്ള ചോദ്യങ്ങൾ വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. എന്തായാലും സാമൂഹ്യ നീതി സ്ഥാപിക്കുവാനും സംരക്ഷിക്കുവാനും ഭരണഘടനാപരമായി ചുമതലയുള്ള നീതിന്യായ സംവിധാനം നീതിയും ന്യായവും അവഗണിച്ച് വിദ്യാഭ്യാസരംഗത്തെ മൂലധനശക്തികളുടെ വിദ്യാഭ്യാസ വാണിജ്യാവകാശം സംരക്ഷിക്കുന്ന തരത്തിൽ വിധി ന്യായങ്ങൾ പാസ്സാക്കുന്നതായി പരാതികൾ ഉയരുന്നുണ്ട്.

എന്നാൽ ഒററതിരിഞ്ഞ നല്ല ചില ഇടപെടലുകൾ നീത്യാനയ സംവിധാനത്തിൽ വിശ്വാസമർപ്പിക്കാൻ ജനപക്ഷ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരെ പ്രേരിപ്പിക്കുന്ന വിധത്തിൽ ചില സന്ദർഭങ്ങൾ കോടതികളിൽ നിന്ന് ഉണ്ടായിട്ടുണ്ടെന്ന അനുഭവവും എടുത്തു പറയേണ്ടിയിരിക്കുന്നു.

## ■ ഉന്നതവിദ്യാഭ്യാസരംഗം രാഷ്ട്രനിർമ്മാണ പ്രവർത്തനമായി കാണുമ്പോൾ ഇന്നത്തെ കാലാവസ്ഥയിൽ എന്തു തോന്നുന്നു?

വിദ്യാഭ്യാസത്തിന് രാഷ്ട്രനിർമ്മാണത്തിന്റെ ഭാഗമായി മനുഷ്യനിർമ്മാണമെന്നും അതിന്റെ ഭാഗമായി കഴിവുകളും നൈപുണ്യങ്ങളും മൂല്യബോധവും നിർമ്മിക്കുകയെന്നും കൂടി അർത്ഥമുണ്ട്. എന്നാൽ യാതൊരു ധാർമ്മിക മൂല്യങ്ങളുമില്ലാത്ത അപരന്റെ ക്ഷേമത്തെയും സ്വസ്ഥതയെയും സുരക്ഷിതത്ത്വത്തേയും പററിയാതൊരു പരിഗണനയുമില്ലാതെ തൻകാര്യം നോക്കികളായ യന്ത്രങ്ങളെയാണ് ഇന്ന് വിദ്യാഭ്യാസം പൊതുവിലും ഉന്നത വിദ്യാഭ്യാസം പ്രത്യേകിച്ചും ചവച്ചു തുപ്പുന്നത്.

ഭീമമായ മൂല്യ ദാരിദ്ര്യമാണ് സാമ്പത്തിക ദാരിദ്ര്യത്തിനു പുറമേ ഇത് സൃഷ്ടിക്കുന്നത്. ഇതിനു പുറമെ രാഷ്ട്രവുമായി ബന്ധപ്പെട്ട് രണ്ടുതരം അപകടകരമായ ആശയങ്ങൾ ഇന്നത്തെ വിദ്യാഭ്യാസം സൃഷ്ടിക്കുന്നു. ഒന്ന് സങ്കുചിതവും വിഭാഗീയവും വിഘടനവാദപരവുമായ രാഷ്ട്ര സങ്കല്പം . സംഘപരിവാറും സയണിസ്റ്റുകളും ഇസ്ലാമിക് സ്റ്റേററും മററും മുന്നോട്ടു വയ്ക്കുന്നതുൾപ്പെടെയുള്ള കാഴ്ചപ്പാടാണ് ഒന്ന്. സ്വത്വവാദപരമെന്നു കൂടി ഇതിനെ വിശേഷിപ്പിക്കാം. മറെറാന്ന് മൂലധനാധിപത്യത്തിന് വശംവദമായി നില്ക്കുന്ന ഒരു ദുർബലരാഷ്ട്ര സംവിധാനം അത് ശക്തമാകുന്നത് മൂലധനത്തെ സംരക്ഷിക്കാനും തൊഴിലാളി- കർഷക ബഹുജന പ്രക്ഷോഭങ്ങളെ അടിച്ചമർത്താനും വേണ്ടിടത്തോളം മാത്രമാണ്.



**വിദ്യാഭ്യാസത്തിന് രാഷ്ട്രനിർമ്മാണത്തിൻെറ ഭാഗമായി മനുഷ്യനിർമ്മാണമെന്നും അതിൻെറ ഭാഗമായി കഴിവുകളും നൈപുണ്യങ്ങളും മൂല്യബോധവും നിർമ്മിക്കുകയെന്നും കൂടി അർത്ഥമുണ്ട്. എന്നാൽ യാതൊരു ധാർമ്മിക മൂല്യങ്ങളുമില്ലാത്ത അപരൻെറ ക്ഷേമത്തെയും സ്വസ്ഥതയെയും സുരക്ഷിതത്ത്വത്തേയും പററിയാതൊരു പരിഗണനയുമില്ലാതെ തൻകാര്യം നോക്കികളായ യന്ത്രങ്ങളെയാണ് ഇന്ന് വിദ്യാഭ്യാസം പൊതുവിലും ഉന്നതവിദ്യാഭ്യാസം പ്രത്യേകിച്ചും ചവച്ചു തുപ്പുന്നത്.**

■ **പന്ത്രണ്ടാം പദ്ധതിക്കാലം വിദ്യാഭ്യാസ മേഖലയിലേയ്ക്കുള്ള ആഗോള നുഴഞ്ഞു കയററത്തിൻെറ കാലമായി മാററാനാണ് മൻമോഹൻസിംഗിൻെറ കാലത്തു നടന്ന ആലോചന. ഇതിൽ നിന്നും എന്തെങ്കിലും മാററം *മോഡിഫിക്കേഷ*ൻെറ കാലത്ത് പ്രതീക്ഷിക്കാമോ?**

ഒരു മാററം കൂടുതൽ വ്യാപ്തിയിലും വേഗത്തിലും അതേ പാതയിൽ മോഡിയും സ്മൃതി ഇറാനിയും സഞ്ചരിക്കുമെന്നതാണ്. എന്നാൽ അപകടം അവിടെ അവസാനിക്കുന്നില്ല. നഗ്നമായ വർഗ്ഗീയവസ്ക്കരണവും അന്ധവിശ്വാസ വല്ക്കരണവും അപഹാസ്യവല്ക്കരണവും വിദ്യാഭ്യാസമേഖലയിൽ ആനയും അമ്പാരിയുമായി ആനയിക്കപ്പെടുകയാണ് വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസം ഒഴിച്ചുള്ളതെല്ലാം തഴച്ചുവളരുന്നു എന്നതാണ് ഏററവും ആപല്ക്കരമായ സ്ഥിതി. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും വിദ്യാഭ്യാസപരമായ ജനാധിപത്യാവകാശങ്ങൾക്കു നേരെയുള്ള കയ്യേററങ്ങളും മോഡിയുഗത്തിൽ മൂർച്ചിക്കാനാണിട. അമിതാധികാര അടിച്ചമർത്തലും സ്വാഭാവികം.

■ **സ്വയംഭരണ കോളജുകളുടെ കോലാഹലങ്ങളാണ് ഇന്ന് കേരളത്തിൻെറ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന മറെറാരു കാര്യം-ഇതിനെ എങ്ങനെ വിലയിരുത്തുന്നു?**

അക്കാദമികമായ സ്വയം ഭരണമെന്നത് ശ്രദ്ധയോടെ നടപ്പാക്കേണ്ട ഒരു ശാസ്ത്രീയ പരീക്ഷണം തന്നെയാണ്. എന്നാൽ സർവ്വകലാശാലകളുടെയും സർക്കാർ നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്വാശ്രയവൽക്കരണവും വാണിജ്യവല്ക്കരണവുമാണ് യി ഡു എഫ് കാലത്ത് സ്വയം ഭരണാവകാശത്തിൻെറ പേരിൽ നിയമ സാധുത സമ്പാദിക്കുന്നത് എന്ന സത്യമാണ് നാം തുറന്നു പറയേണ്ടത്. ഇത് അതീവ ആപൽക്കരമായ അധഃപതനമാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളജിൽ പ്രവേശനം കിട്ടിയ ഒരു വിദ്യാർത്ഥിക്ക് ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളജിൽ പഠിക്കാൻ ഉത്തരവിട്ടിട്ട് ആ തീരുമാനത്തിൻെറ ഉത്തരവാദിത്വം ഞാൻ ഏറെറടുക്കുന്നു എന്ന് നെഞ്ച

ത്താടിച്ചു പറയാൻ ലജ്ജയില്ലാത്ത വിധം വിദ്യാഭ്യാസ നിയമത്തിന് അജ്ഞതയോ സാമാന്യബുദ്ധിയുടെ അ പാരമായ ദാരിദ്ര്യമോ ഉള്ള ഒരു മുഖ്യമന്ത്രിയുടെ ഭര ണത്തിൽ ഇത്തരത്തിലുള്ള വ്യതിയാനങ്ങൾ തികച്ചും സ്വാഭാവികം.

**■ ഇടതുപക്ഷ ഗവൺമെൻറ് അധികാരത്തിൽ വന്നാൽ സ്വയംഭരണ കോളജുകളോടുള്ള സമീപനം എന്തായിരിക്കും?**

നമ്മുടെ മഹത്തായ കോളജുകളെ സ്വാശ്രയവ ല്ക്കരിക്കുന്ന രൂപത്തിലുള്ള ഇപ്പോഴത്തെ സ്വയംഭരണ നയം തിരുത്തുമെന്നതിൽ സംശയമില്ല. വിദ്യാഭ്യാസ വി ചക്ഷണന്മാരും വിദ്യാർത്ഥികളും അദ്ധ്യാപകരും പൊ തുസമൂഹവുമായി ചർച്ച ചെയ്തുകൊണ്ട് വിദ്യാഭ്യാ സത്തെ സമഗ്രവും ശാസ്ത്രീയവുമായുള്ള മാർഗ്ഗങ്ങൾക്ക് എൽ.ഡി.എഫ് സർക്കാർ വിധേയമാക്കും.

**■ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ബദൽ നിലപാടുകളെ പരിപോഷിപ്പിക്കാനുള്ള കർമ്മ പരിപാടികൾ എന്തായിരിക്കണം?**

കഴിഞ്ഞ എൽ ഡി എഫ് സർക്കാരിൻെറ കാലത്ത് നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കിയ ഉന്നത വിദ്യാ ഭ്യാസ കൗൺസിലിൻെറ നേതൃത്വത്തിൽ നടപ്പിലാക്കി യ ദിശാബോധമുള്ള പരിഷ്ക്കാരങ്ങൾ മുന്നോട്ടു കൊണ്ടു പോകാനുള്ള പരിശ്രമങ്ങളാണ് വേണ്ടത്. ഡോ . പി ബൽറാം, പ്രൊഫ. റൊമീല ഥാപർ, ഡോ. കെ എം പണിക്കർ, ഡോ. യു ആർ അനന്തമൂർത്തി , പ്രൊ ഫ എൻ വിജയൻ, ഡോ. താണു പത്മനാഭൻ തുടങ്ങി യ ഓരോ മേഖലയിലെയും അതി പ്രഗത്ഭന്മരാണ് എൽ ഡി എഫ് സർക്കാരിൻെറ കാലഘട്ടത്തിൽ ഉന്നത വി ദ്യാഭ്യാസമേഖലയെ ഗുണമേന്മയുള്ളതാക്കാനുള്ള പ്രയ ത്നങ്ങൾക്ക് ചുക്കാൻ പിടിച്ചത്. ആ പാതയിലൂടെ കൂ ടുതൽ ഉറച്ച കാല്വയ്പ്പുകളുമായി മുന്നോട്ടു പോ കാൻ കഴിഞ്ഞാൽ അതിൻെറ ഗുണപരമായ സ്വാധീ നം വിദ്യാഭ്യാസ മേഖലയിൽ ഉറപ്പാണ്. പൊതു സമൂ ഹവും അദ്ധ്യാപക വിദ്യാർത്ഥി സംഘടനകളും ചർച്ച ചെയ്ത് വ്യക്തമായ കർമ്മ പരിപാടി രൂപപ്പെടുത്താൻ കഴിയും

**■ കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ സാമുദായിക ശക്തികളുടെ ഇടപെടലുകളും വിലപേശലും മതേതര മൂല്യങ്ങളെ തകർക്കുകയില്ലേ?**

കേരളത്തിലെ എല്ലാ തലങ്ങളിലേയും വിദ്യാഭ്യാ സത്തിൻെറ തുടക്കത്തിലും, വളർച്ചയിലും, ശക്തിപ്പെട ലിലും മതസാമൂഹിക വിഭാഗങ്ങളും ഒററ മാനേജർ സ്ഥാപനങ്ങളും, (രാജാക്കന്മാർക്കു പുറമേ) ശ്ലാഘ നീയമായ സംഭാവന നൽകിയിട്ടുണ്ട്. നവോത്ഥാന പ്ര സ്ഥാനത്തിൻെറ ചൂടും വെളിച്ചവും സാധാരണക്കാരി ലേക്ക് അറിവ് വ്യാപിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. എന്നാൽ പിന്നീട് സ്വകാര്യ മാനേജർമാർ പലരും ലാഭേച്ഛയോടെ ചൂഷണതല്പരരായി മാറി അപ്പോഴും നിസ്സ്വാർത്ഥമായി പ്രവർത്തിച്ചവരും ഇല്ലാതില്ല.

വിമോചന സമരമാണ് മതസാമുദായിക ശക്തി കൾക്ക് വർഗ്ഗീയമായി ഇടതുപക്ഷ വിരുദ്ധ ഇടപെടലി ന് പുറപ്പെടാൻ കളമൊരുക്കിയത് അത് പിന്നീട് പല ഘട്ടങ്ങളിൽ പല രൂപങ്ങളിൽ കൂടുതൽ രൂക്ഷമായി പ്രകടമായി. നവഉദാരവൽക്കരണമെന്ന് ഓമനപ്പേരിൽ അറിയപ്പെടുന്ന മൂലധനാധിപത്യത്തിൻെറ ഘട്ടമായ പ്പോൾ വർദ്ധിത വീര്യത്തോടെ മതസാമുദായിക വർഗ്ഗീ യ ശക്തികൾ ഈ രംഗത്ത് അഴിഞ്ഞാടാൻ തുടങ്ങി. തങ്ങളുടെ വിദ്യാഭ്യാസ കച്ചവടത്തിന് മതസാമുദായി ക പരിവേഷത്തിൻെറ കവചമണിയിച്ച് പ്രതിരോധം ച മയ്ക്കാൻ ചിലർ കൗശലപൂർവ്വം ശ്രമിക്കുന്നു. ഇത് ഗു രുതരമായ ഭീഷണിയാണ്. മതേതര മൂല്യസം രക്ഷണത്തിന് ക്യാമ്പസുകളിൽ അതിവിപുലമായ സ മരവേദി വളർത്തിയെടുക്കുക തന്നെ വേണം.

**■ Peter McLarens നും Nathalia Jaromillo വും എഴുതിയ *Pedagogy and Praxis at the Time of Empire* എന്ന പുസ്തകത്തിൽ The Educational Left' എന്ന പ്രയോഗം ഉണ്ട്. ഈ പ്രയോഗത്തിൻെറ പ്രായോഗി ക രാഷ്ട്രീയം കേരളത്തിൻെറ ഉന്നത വി ദ്യാഭ്യാസ പരിസരത്തിൽ അനിവാര്യമായി തോന്നുന്നില്ലേ?**

അത് ഒരു മുഖ്യമായും ദേശരാഷ്ട്രത്തിൻെറ ഭരണ നേതൃത്വത്തിൽ ഇടതുപക്ഷം എത്തുമ്പോൾ പരിഗ ണിക്കാവുന്ന പരീക്ഷണാശയങ്ങളാണ്. ആ അർത്ഥത്തിൽ അവ വളരെ ശ്രദ്ധേയങ്ങളും ആഴത്തിൽ പഠിക്കേണ്ടവയുമാണ്.

കേരളത്തിലെ ഇടതുപക്ഷ ഗവൺമെൻറുകളുടെ അ ജണ്ടയുടെ സ്വഭാവത്തിൽ വലിയ വ്യത്യസമുണ്ട്. ഇന്ത്യൻ ഭരണകൂടത്തിൻെറ പൊതു ആധിപത്യത്തിന് കീഴിൽ നിന്നാണ് ഓരോ സംസ്ഥാന ഭരണവും പ്ര വർത്തിക്കേണ്ടത്.മോദിയ്ക്ക് കീഴിൽ കൂടുതൽ അമി താധികാരപരമാണ് കാര്യങ്ങൾ 1975 ലെ അടിയന്തരാ വസ്ഥ ഭീകരതയ്ക്കിടയിൽ സംസ്ഥാന പട്ടികയിൽ നിന്ന് വിദ്യാഭ്യാസത്തെ സംയുക്ത(കൺകറൻറ്) പട്ടി കയിലേക്ക് മാററി,ഫലത്തിൽ കേന്ദ്ര നിയന്ത്രണത്തിൽ ആകുകയും ചെയ്തു.

ഇതൊക്കെയാണെിലും ഫെഡറൽ ഘടന യ്ക്കുള്ളിൽ നിന്നുകൊണ്ടുള്ള അന്വേഷണങ്ങൾക്ക് കേ രളം പോലെയുള്ള ഇടങ്ങളിൽ ഇടതുപക്ഷ നേതൃ ത്വത്തിലുള്ള സർക്കാരുകൾ ശ്രമിക്കുമ്പോൾ പീററർ മ ക് ലാറനെ പോലുള്ളവരുടെ കരുത്തുററ നിർദ്ദേശങ്ങൾ വഴികാട്ടുമെന്നതിൽ സംശയമില്ല. ഇക്കോ പെഡഗോ ജി (Eco Pedogogy) പോലുള്ള ആശയങ്ങൾ വിമർശനാ ത്മക ബോധന ശാസ്ത്രത്തിൻെറ വികസനതലങ്ങളിൽ ഒന്നായി അത് ചൂണ്ടിക്കാട്ടുന്നത് ശ്രദ്ധേയമാണ്.

എല്ലാ സമ്പത്തിൻെറയും രണ്ട് മൂലസ്രോതസുക ളായ ഭൂമിയേയും മനുഷ്യനേയും ഊററി വററിയ്ക്കുന്ന മൂലധനത്തിൻെറ അതിഘോരമായ ചൂഷണഭ്രാന്ത് ലോ കത്തെ വീണ്ടെടുക്കാൻ ആവാത്ത തരം തകർച്ചയി ലേക്ക് നയിച്ചു കൊണ്ടിരിക്കുമ്പോൾ അഭയമായി മുന്നി



**അക്കാദമികജീവിതംകൊണ്ടും സാമൂഹികജീവിതംകൊണ്ടും വിദ്യാർത്ഥികൾക്കും സമൂഹത്തിനും ജ്വലിക്കുന്ന മാതൃകയാവാനും അദ്ധ്യാപകർക്കു കഴിയണം. വാക്കിലും പ്രവൃത്തിയുലം ഇടതുപക്ഷ ജീവിത ബദലുകൾ സൃഷ്ടിക്കാൻ നമുക്ക് ശ്രദ്ധിക്കേണ്ടതുണ്ട്.**

ലുള്ള ഒരോ ഒരു പോംവഴിയാണ് ശാസ്ത്രീയ സോഷ്യലിസം. എല്ലാ പഠനങ്ങളുടെയും അടിത്തറയായി വർത്തിക്കേണ്ടത് ഈ ദാർശനിക ബോധമാണെന്ന് പീറ്റർ മക് ലാറൻെറ നിലപാട്. തീർച്ചയായും യഥാർത്ഥ ഇടതുപക്ഷ ഗവൺമെൻറിന് ഈ ഒരു നിലപാടാണ് എടുക്കുവാൻ കഴിയേണ്ടത് എന്നാൽ കേരള സംസ്ഥാന സർക്കാരിൻെറ പരിമിതികൾ ഒരു പരിധി വരെ മാത്രമേ പ്രസ്തുത സമീപനത്തിൽ നിന്ന് പ്രചോദനമുൾക്കൊള്ളുവാൻ ഇടതുപക്ഷ ഗവൺമെൻറുകളെ അനുവദിക്കുകയുള്ളു.

■ **വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും സ്വകാര്യവല്ക്കരിക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ഈ കാലാവസ്ഥയിൽ സംഘടിത അദ്ധ്യാപക പ്രസ്ഥാനങ്ങളുടെ കടമകളെ എങ്ങനെ അടയാളപ്പെടുത്തുന്നു?**

സംഘടിത അദ്ധ്യാപക പ്രസ്ഥാനം വിദ്യാഭ്യാസത്തിൻെറ കരിച്ചന്ത കച്ചവട വല്ക്കരണത്തിനും വർഗ്ഗീയവൽക്കരണത്തിനും ഗുണനിലവാരം ചൂഷണത്തിനുമെതിരായി സ്വതന്ത്രമായും ഇത്തരം സംഘടനകളുമായും സഹകരിച്ച് ശക്തമായ പോരാട്ടങ്ങളും അക്കാദമിക സംവാദങ്ങളും വളർത്തിയെടുക്കണം.

ഈ പോരാട്ടങ്ങൾക്ക് നല്ലനിലയിൽ അക്കാദമികമായ ഉള്ളടക്കം കൂടി കൊടുക്കാനാവണം. പോരായ്മകൾ ഉള്ള പാഠ്യക്രമത്തെ വിമർശനപരമായി സമീപിക്കാൻ വിദ്യാർത്ഥികളെ ബൗദ്ധികമായി പ്രാപ്തരാക്കണം. അക്കാദമികജീവിതം കൊണ്ടും സാമൂഹികജീവിതം കൊണ്ടും വിദ്യാർത്ഥികൾക്കും സമൂഹത്തിനും ജ്വലിക്കുന്ന മാതൃകയാവാനും അദ്ധ്യാപകർക്കു കഴിയണം. വാക്കിലും പ്രവൃത്തിയുലം ഇടതുപക്ഷ ജീവിത ബദലുകൾ സൃഷ്ടിക്കാൻ നമുക്ക് ശ്രദ്ധിക്കേണ്ടതുണ്ട്.

സമൂഹത്തിലും കുടുംബത്തിലും സ്വജീവിതത്തിലും പോരായ്മകൾക്കും തെററുകൾക്കും അനീതികൾക്കുമെതിരായ വിരാമമില്ലാത്ത സമരമായി നമുക്കോരുത്തർക്കും മാറാനാവണം



# ഇടതുപക്ഷത്തേക്ക് തിരിയുന്ന ലോകം



**കെ.ടി.കുഞ്ഞിക്കണ്ണൻ**
*ഡയറക്ടർ, കേളുവേട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്*

സോവിയറ്റ് യൂണിയന്റെയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെയും തകർച്ചക്ക് ശേഷം മുതലാളിത്ത ചിന്താലോകം പ്രത്യയശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും അന്ത്യം പ്രഖ്യാപിച്ച് പ്രചണ്ഡമായ കമ്യൂണിസ്റ്റ് വിരുദ്ധ പ്രചാരവേലയിലായിരുന്നു. ആഗോളവൽക്കരണത്തിന് ബദലുകളില്ല എന്നായിരുന്നു മുതലാളിത്തം വിജയഭേരിമുഴക്കിയത്. അമേരിക്കൻ ചിന്താസംഭരണികളും സാമുവൽഹണ്ടിങ്ങ്ടിനെപോലുള്ള വംശീയതയുടെ പ്രത്യയശാസ്ത്രകാരന്മാരും മർഡോക്കിനെപോലുള്ള മാധ്യമരാക്ഷസന്മാരുമാണ് ഈ കമ്യൂണിസ്റ്റ് വിരുദ്ധ പ്രചാരവേലക്ക് നേതൃത്വം വഹിച്ചത്. എന്നാലിന്ന് സോഷ്യലിസത്തിനും മനുഷ്യവിമോചനത്തിന്റെ തത്വശാസ്ത്രമായ മാർക്സിസത്തിനും മരണം വിധിച്ച മുതലാളിത്ത പ്രചാരവേലകളെ അപ്രസക്തമാക്കുംവിധം ഇടതുപക്ഷ മുന്നേറ്റങ്ങൾ ലോകമെമ്പാടും വളർന്നുവരികയാണ്. അപരിഹാര്യമായ മുതലാളിത്ത പ്രതിസന്ധി മാർക്സിന്റെ മുതലാളിത്തവിമർശനങ്ങളെ ശരിവെക്കുകയാണ്. സോഷ്യലിസവും മാർക്സിസവും കാലഹരണപ്പെട്ടുവെന്ന വാദം ബൂർഷ്വാപണ്ഡിതന്മാർക്കുപോലും ഉന്നയിക്കാനാവാത്തവിധം ലോകമെമ്പാടും നവലിബറൽ നയങ്ങൾക്കെതിരായ തൊഴിലാളികളുടെയും പാർശ്വവൽക്കൃത ജനസമൂഹങ്ങളുടെയും സമരങ്ങൾ അലയടിച്ചുയരുകയാണ്. ആഫ്രിക്ക മുതൽ അമേരിക്കവരെ പടരുന്ന തൊഴിലാളികളുടെയും മർദ്ദിതരുടെയും പോരാട്ടമുഖങ്ങളിൽ മാർക്സാണ് ശരിയെ

ന്നതുപോലുള്ള ബാനറുകൾ ഉയർത്തപ്പെടുകയാണ്. ചിന്താലോകത്ത് മാത്രമല്ല നിയോലിബറലിസത്തിനെതിരായ പോരാട്ടമുഖങ്ങളിലും സോഷ്യലിസവും അതിന്റെ ദാർശനിക അടിത്തറയായ മാർക്സിസവും മുതലാളിത്തത്തിനെതിരായ ബദൽ രാഷ്ട്രീയത്തിന്റെ അടിസ്ഥാനമാണെന്ന തിരിച്ചറിവ് വ്യാപകമായിക്കൊണ്ടിരിക്കുന്നു.

മുതലാളിത്ത പ്രതിസന്ധിയും അത് സൃഷ്ടിക്കുന്ന അരാജകവും പ്രതിലോമകരവുമായ സാംസ്കാരിക അന്തരീക്ഷം സംഘടിത ഇടതുപക്ഷ ശക്തികളിൽ അവിശ്വാസം സൃഷ്ടിക്കാനുള്ള വലതുപക്ഷ ശ്രമങ്ങൾക്ക് ഭൗതിക പരിസരം ഒരുക്കിക്കൊടുക്കുന്നുണ്ട്. ചിന്താപരമായ എല്ലാവിധ അശുഭാപ്തിവിശ്വാസങ്ങളെയും ഇച്ഛയുടെ ശുഭാപ്തിവിശ്വാസംകൊണ്ട് മറികടക്കാനുള്ള ശ്രമകരമായ പ്രവർത്തനങ്ങളാണ് ലോകമെമ്പാടും ഇടതുപക്ഷശക്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും എഷ്യനാഫ്രിക്കൻ രാജ്യങ്ങളിലും അമേരിക്കയും യൂറോപ്പും ഉൾപ്പെടുന്ന വികസിത മുതലാളിത്ത രാജ്യങ്ങളിലും നിയോലിബറൽ നയങ്ങൾക്കെതിരായി തൊഴിലാളി വർഗം ഇടതുപക്ഷ ബദലിന്റെ രാഷ്ട്രീയം ഉയർത്തിപ്പിടിച്ച് അനിഷേധ്യമായ മുന്നേറ്റങ്ങളാണ് കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. തീക്ഷ്ണമാകുന്ന മുതലാളിത്ത പ്രതിസന്ധി ദുരിതങ്ങളും കഷ്ടപ്പാടുകളും കൊണ്ട് ഭൂമണ്ഡലങ്ങളിലാകെ മനുഷ്യജീവിതത്തെ നരകതുല്യമാക്കിയിരിക്കുകയാണ്. ഇതിനെതിരായ ചെറുത്തുനിൽപുകൾക്ക് ഇന്ന് ലോകമെമ്പാടും ദിശാബോധം നൽകുന്നത് ഇടതുപക്ഷ രാഷ്ട്രീയമാണ്. മുതലാളിത്ത ഉൽപാദനവ്യവസ്ഥയുടെ കേന്ദ്രസ്ഥാനത്തു വർത്തിക്കുന്ന ചരിത്രത്തിലെ ഏറ്റവും വികസിച്ച വർഗമാണ് തൊഴിലാളിവർഗം. ചൂഷണരഹിതമായ ഒരു പുതിയ സാമൂഹ്യവ്യവസ്ഥക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ എല്ലാവിഭാഗം ജനങ്ങളെയും ഒന്നിച്ചണിനിരത്താൻ കഴിയുന്ന വർഗം എന്നനിലയിലാണ് തൊഴിലാളിവർഗ രാഷ്ട്രീയവും ഇടതുപക്ഷ ബദലും പ്രസക്തമാവുന്നത്.

ലോകം ആഗോളഫൈനാൻസ് മൂലധനവ്യവസ്ഥ സൃഷ്ടിക്കുന്ന സർവവൈരുദ്ധ്യങ്ങളുടെയും സംഘട്ടനങ്ങളുടെയും അത്യന്തം പ്രക്ഷുബ്ധമായ ഒരു സാഹചര്യത്തിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. മൂലധനവും അധ്വാനവും തമ്മിലുള്ള വൈരുദ്ധ്യം അങ്ങേയറ്റം തീക്ഷ്ണമായിരിക്കുന്നു. സാമ്രാജ്യത്വവും സോഷ്യലിസ്റ്റ് ശക്തികളും മർദ്ദിത രാജ്യങ്ങളും ജനതകളും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ പലതലങ്ങളിലും വിതാനങ്ങളിലുമുള്ള പ്രതിഫലനമാണ് ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന സംഘട്ടനങ്ങളും സംഘർഷങ്ങളുമെല്ലാം. ഇടിഞ്ഞുകൊണ്ടിരിക്കുന്ന കൂലിയും വർദ്ധിതമായിക്കൊണ്ടിരിക്കുന്ന അസമത്വങ്ങളുമാണ് നിയോലിബറൽ നയങ്ങൾ ലോകജനതക്ക് നൽകിയിരിക്കുന്നത്. ഇതിനെല്ലാമെതിരായ പ്രക്ഷോഭങ്ങളും ജനമുന്നേറ്റങ്ങളും ലോകത്തിന്റെ എല്ലാമേഖ



ലകളിലും ഏറിയും കുറഞ്ഞും പ്രകടമാണ്.

2014 മെയിൽ യൂറോപ്യൻ യൂണിയൻ പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പ് ഫലങ്ങൾ ഐ.എം.എഫിന്റെ ചെലവുചുരുക്കൽ നയങ്ങൾക്കെതിരായ ശക്തമായ പ്രവണത വെളിവാക്കുകയുണ്ടായി. യൂറോപ്യൻ യൂണിയനും ഐ.എം.എഫും അടിച്ചേൽപ്പിച്ച പരിഷ്കാരങ്ങളുടെ നടത്തിപ്പുകാരായ സർക്കാറുകൾക്കെതിരെ ശക്തമായ പ്രതിഷേധമാണ് സമ്മതിദാന അവകാശം ഉപയോഗിച്ചുകൊണ്ട് ജനങ്ങൾ പ്രകടിപ്പിച്ചത്. പരമ്പരാഗതവും യാഥാസ്ഥിതികവുമായ വലതുപക്ഷപാർടികൾക്ക് പിന്തുണ കുറയുകയും സീറ്റുകളിൽ ഇടിവുണ്ടാകുകയും ചെയ്തു. എന്നാൽ അന്യരാജ്യവിരോധത്തെയും കുടിയേറ്റകാർക്കെതിരായ വംശീയവികാരത്തെയും യൂറോപ്യൻ യൂണിയനെതിരായ വാചകമടിയെയും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന തീവ്രവലതുപക്ഷ ശക്തികൾക്ക് ഗണ്യമായ വോട്ട് നേടാൻ കഴിഞ്ഞു. ഇന്ത്യയിൽ എന്നപോലെ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലും തീവ്രവലതുപക്ഷം ശക്തിപ്പെടുന്നതിന്റെ സൂചനയാണ് തെരഞ്ഞെടുപ്പ് ഫലങ്ങൾ നൽകിയത്. എന്നാൽ ശ്രദ്ധേയമായ കാര്യം സോഷ്യൽ ഡമോക്രാറ്റിക് പാർടികളുടെ സീറ്റും അവർക്ക് ലഭിച്ച വോട്ട് ശതമാനവും കുറഞ്ഞപ്പോൾ ഇടതുപക്ഷ-കമ്യൂണിസ്റ്റ് - ഗ്രീൻപാർടികൾക്ക് നിലമെച്ചപ്പെടുത്താൻ കഴിഞ്ഞു എന്നതാണ്. യൂറോപ്യൻ പാർലമെന്റിൽ ഇടതുപക്ഷ സഖ്യത്തിന് നേരത്തെയുണ്ടായിരുന്ന 35 സീറ്റുകൾ 45 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കമ്യൂണിസ്റ്റ് പാർടിക്ക് 6% വോട്ട് നേടാനും കഴിഞ്ഞു. ഇടതുപക്ഷപാർടികൾ പോർച്ചുഗൽ, ഗ്രീസ്, സ്പെയിൻ എന്നീ രാജ്യങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിലും നേട്ടമുണ്ടാക്കി എന്നത് എടുത്തുപറയേണ്ടകാര്യമാണ്.

ഇപ്പോൾ ഏറ്റവുമൊടുവിൽ നിയോലിബറൽ മുതലാളിത്തത്തിന്റെ ദുർബല കണ്ണി എന്നുവിശേഷിപ്പിക്കുന്ന ഗ്രീസിൽ ഇടതുപക്ഷം അധികാരത്തിലെത്തിയിരിക്കുകയാണ്. വിവിധ കമ്യൂണിസ്റ്റ് ഗ്രൂപ്പുകളും പരിസ്ഥിതി-സ്ത്രീവാദി വിഭാഗങ്ങളും വർക്കേഴ്സ് പാർടികളും ഉൾക്കൊള്ളുന്ന വിശാലമായൊരു ഇടതുപക്ഷസഖ്യമാണ് സിരിസ. യൂറോപ്യൻസെൻട്രൽ ബാങ്കും ഐ.എം.എഫും അടിച്ചേൽപ്പിച്ച വ്യവസ്ഥകൾ കടക്കെണിയിലേക്ക് തള്ളിയിട്ട രാജ്യമാണ് ഗ്രീസ്. കടപ്രതിസന്ധിയും ചെലവുചുരുക്കലും ഗ്രീസിനെ തകർക്കുകയും തൊഴിലാളിവർഗ പ്രക്ഷോഭങ്ങൾ വളർത്തുകയും ചെയ്തിരുന്നു. 'സോവറിൻ ക്രൈസിസ്' എന്ന് വിശേഷിപ്പിക്കുന്ന രാജ്യങ്ങളുടെ പരമാധികാരത്തെ തന്നെ തകർക്കുന്ന നിയോലിബറൽ പ്രതിസന്ധിക്കെതിരായ പോരാട്ടങ്ങളിലൂടെയാണ് അലക്സിസ് സിപ്രാസിന്റെ നേതൃത്വത്തിലുള്ള സിരിസ അധികാരത്തിലെത്തുന്നത്. കടപ്രതിസന്ധി ഉൾപ്പെടെയുള്ള നിയോലിബറലിസം സൃഷ്ടിച്ച സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് ഇടതുപക്ഷത്തിന്റേതായ ബദൽ സമീപനം നടപ്പാക്കാനാണ് സിപ്രസ് സർക്കാർ ശ്രമിക്കുന്നത്. കടം തിരിച്ചടക്കാനായി ചെലവുചുരുക്കൽ പരിഷ്കാരങ്ങൾ തുടരാനാകില്ലെന്ന് സിപ്രസ് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. യൂറോപ്യൻ യൂണിയന്റെ അധിനായകന്മാരായ മുതലാളിത്ത ഭരണാധികാരികളെ വെല്ലുവിളിച്ചുകൊണ്ട് നിയോലിബറൽ നയങ്ങളിൽനിന്ന് പിന്തിരിയാനുള്ള സിരിസ സർക്കാരിന്റെ നയപരമായ നീക്കങ്ങൾ ഫലപ്രാപ്തിയിലെത്തുമോ എന്നാണ് ലോകം കാത്തിരിക്കുന്നത്. അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും പ്രത്യയശാസ്ത്രപരമായ സ്ഥൈര്യവും സിരിസക്കുണ്ടാകണമെന്നാണ് ഗ്രീസിലെ കമ്യൂണിസ്റ്റ് ഗ്രൂപ്പുകൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

2014 അവസാനം ജപ്പാൻ പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർടിക്ക് 21 സീറ്റ് നേടാനായി. 2012-ൽ 8 സീറ്റ് മാത്രമാണ് ജെ.സി.പിക്ക് ഉണ്ടായിരുന്നത്. മുതലാളിത്ത പ്രതിസന്ധിയും അത് ജപ്പാന്റെ സാമൂഹ്യസാമ്പത്തികമേഖലകളിലുണ്ടാക്കിയ ആഘാതങ്ങളും പുതിയ തലമുറയിൽ മാർക്സിസത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിച്ചതായുള്ള റിപ്പോർട്ടുകൾ നേരത്തെത്തന്നെ ജപ്പാനിൽ നിന്നു വന്നിട്ടുള്ളതാണ്. ജപ്പാൻ കമ്യൂണിസ്റ്റ് പാർടി 3 പ്രധാന മുദ്രാവാക്യങ്ങളെ കേന്ദ്രീകരിച്ചാണ് തെരഞ്ഞെടുപ്പ് പ്രചാരണം നടത്തിയത്. ആബെസർക്കാരിന്റെ നവഉദാരവൽക്കരണ നയത്തെ അവർ ശക്തമായി എതിർത്തു. ഫുക്കിഷിമ ആണവനിലയം തുറക്കാനുള്ള നീക്കങ്ങൾക്കെതിരെയും വിദേശരാജ്യങ്ങളിൽ സൈന്യത്തെ അയക്കുന്ന ഭരണഘടനാഭേദഗതിക്കെതിരെയും അവർ ശക്തമായ നിലപാട് സ്വീകരിച്ചു. അമേരിക്കയുമായി ഉണ്ടാക്കിയ സുരക്ഷാകരാർ പിൻവലിക്കണമെന്ന ക്യാമ്പയിൻ ജെ.സി.പി നേരത്തെ ആരംഭിച്ചതാണ്.

ജർമ്മനിയിലെ ട്യൂറിംഗ സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർടി അധികാരത്തിൽ എത്തിയിരിക്കുകയാണ്. പശ്ചിമയൂറോപ്പിലെ ഈ വിജയം ലോക സാമ്രാജ്യത്വത്തിന് കിട്ടിയ വലിയൊരു പ്രഹരമാണ്. സോവിയറ്റ് യൂണിയന്റെയും കിഴക്കൻ യൂറോപ്പിന്റെയും തകർച്ചക്ക്ശേഷം കാൽനൂറ്റാണ്ട് കഴിയുമ്പോൾ ജർമ്മനിയിൽ കമ്യൂണിസ്റ്റുകാർ തിരിച്ചുവരികയാണ്. സോഷ്യലിസ്റ്റ് കിഴക്കൻ ജർമ്മനിയും പടിഞ്ഞാറൻ ജർമ്മനിയും തമ്മിലുള്ള സംയോജനത്തിനുശേഷം കമ്യൂണിസ്റ്റ് പാർടി കിഴക്കൻ ജർമ്മനിയിൽ പുതിയ പേരിലാണ് പ്രവർത്തനമാരംഭിച്ചത്. മുമ്പ് കിഴക്കൻ ജർമ്മനി ഭരിച്ച സോഷ്യലിസ്റ്റ് യൂണിറ്റി പാർടിയുടെ പുതിയ രൂപമായ ഡിലിങ്കെ എന്ന പാർടിയാണ് ട്യൂറിംഗയിൽ അധികാരത്തിൽ എത്തിയത്. ആ പാർടിയുടെ നേതാവായ ബോഡോ റാമലോവ് ട്യൂണിംഗാ സംസ്ഥാനത്തിന്റെ പ്രധാനമന്ത്രിയായി. ജർമ്മൻ ചാൻസലർ ആംഗലാ മെർക്കൽ കടുത്ത പ്രചരണമാണ് തെരഞ്ഞെടുപ്പ് ഘട്ടത്തിൽ കമ്യൂണിസ്റ്റുകാർക്കെതിരെ നടത്തിയത്. കാൾമാർക്സിനെ ട്യൂറിംഗയുടെ പ്രധാനമന്ത്രി ഓഫീസിൽ പ്രവേശിപ്പിക്കരുത് എന്ന മെർക്കലയുടെ ആഹ്വാനം ജർമ്മൻ ജനത തള്ളിക്കളയുകയായിരുന്നു. ട്യൂറിംഗയിലെ ഇടതുപക്ഷ വിജയം ജർമ്മൻ രാഷ്ട്രീയത്തിൽ വലിയ

ചലനങ്ങൾക്ക് തുടക്കം കുറിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബാൾക്കൻ മേഖലയിൽ ഇതിന്റെ പ്രതിഫലനങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്.

സാമ്രാജ്യത്വത്തിന്റെ നിയോലിബറൽ നയങ്ങൾക്കെതിരായ സോഷ്യലിസ്റ്റ് ബദലിന്റെ പുതിയ പരീക്ഷണഭൂമിയായി ലാറ്റിനമേരിക്ക മാറിയിരിക്കുന്നു. 1990-ൽ സോവിയറ്റ് യൂണിയന്റെയും കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും തിരോധാനത്തിന് ശേഷം ലോകസാമ്രാജ്യത്വം മുതലാളിത്തത്തിന് ബദലുകളില്ലെന്ന് വിജയഭേരി മുഴക്കുകയായിരുന്നു. അവർ അഹന്താപൂർവം പ്രഖ്യാപിച്ചത് സോഷ്യലിസ്റ്റ് ചേരി അവസാനിച്ചുവെന്നും മുതലാളിത്ത വാഴ്ചയുടേതായ ഏകധ്രുവലോകം സൃഷ്ടിക്കപ്പെട്ടു എന്നുമാണ്. കമ്യൂണിസത്തിന് മരണം വിധിച്ചുകൊണ്ടുള്ള ഈ പ്രചണ്ഡമായ പ്രചാരവേലകൾക്ക് ലാറ്റിനമേരിക്കൻ രാജ്യങ്ങളാണ് പ്രതിരോധത്തിന്റെ പുതിയ രൂപങ്ങളുയർത്തി മറുപടി നൽകിയത്. ലോകത്തിൽ വർഗസംഘർഷത്തിന്റെ കാലം അവസാനിച്ചിട്ടില്ലെന്ന് മുതലാളിത്തവാഴ്ചയുടെ ഏകധ്രുവക്രമത്തെ വെല്ലുവിളിച്ചുകൊണ്ട് ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ ഇടതുപക്ഷ വിമോചന പ്രസ്ഥാനങ്ങൾ പുതിയ ബദലുകൾ ഉയർത്തിക്കൊണ്ട് ലോകജനതയ്ക്ക് ആവേശം നൽകി. കഴിഞ്ഞ 15 വർഷക്കാലത്തിനിടയ്ക്ക് ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ അധികാരത്തിൽവന്ന ഇടതുപക്ഷ ലിബറൽ ഭരണകൂടങ്ങൾ 21-ാം നൂറ്റാണ്ടിലെ സോഷ്യലിസ്റ്റ് മാതൃകയുടെ പുതിയ ബദലുകൾ വളർത്തിക്കൊണ്ടുവരികയായിരുന്നു. സി.പി.ഐ(എം) 20-ാം പാർടി കോൺഗ്രസിന്റെ പ്രത്യയശാസ്ത്ര രേഖയിൽ ഇത്തരം ഗവൺമെന്റുകളെ ഇളംചുവപ്പ് നിറത്തിലുള്ള സോഷ്യലിസ്റ്റ് ശക്തികളായിട്ടാണ് വിലയിരുത്തിയിട്ടുള്ളത്.

അമേരിക്കൻ ഐക്യനാടിന് തൊട്ടുതെക്കോട്ട് കിടക്കുന്ന മെക്സിക്കോ, ഗ്വാട്ടിമല, ബലീസ്, ഹോണ്ടുറാസ്, എൽസാൽവദോർ, നിക്കാരഗ്വ, കോസ്റ്ററിക്ക, പനാമ തുടങ്ങിയ രാജ്യങ്ങൾ പൊതുവെ മധ്യഅമേരിക്കൻ രാഷ്ട്രമെന്നാണ് അറിയപ്പെടുന്നത്. അമേരിക്കൻ വൻകരയുടെ ഭാഗമായ പനാമയുടെ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന 13 രാഷ്ട്രങ്ങളാണ് തെക്കെ അമേരിക്കയിലുള്ളത്. വെനിസ്വല, കൊളംബിയ, ഗയാന, സൂരിന, ഫ്രഞ്ച് ഗയാന, ബ്രസീൽ, ഇക്വഡോർ, പെറു, ബൊളീവിയ, ഉറുഗ്വ, പരാഗ്വ, ചിലി, അർജന്റീനിയ തുടങ്ങിയ രാജ്യങ്ങൾ. ഒന്നര ഡസനോളം വരുന്ന കരീബിയൻ ദ്വീപ് സമൂഹങ്ങളും കൂടി ചേർന്നതാണ് ലാറ്റിനമേരിക്ക എന്ന ഭൂഖണ്ഡം. സാമ്രാജ്യത്വവിരുദ്ധസമരത്തിന്റെ സുദീർഘചരിത്രമുള്ള ലാറ്റിനമേരിക്ക വിമോചനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അഗ്നിജ്വാലകൾ പടർത്തിയ ജനസമൂഹങ്ങളുടെ നാടാണ്. നിയോലിബറൽ നയങ്ങൾക്കെതിരായ പോരാട്ടത്തിൽ വലിയ പങ്കാണ് ലാറ്റിനമേരിക്ക വഹിച്ചുകൊണ്ടിരിക്കുന്നത്. ക്യൂബയിലെ കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെയും മഹാനായ ഫിഡൽകാസ്ട്രോവിന്റെയും മാർഗദർശനത്തിലാണ് ലാറ്റിനമേരിക്ക വലിയ മുന്നേറ്റങ്ങൾ നടത്തിയിട്ടുള്ളത്. ക്യൂബയെ തുടർന്ന് വെനിസ്വലയും ഷാവേസും ലാറ്റിനമേരിക്കയിൽ പടർത്തിയ ഇടതുപക്ഷ തരംഗം എല്ലാവിധ സാമ്രാജ്യത്വ കുത്തിതിരുപ്പുകളെയും അതിജീവിച്ച് മുന്നേറുകയാണ്. 1999 മുതൽ 2013 വരെ തുടർച്ചയായി 14 വർഷം മരണത്തിന് കീഴടങ്ങുന്നതുവരെ ഷാവേസ് വെനിസ്വലയുടെ പ്രസിഡന്റായിരുന്നു. 2000-ൽ ചിലിയിൽ റിക്കാർഡോലാങ്കോസിന്റെ നേതൃത്വത്തിൽ ഇടതുപക്ഷം അധികാരത്തിലെത്തി. 2003-ൽ ബ്രസീലിൽ ലൂലാഡിസിൽവ അധികാരത്തിലെത്തി. 2003-ൽ അർജന്റീനയിൽ നെസ്റ്റർ കിച്ചനറുടെ നേതൃത്വത്തിൽ ഇടതുപക്ഷം അധികാരത്തിലെത്തി. 2005-ൽ ഉറുഗ്വയിൽ ടഹാരെവാസ്കലസ് അധികാരത്തിലെത്തി. 2006-ൽ ബൊളീവിയയിൽ ഇവാമൊറേയി. 2006-ൽ ഹോണ്ടുറാസിൽ മാന്വൽസലൈയ്യ. 2007-ൽ ഇക്വഡോറിൽ റാഫേൽ കൊറിയ. നിക്കരാഗ്വയിൽ ഡാനിയൽഒർട്ടേഗ. 2008-ൽ പരാഗ്വയിൽ ഫെർണാണ്ടോലൂഗോ. 2009-ൽ എൽസാൽവദോറിൽ മൗറിക്കോഫ്യൂണസ്. 2011-ൽ പെറുവിൽ ബൊലാന്റോ ഹുവാല. ഷാവേസിന്റെ മരണത്തെത്തുടർന്ന് വെനിസ്വലയിൽ 2013-ൽ നിക്കൊളാസ് മഡുറെ അധികാരത്തിലെത്തി.

2014-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഇവാമൊറാലിസ് ബൊളീവിയയിൽ മൂന്നാം തവണയും അധികാരത്തിലെത്തി. ബ്രസീലിൽ ദിൽമാറൂസെഫ് രണ്ടാംതവണയും പ്രസിഡന്റ് പദത്തിലെത്തിയിരിക്കുന്നു. എൽസാൽവദോറിൽ മാർക്സിസ്റ്റ് ഗറില്ലാപോരാളിയായിരുന്ന സാഞ്ചസ്സെരൻ വീണ്ടും അധികാരത്തിലെത്തിയിരിക്കുന്നു. കൊളംബിയയിൽ യുവാൻമാന്വൽസാന്റോസ് വീണ്ടും അധികാരത്തിലെത്തി. കോസ്റ്ററിക്കയിൽ ഇടതുപക്ഷ സിറ്റിസൺസ് പാർടി നേതാവായ ലൂയിസ്ഗ്വിലർമോസോരീസ് അധികാരത്തിലെത്തി. ഉറുഗ്വയിൽ മാർക്സിസ്റ്റ് ഗറില്ലാനേതാവായ ജോസ്മുജിക്ക അധികാരത്തിലെത്തി. വെനിസ്വലയിൽ നിക്കോളാസ്മഡൂറോ, ക്യൂബയിൽ റൗൾകാസ്ട്രോ, നിക്കരാഗ്വയിൽ ഡാനിയൽഒർട്ടേഗ, ഇക്വഡോറിൽ റാഫേൽകൊറിയ, ചിലിയിൽ മിഷേൽബാഷ്‌ലെ എന്നീ ഇടതുപക്ഷ നേതാക്കൾ അധികാരത്തിൽ ഇരിക്കുകയാണ്. 11 ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ തുടർച്ചയായ സോഷ്യലിസ്റ്റ് ശക്തികളുടെ നേതൃത്വത്തിലുള്ള ഭരണമാണ് നടക്കുന്നത്.

ആഗോള സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ച പ്രഹരങ്ങളെയും മാന്ദ്യത്തെയും അതിജീവിച്ചുകൊണ്ട് സോഷ്യലിസ്റ്റ് ചൈന ലോകത്തിലെ ഒന്നാമത്തെ സാമ്പത്തികശക്തിയായി മാറിയിരിക്കുകയാണ്. മുതലാളിത്ത സമ്പദ്ഘടനകൾ 2008-ൽ ആരംഭിച്ച പ്രതിസന്ധിയിൽ നിന്നും കരകയറാനാവാത്ത വിഷമസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. എന്നാൽ മുതലാളിത്തത്തിന്റെ ജന്മസിദ്ധമായ കുഴപ്പങ്ങളില്ലാത്ത ചൈനയുടെ സോഷ്യലിസ്റ്റ് സമ്പദ്ഘടന അമേരിക്കയെയും മറികടന്ന് വളർച്ചാനിരക്കിന്റെ കാര്യത്തിൽ സ്ഥിരത നിലനിർത്തുകയാണ്. 2013-ൽ തന്നെ ലോകത്തിലേറ്റവും വലിയ സമ്പദ്ഘടന എന്ന സ്ഥാനം കൈയാളുന്ന അമേരിക്കയെ പുറംതള്ളി 2014-ൽ

ഒന്നാം സ്ഥാനത്തെത്തുമെന്ന വിലയിരുത്തലുകൾ മുന്നോട്ടുവെക്കപ്പെട്ടിരുന്നു. ഐ.എം.എഫിന്റെ 2014-ലെ മധ്യവാർഷിക അവലോകന റിപ്പോർട്ടിൽ തന്നെ ചൈനയുടെ വളർച്ചാനിരക്ക് 7.4% ആയിരിക്കുമെന്ന് കണക്കാക്കിയിരുന്നു. ആഗോളസാമ്പത്തിക വളർച്ചാനിരക്ക് 3.4% ആയിരിക്കുമെന്ന വിലയിരുത്തൽ മുന്നോട്ടുവെച്ച ഐ.എം.എഫ് ചൈനയുടെ മുന്നേറ്റം അനിഷേധ്യമായിരിക്കുമെന്ന് സമ്മതിക്കുകയും ചെയ്തു. ചൈനീസ് ഗവൺമെന്റ് വളർച്ചയുടെ ഗുണനിലവാരം ഉയർത്തുന്നതിലും സമ്പദ്ഘടനയുടെ പുനസംഘടനയിലും കേന്ദ്രീകരിച്ചിരിക്കുകയാണ് എന്ന വസ്തുത ബൂർഷ്വാ പണ്ഡിതന്മാർക്ക് പോലും അംഗീകരിക്കേണ്ടിവന്നു. മുതലാളിത്ത ലോകത്തെ സമ്പദ്ഘടനകളുടെ മാന്ദ്യം തുടരുകയും വീണ്ടെടുപ്പ് ദുർബലമായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ചൈനയുടെ ഈ മുന്നേറ്റം. മുതലാളിത്ത സമ്പദ്ഘടനകളെ അപേക്ഷിച്ച് ജനകീയ ചൈനയുടെ സമ്പദ്ഘടന കൈവരിക്കുന്ന ഈ നേട്ടം മുതലാളിത്തത്തിന് ബദൽ സോഷ്യലിസമാണെന്ന മാർക്സിസ്റ്റ് കാഴ്ചപ്പാടുകൾക്ക് ശക്തിപകരുന്നതാണ്. ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ 18-ാം കോൺഗ്രസ് വിഭാവനം ചെയ്തത് പൊതുഉടമസ്ഥത മുഖ്യധാരയായിട്ടുള്ള സമ്പദ് വ്യവസ്ഥയെ ഉയർത്തിപ്പിടിക്കുമെന്നാണ്. അതിനോടൊപ്പംതന്നെ വ്യത്യസ്ഥ ഉടമസ്ഥതയിലുള്ള സാമ്പത്തിക സ്ഥാപനങ്ങൾ വികസിപ്പിക്കുകയും വേണമെന്ന് 18-ാം പാർടി കോൺഗ്രസ് ആഹ്വാനം ചെയ്തു. 2020-ഓടുകൂടി മിതമായ അഭിവൃദ്ധിപ്രാപിച്ച രാജ്യമായി ചൈനയെ പരിവർത്തനപ്പെടുത്തുന്നതിന്റെ പാതയിലൂടെ ഇനിയും മുന്നേറുന്നതിനുവേണ്ട തുടർനടപടികൾക്കാണ് രൂപം കൊടുത്തത്. വ്യാവസായിക ഉൽപാദനവും കയറ്റുമതിയും ഒരേപോലെ വർദ്ധിപ്പിച്ച് ചൈനയുടെ സവിശേഷതകൾക്കനുസരിച്ച് സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ചൈനീസ് കമ്യൂണിസ്റ്റ് പാർടിയും ഭരണകൂടവും വ്യാപൃതരായിരിക്കുന്നത്. ചൈനയുടെ പരി



ഷ്കരണനടപടികളിൽ സംഭവിക്കാൻ ഇടയുള്ള പാളിച്ചകളെക്കുറിച്ച് ആശങ്കകളും പ്രത്യയശാസ്ത്രപരമായ വിമർശനങ്ങളും ലോകമെമ്പാടുമുള്ള ഇടതുപക്ഷവിഭാഗങ്ങൾക്കിടയിൽ തന്നെ ഉയർന്നുവന്നിട്ടുണ്ട്.

വടക്കൻകൊറിയയും വിയറ്റ്നാമും ചൈനയും ക്യൂബയും 11-ഓളം ലാറ്റിനമേരിക്കൻ രാജ്യങ്ങളും മുതലാളിത്തത്തിന്റെ നിയോലിബറൽ നയങ്ങൾക്കെതിരെ സോഷ്യലിസ്റ്റ് ബദലിന്റെ പാതയിലൂടെ മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. സോവിയറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ബ്ലോക്കിന്റെയും പതനത്തിനുശേഷമുള്ള മുതലാളിത്തത്തിന്റെ വിജയാഹ്ലാദം അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. നവലിബറൽ നയങ്ങൾക്ക് ഒരു ബദൽ മാർഗം ഉണ്ടെന്നാണ് ലാറ്റിനമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങൾ കാണിച്ചുതന്നിരിക്കുന്നത്. മുതലാളിത്ത വ്യവസ്ഥയുടെ ദൗർബല്യം അതിൽ അന്തർലീനമായിരിക്കുന്ന വൈരുദ്ധ്യങ്ങളുടെ അനിവാര്യഫലമാണ്. അപരിഹാര്യമായി തുടരുന്ന മുതലാളിത്ത സാമ്പത്തികപ്രതിസന്ധിയും മാന്ദ്യവും ആ വ്യവസ്ഥയുടെ പരാജയത്തെയാണ് ആവർത്തിച്ച് വ്യക്തമാക്കുന്നത്. മുതലാളിത്തത്തിന്റെ പ്രതിസന്ധി വ്യവസ്ഥാപരമായതുകൊണ്ടുതന്നെ അതിനെ മാറ്റിത്തീർക്കുന്ന സാമൂഹ്യവിപ്ലവത്തിന് മാത്രമെ മുതലാളിത്തം സൃഷ്ടിച്ച മനുഷ്യദുരിതങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയൂ. മുതലാളിത്തത്തിന് ബദൽ സോഷ്യലിസ്റ്റ് വ്യവസ്ഥമാത്രമാണ്. സോഷ്യലിസ്റ്റ് ബദൽ വളർത്തിക്കൊണ്ടുവന്നാൽ മാത്രമെ ലോകമെമ്പാടുമുള്ള ജനസമൂഹങ്ങളുടെ ദുരിതങ്ങൾക്ക് അറുതിയുണ്ടാക്കാൻ കഴിയൂ എന്നാണ് വർത്തമാന ലോക സംഭവഗതികൾ അടിവരയിട്ട് വ്യക്തമാക്കുന്നത്. സോഷ്യലിസ്റ്റ് ബദലിന്റെ അഭാവത്തിൽ നിയോലിബറലിസം സൃഷ്ടിക്കുന്ന സാഹചര്യങ്ങളെ ഉപയോഗപ്പെടുത്തി തീവ്രവലതുപക്ഷ ശക്തികൾ മുൻകൈനേടാനുള്ള സാധ്യതയും വർത്തമാന സംഭവഗതികൾ ഒരു താക്കീത് പോലെ നമ്മുടെ മുമ്പിലുണ്ട്.

ഏകധ്രുവലോകത്തെക്കുറിച്ചുള്ള അമേരിക്കയുടെ എല്ലാ സ്വപ്നങ്ങളും തകർന്നുവീണിരിക്കുകയാണ്. ഇന്നത്തെ ലോകസാഹചര്യം സാമ്രാജ്യത്വ നിയോലിബറൽ ശക്തികൾക്കെതിരെ പ്രതിരോധം സൃഷ്ടിക്കുന്ന സോഷ്യലിസ്റ്റ് ശക്തികളുടെ വളർച്ചയുടേതാണെന്നാണ് ലാറ്റിനമേരിക്കയും ജനകീയചൈനയും വടക്കൻ കൊറിയയും വിയറ്റ്നാമും ക്യൂബയും അടയാളപ്പെടുത്തുന്നത്. അതോടൊപ്പം തന്നെ അമേരിക്കയുടെ ഏകലോകക്രമം സ്ഥാപിക്കുന്നതിനുള്ള നീക്കങ്ങളെ പ്രതിരോധിക്കുന്നതിന് സഹായകരമാകുന്ന മേഖലാപരമായ രാഷ്ട്രകൂട്ടായ്മകളും വളർന്നുവരുന്നതാണ് നാം കാണുന്നത്. ചൈനയും റഷ്യയും ഇന്ത്യയും ചേർന്നുകൊണ്ടുള്ള ഷാങ്ഹായ് കോർപ്പറേഷനും ഇന്ത്യ, ചൈന, റഷ്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക എന്നീരാജ്യങ്ങൾ ഉൾക്കൊള്ളുന്ന ബ്രിക്സ്, ലാറ്റിനമേരിക്കൻ രാജ്യങ്ങളും മധ്യപൂർവദേശത്തെ എണ്ണ രാജ്യങ്ങളും ഉൾക്കൊള്ളുന്ന പെട്രോകരീബിയ, വെനിസ്വലയുടെ മുൻകൈയിൽ ഇറാന്റെ സഹകരണത്തോടെ രൂപം കൊണ്ട ബാങ്ക് ഓഫ് സൗത്ത് തുടങ്ങിയ കൂട്ടായ്മകളും സ്ഥാപനങ്ങളും അമേരിക്ക

യുടെ ഏകലോകക്രമത്തിനെതിരായ രാജ്യാന്തര പ്രതിരോധ സംരംഭങ്ങളാണ്. ഇതിൽ ഐ.എം.എഫിനും ലോകബാങ്കിനും ബദലായി ബ്രിക്സ് രാജ്യങ്ങളുടെ മുൻകൈയിൽ ബ്രിക്സ് ബാങ്ക് രൂപീകരണം 2014-ലെ ശ്രദ്ധേയമായ നീക്കമാണ്. ന്യൂ ഡവലപ്പ്മെന്റ് ബാങ്ക് രൂപീകരിക്കലും താല്കാലിക കരുതൽശേഖരണം സ്ഥാപിക്കലും ബ്രിക്സ് രാജ്യങ്ങളുടെ മുൻകൈയിൽ ആരംഭിച്ചിരിക്കുകയാണ്. ഇത് ഐ.എം.എഫിനും ലോകബാങ്കിനുമുള്ള മേധാവിത്തത്തിനെതിരായ പ്രതികരണമായിരിക്കുമ്പോൾ തന്നെ ഇതിലംഗമായിട്ടുള്ള ചൈന ഒഴികെയുള്ള രാജ്യങ്ങളിലെ ഭരണവർഗങ്ങൾക്ക് സാമ്രാജ്യത്വ മൂലധനവുമായുള്ള ബന്ധം ബ്രിക്സ് ബാങ്കിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുമെന്ന ആശങ്കയും ഉയർന്നുവന്നിട്ടുണ്ട്. ഇടതുപക്ഷ മുന്നേറ്റങ്ങൾക്ക് കരുത്തും പ്രത്യാശയും നൽകുന്ന സംഭവഗതികളിലൂടെയാണ് ലോകം ഇന്ന് കടന്ന് പോയ്കൊണ്ടിരിക്കുന്നത്. സോവിയറ്റ് യൂണിയന്റെ പതനത്തോടെ ചരിത്രം അവസാനിച്ചു എന്ന് ആർത്തട്ടഹസിച്ചിരുന്ന വലതുപക്ഷ ശക്തികൾക്കും നിയോലിബറൽ നയങ്ങൾക്കും എതിരായ വലിയ ജനകീയ മുന്നേറ്റങ്ങൾ ലോകമെമ്പാടും അലയടിച്ചുയരുകയും സോഷ്യലിസ്റ്റ് ബദലിന്റെ പുതിയ പ്രയോഗങ്ങൾ വികസിച്ചുവരികയും ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. താൽകാലികമായ തിരിച്ചടികളിൽ നിന്ന് പാഠം പഠിച്ചുകൊണ്ട് അതിന് കാരണമായ രാഷ്ട്രീയവും സംഘടനാപരവുമായ തെറ്റുകൾ തിരുത്തി തൊഴിലാളിവർഗം പുതിയൊരു ലോകത്തിനുവേണ്ടിയുള്ള പോരാട്ടം ശക്തിപ്പെടുത്തി മുന്നോട്ടുപോകണം. ഇടതുപക്ഷത്തിന് ഏൽക്കുന്ന തിരിച്ചടികൾ സോഷ്യലിസത്തിന്റെയും മാർക്സിസത്തിന്റെയും പ്രസക്തി ഇല്ലാതാക്കുകയല്ല പ്രയോഗത്തിലെ തെറ്റുകൾ ചൂണ്ടിക്കാട്ടുകയാണ് ചെയ്യുന്നത്.

*FOR TOP QUALITY TEXTS ...*

**SOBA PUBLICATIONS**

*Changanasserry, Kottayam,Kerala State 686101* *... wings of wisdom*

*Our prestigeous books which you can confidently follow ...*

- **Financial Management (For B.Com / B.B.A)** *`140*
- **Income Tax** *(For B.Com / B.B.A) `290*
- **Direct taxes - Law and Practice** *(For M.Com / MBA / CA/ ICWA) ` 390*
- **Principles of Insurance** *(For B.Com / B.B.A) `100*
- **Capital Market** *(For B.Com.) `100*
- **Value Added Tax - Concepts and Practices** *(For B.Com) `110*
- **Indian Financial Markets** *(For B.Com / B.B.A) `100*
- **Capital Market and Investment Management** *`100*
- **Indian Financial System** *(For B.Com / B.B.A) `100*
- **Financial Management** *(For M.Com / MBA/ CA/ ICWA) ` 290*

*Attention Authors and Eminent Professors ...*

*We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...*

**SOBA PUBLICATIONS**

**The Manager**
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph. 9496752663 / 9446223651**
**Website : www.sobabooks.com**



# ഒബാമ എന്തിന് വന്നു?



**ജോൺ മത്തായി നൂറനാൽ**
*സെൻറ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി*

വയനാട്ടുകാരായ സാധാരണക്കാർക്ക് ഇപ്പോൾ സൗകര്യമായി വെളിക്കിറങ്ങണമെങ്കിൽ അൽപ്പം അസൗകര്യങ്ങളൊക്കെയുണ്ട്. കടുവ പിടിക്കുമോ എന്നതു തന്നെ പ്രധാന ഭയം. പണ്ടൊരു സരസൻ കടുവ പേടിയുള്ളവർ എന്റെ ചുററും വന്ന് നിന്നുകൊള്ളിൻ എന്നു പറഞ്ഞതു പോലെയായി ഭഗവാൻ ശ്രീ ഒബാമ പറഞ്ഞ വാക്കുകൾ India and united state are not just natural partners.... America can be Indias best partner എന്നു പറഞ്ഞാൽ പച്ചമലയാളത്തിൽ ഇന്ത്യയുടെ ഏററവും അടുത്ത സുഹൃത്ത് അമേരിക്കയാവാം എന്ന് ഒന്നു കുടി തെളിച്ചു പറഞ്ഞാൽ അമേരിക്കക്ക് പററിയ ഏററവും നല്ല സുഹൃത്ത് ഇന്ത്യയാണ് എന്നല്ല പറഞ്ഞത് ഇതാണ് നേരത്തേ പറഞ്ഞ കടുവക്കഥയുമായുള്ള സാമ്യം.

കുററം പറയരുതല്ലോ കുറച്ചു കാലമായി അമേരിക്കക്കും ഒബാമമാർക്കും ഇന്ത്യാ മഹാരാജ്യത്തോട് കടുത്ത പ്രണയമാണ്. പ്രത്യേകിച്ച് 1998 മേയ് മാസത്തിൽ ഇന്ത്യ പൊട്ടിച്ച വെടിക്കു ശേഷം അതും അമേരിക്ക ഒട്ടും പ്രതീക്ഷിക്കാത്ത വസ്തുക്കളുപയോഗിച്ച് കോക്കോവലി സിമണ്ട്സിന്റേയോ റൈമ്സ് ഹയർ എഡ്യൂക്കേഷന്റേയോ കണക്കനുസരിച്ച് ഒരൊററ ഇന്ത്യൻ യുണിവേഴ്സിററി പോലും ആദ്യ 200 എണ്ണത്തിൽ പെട്ടില്ലെങ്കിൽ പോലും വെടിപൊട്ടിക്കുന്ന കാര്യത്തിലും ചൊവ്വയിലേക്കും അതിനപ്പുറത്തേക്കും ബാണം വിടുന്ന കാര്യത്തിലും നാം അതികേമൻമാരാണെന്ന് അമേരിക്കക്ക് അറിയാം. ഇക്കണക്കിന് ഒരു പത്തുയുണിവേർസിററിയെങ്കിലും ആ ലിസ്ററിൽ പെട്ടാൽ എന്താവും കഥ? മുപ്പത്തി മുക്കോടി ദരിദ്രനാരായണൻമാരെ തീററിപ്പോററാൻ കഷ്ടപ്പെടുന്ന ഇന്ത്യാമഹാരാജ്യത്തിന്റെ ദാരിദ്ര്യം മാറിക്കിട്ടിയാൽ എന്താവും കഥ? ഇക്കാര്യം സായപിന് നമ്മേക്കാൾ നന്നായി അറിയാം അതുകൊണ്ട് തന്നെ നല്ല ഒന്നാം തരം യുണിവേഴ്സിററികളിലിരിക്കുന്ന സായിപ്പൻമാർ, ഇന്ത്യ ലോകത്തിലെ ഒന്നാം നമ്പർ സാമ്പത്തിക

ശക്തിയാവുന്ന കാര്യം വിദൂരമല്ലെന്ന് കണക്കുകൂട്ടി ഗ്രാഫും സെക്ച്ചും വരച്ച് പറഞ്ഞിരിക്കുന്നു. ഇന്ത്യയിലെപ്പോലെയല്ല സായിപ്പിൻെറ നാട്ടിലെ രാഷ്ട്രീയക്കാർ. പഠിച്ചിട്ടുള്ളവർ പറഞ്ഞാൽ ഓർക്കും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും. പോരാത്തതിന് കുറഞ്ഞപക്ഷം ഉന്നത വിദ്യാഭ്യാസത്തിനുള്ള സർക്കാർ മുടക്കുപണം കുറക്കാതിരിക്കുകയെങ്കിലും ചെയ്യും.

പണമില്ലാത്തവൻ പിണം, പണമുള്ളവനു പണം എന്നാണല്ലോ പ്രമാണം. ഇതു സായിപ്പിനു നന്നായി അറിയാം. പണ്ടേ മുതൽ ഗാമസായിപ്പ് കപ്പൽ കയറി വന്നതും അതുകൊണ്ടാണ്. പണ്ട് ആര്യ ജനം ആദ്യം യൂറോപ്പിൽ നിന്നും കിഴക്കോട്ടെടുത്തതും, പിന്നെ വടക്കേ ഇന്ത്യയിൽ നിന്നും ബാക്കിയുള്ളവരെ തെക്കോട്ടെടുത്തതും ഇവിടെ പണം ഉണ്ടായിരുന്നത് കൊണ്ടു തന്നെയാണ്. ഇവിടെ സമ്പത്ത് ഉണ്ടായിരുന്നതു കൊണ്ട് ഒന്നു മാത്രമാണ് നാം ഭാരതീയർ ആരേയും തെക്കോട്ടെടുക്കാൻ ഒരുങ്ങി പുറപ്പെടാതിരുന്നതും. അതിൻെറ ആവശ്യം നമുക്കില്ലായിരുന്നു. ബാക്കി സകലൻമാരും ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് മുതലായ രാജ്യങ്ങൾ ഉൾപ്പെടുന്ന മഹാരാജ്യത്തേക്ക് കടന്നു വരികയും ഒന്നുകിൽ കൊള്ളയടിച്ചു കൊണ്ടു പോകുകയോ മാന്യമായി കച്ചവടം ചെയ്യുകയോ അല്ലെങ്കിൽ ഇവിടെ പാർപ്പാക്കി ഉപജീവനും കഴിക്കുകയോ ചെയ്തു. ബി സി നാലാം നൂററാണ്ടിലെ റോമക്കാരും, 12-ാം നൂററാണ്ടിലെ ഡൽഹി സുൽത്താനേററുകാരും, 16-ാം നൂററാണ്ടിലെ മുഗളൻമാരും ഇടക്കിടെ കൊള്ളയടിച്ചു കൊണ്ടു പോയ അനേകരും സായിപ്പൻമാരും അതു തന്നെയാണ് ചെയ്തത്. പക്ഷേ, സായിപ്പ് ഊററിയപോലെ വേറെ ആർക്കും കഴിഞ്ഞിട്ടില്ലെന്ന് മാത്രം. വാസ്തവത്തിൽ സായിപ്പ് വന്നതിൻെറ ചരിത്ര വായന നാം അധികം നടത്താറില്ല ഏതാനും തിയ്യതികളിൽ മാത്രം അതൊതുങ്ങി. വന്നത് ഡീസൻറ് കച്ചവടം നടത്താനായിരുന്നെങ്കിലും 200 വർഷം കൊണ്ട് ലോക ചരിത്രത്തിലെ ഏററവും വലിയ കൊള്ളയടിയായിരുന്നു.

പതിനാറാം നൂററാണ്ടിൽ ലോകത്തിലെ മൊത്തം സമ്പത്തിൻെറ കാൽ ഭാഗത്തോളം കൈവശമുണ്ടായിരുന്ന ഇന്ത്യാ മഹാരാജ്യം, ബ്രിട്ടീഷുകാരൻ ഇന്ത്യ വിടുമ്പോഴേക്കും വെറും 4% ആയി കുറഞ്ഞു വരുമ്പോൾ ബ്രിട്ടൻെറ കൈയിലുണ്ടായിരുന്നത് ആകെ ഒരു 4 ലക്ഷം മില്ല്യൻ രൂപ അന്ന് ഇന്ത്യയുടെ സമ്പത്ത് 50 ലക്ഷം മില്ല്യൻ രൂപ അപ്പോൾ ഇത്ര സമ്പന്നമായിരുന്ന ഒരു സാമ്പത്തിക ഘടന തകർന്ന് തരിപ്പണമായതിൻെറ കാരണം വേറെ അന്വേഷിക്കേണ്ടതില്ല ലോകധന വിഹിതത്തിൻെറ ഒരു ശതമാനം മാത്രം കൈയ്യാളിയിരുന്ന ബ്രിട്ടൻെറ വളർച്ച 9 ശതമാനമായി വർദ്ധിച്ചു. ബ്രിട്ടൻെറ ആസ്തി ഇതിനകം 70 ലക്ഷം മില്ല്യൻ രൂപയായിത്തീരുകയും ചെയ്തു. ഇതാണ് കൊളോണിയൽ കൊള്ള. കൊള്ളയടിക്കുക മാത്രമല്ല ഒരിക്കലും രക്ഷപ്പെടരുത് എന്ന ലക്കോടെ തദ്ദേശീയ വ്യവസായങ്ങൾ ക്രമാനുഗതമായി നശിപ്പിക്കുകയും ചെയ്തു. കയററുമതിക്കാരായിരുന്നു നാം. ലോക വസ്ത്ര നിർമ്മാണത്തിൽ 27% പങ്കുണ്ടായിരുന്ന രാജ്യം വെറും 2% ആയി മാറി. ധാക്ക കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കൈനെയ്ത്ത്, കൈത്തറി വസ്ത്രവ്യവസായം 90% ശതമാനം തകർത്തു സാങ്കേതിക വിദ്യ തുടർതലമുറകൾ പഠിക്കാതിരിക്കാൻ നെയ്ത്തുകാരുടെ കൈവിരലുകൾ മുറിച്ചു കളയുക വരെ ചെയ്തു. ചരിത്രത്തിൽ ഒരു കാലത്തും ക്ഷാമം എന്തെന്ന് അറിഞ്ഞിട്ടില്ലാത്ത ജനത പട്ടിണി കിടക്കാൻ തുടങ്ങി. 1943 ലെ ബംഗാൾ ക്ഷാമം അതിലെ ഏററവും പുതിയതു മാത്രമായിരുന്നു. ദശലക്ഷങ്ങൾ മരിച്ചു വീഴുന്നു എന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസൻറ് ചർച്ചിലിന്നു കമ്പിയടിച്ചപ്പോൾ, തിരിച്ച് എന്തേ ഗാന്ധി ഇതുവരെ മരിച്ചില്ല എന്ന് മറുപടിയും കിട്ടി. പെരുമാററച്ചട്ടങ്ങൾക്ക് പേരുകേട്ട ബ്രിട്ടീഷുകാരൻെറ ഏററവും മര്യാദയുള്ള പെരുമാററമായിരുന്നിരിക്കണം അത്. എന്തുമാകട്ടെ. ഇത്തരം ചിന്താഗതികൾക്ക് വലിയ പ്രസക്തി ഇല്ലായിരിക്കാം.

ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു പോലെ കള്ളൻ കൊണ്ടു പോയ മുതലിനെപ്പററി ഓർത്ത് കരഞ്ഞിട്ട് കാര്യമില്ല. ഉള്ളത് കട്ടു പോകാതെ നോക്കുന്നതാണ് ബുദ്ധി. അല്ലെങ്കിൽ ഓർക്കുന്നതു നല്ലതാണ്. അതാണല്ലോ ചരിത്ര പഠനത്തിൻെറ പ്രസക്തി. ചരിത്രത്തിൽ നിന്നും പാഠം പഠിച്ചില്ലെങ്കിൽ, അത് ആവർത്തിക്കേണ്ട ഗതികേടു വന്നു ചേരും എന്നാണല്ലോ പണ്ഡിത പ്രമാണം. അതുകൊണ്ട് കച്ചവടത്തിനു വന്നവർ കടയും പൂട്ടിച്ച് കടന്നു കളഞ്ഞ ബ്രിട്ടീഷ് അദ്ധ്യായം ഓർക്കുന്നത് എന്തുകൊണ്ടും നല്ലതാണ്.

തുടങ്ങിയ വിഷയത്തിലേക്ക് തിരിച്ചു പോകാം എന്തിനാണ് ഒബാമ വന്നത്? കുറഞ്ഞപക്ഷം ഇന്ത്യാ മഹാരാജ്യത്തെ അങ്ങ് നന്നാക്കിക്കളയാനാണ് എന്ന് മാത്രം ധരിക്കാതിരിക്കുന്നത് നല്ലത്. മറിച്ച് നല്ല കച്ചവടം ചെയ്യാനാണ് വരുന്നതെങ്കിൽ സ്വാഗതം ചെയ്യുക തന്നെ വേണം. പക്ഷേ നല്ല കച്ചവടത്തിനുമുണ്ട് ചില നിർവ്വചനങ്ങൾ ആദ്യമായും അവസാനമായും നല്ല കച്ചവടത്തിൻെറ പ്രധാനലക്ഷണം അത് വാങ്ങുന്നവനും വിൽക്കുന്നവനും ഒരുപോലെ ലാഭമുണ്ടാക്കുന്നു എന്നതാണ്. പക്ഷേ വാങ്ങുന്നവനും വിൽക്കുന്നവനും ഒരുപോലെ ലാഭമുണ്ടാകണമെങ്കിൽ കച്ചവടത്തിൻെറ നിലപാടു തറനിരപ്പുള്ളതായിരിക്കണം. ഞാൻ നിന്നേക്കാൾ മുകളിൽ എന്ന ഭാവം പുറത്തു കാണിച്ചു കൊണ്ട് വരുന്നവനോട് കച്ചവടം പറയാൻ കൊള്ളില്ല. എതവനെയെങ്കിലും രണ്ട് ഒപ്പിട്ട് പേരെടുത്ത് കുറച്ചു കാശ് കൊണ്ടു വരണം എന്ന നിലപാട് അല്ലാത്ത നിലപാട് നല്ലതല്ല. അമേരിക്കയുടെ പ്രസിഡൻറ് ബരാക് ഒബാമയെ കെട്ടിയെഴുന്നള്ളിക്കുന്നതിനു മുമ്പ് കുറഞ്ഞപക്ഷം ദേവയാനി ഖൊബ്രഗഡെ എന്ന ഐ എഫ് എസ് ഉദ്യോഗസ്ഥയെ സെക്യൂരിററിയുടെ പേരിൽ തുണിയൂരിച്ച് പരിശോധിച്ച വകയിൽ അന്തസ്സായി ഒരു നല്ല മാപ്പെങ്കിലും വാങ്ങിവെക്കാമായിരുന്നു. സായിപ്പിനെ കണ്ടാൽ ഇത്രക്ക് കവാത്ത് മറക്കേണ്ടകാര്യമില്ലായിരുന്നു. ഇന്നത്തെ സ്ഥിതിക്ക് നമുക്ക് അമേരിക്കയേക്കാൾ അമേരിക്കയ്ക്ക് നമ്മളെയാണ് ആവശ്യം. അമേരിക്കയുടെ വരും തലമുറകൾ വെള്ളം കുടിക്കണമെങ്കിൽ ഇന്ത്യയുമായുള്ള ബന്ധം കൂടിയേ തീരൂ. അത് അമേരിക്കക്ക് നന്നായി അറിയാം. ഇന്ത്യയിലും അറിയേണ്ടവർ അറിയേണ്ടിയിരിക്കുന്നു ഇല്ലെങ്കിൽ അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയേണ്ടി വരും. അതുമല്ലെങ്കിൽ ചൊറിയാതെ തന്നെ അറിയുന്ന പിള്ള ആ സ്ഥാനത്തു വന്നേനിരിക്കും

# ജീവിതം കൊതിക്കുന്നവൻെറ മരണക്കുറിപ്പുകൾ



**ഡോ.സി.ഉണ്ണികൃഷ്ണൻ**
*ഡി.ബി. കോളജ്, ശാസ്താംകോട്ട*

**ജീ**വിതം മടുത്തവരുടെ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണ് ആത്മഹത്യ അതിനവർക്ക് മതിയായ കാരണങ്ങളുണ്ടായിരിക്കാം. അത് പലപ്പോഴും അവർ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വികാരത്തെക്കാൾ ദാർശനികത തുടിക്കുന്ന ആത്മഹത്യാക്കുറിപ്പുകൾ ചിലപ്പോൾ പുനർവായനയും പുതുവിചാരങ്ങൾക്കും കാരണമാകാറുണ്ട്. വിശേഷിച്ചും ലബ്ധപ്രതിഷ്ഠരായ ചില എഴുത്തുകാരുടെ മരണക്കുറിപ്പുകൾ മലയാളത്തിൽ തന്നെ നന്തനാരുടെയും രാജലക്ഷ്മിയുടെയും ഇടപ്പള്ളി രാഘവൻപിള്ളയുടെയും മരണക്കുറിപ്പുകളിൽ ജീവിതം വിട്ടൊഴിയുന്നതിനാധാരമായ ന്യായപ്രമാണങ്ങളാണ്. വ്യക്തിപരവും കാല്പനികവുമായ ആ മരണക്കുറിപ്പുകൾ സൗന്ദര്യവും സ്നേഹവും പീഡാനുഭവങ്ങളും സർവ്വാത്മകമാക്കുന്ന എഴുത്തുകാരൻെറ ജീവിതം കൂടി അതിലേക്ക് വിലയിച്ചു ചേരുന്നതിൻെറ അപകടങ്ങളെ വെളിപ്പെടുത്തുന്നുണ്ട്. മറ്റൊരർത്ഥത്തിൽ സ്വാതന്ത്ര്യത്തോടെ പുലരാനാകാതെ വൈയക്തിക അവസ്ഥകൾ വലയം ചെയ്തു നിൽക്കുന്ന അന്തരീക്ഷത്തിൽ നിന്നും രക്ഷപ്പെടാനുള്ള സ്വാതന്ത്ര്യമായി അവർ മരണത്തെ കാണുകയായിരുന്നു. ആത്മഹത്യ തെരഞ്ഞെടുക്കുകയായിരുന്നു സി വി കുഞ്ഞുരാമൻ എഴുതിയ ഒരു ചെറുകഥയുടെ പേരു തന്നെ എനിക്ക് ആത്മഹത്യ ചെയ്യാൻ മതിയായ കാരണങ്ങളില്ലയോ? എന്നാണ് കാരണമില്ലാത്ത കാര്യമല്ല ആത്മഹത്യ എന്നർത്ഥം.

എഴുത്തുകാരൻെറ പിറവിയും എ



ഴുത്തുകാരൻെറ ആത്മഹത്യക്കും ഓരോ കാലഘട്ടത്തിലെയും സാമൂഹിക സാഹചര്യങ്ങൾ നിർണ്ണായകമായ പങ്കു വഹിക്കാറുണ്ട്. നവോത്ഥാന കാലഘട്ടം ലോകമെങ്ങും പരത്തിയ സർഗാത്മകതയുടെ തെളിച്ചം മാത്രം മതി സാമൂഹിക സാഹചര്യങ്ങൾ എങ്ങനെയാണ് എഴുത്തുകാരനെ സൃഷ്ടിക്കുന്നതെന്ന് തെളിയിക്കാൻ. ഇന്ത്യൻ രാഷ്ട്രീയത്തിൽ അടിച്ചേൽപ്പിച്ച അടിയന്തിരാവസ്ഥ പരിശോധിക്കുമ്പോൾ നിശബ്ദനാക്കപ്പെട്ട എഴുത്തുകാരൻെറ ആത്മഹത്യയുടെ ചിത്രവും തെളിഞ്ഞുവരും. അടിയന്തിരാവസ്ഥയെയും ലജ്ജിപ്പിക്കുന്ന ഇന്നത്തെ രാഷ്ട്രീയാവസ്ഥയിൽ എഴുത്തുകാരൻെറ ആത്മഹത്യകൾ ഏറിവരും എന്ന കാര്യത്തിൽ തർക്കമില്ല. അത് സാധൂകരിക്കുകയാണ് പെരുമാൾ മുരുകൻ എന്ന എഴുത്തുകാരൻ തൻെറ എഴുത്തു ജീവിതത്തിൻെറ ആത്മഹത്യ അറിയിച്ചു കൊണ്ടുള്ള കുറിപ്പിലൂടെ ചെയ്യുന്നത്. ജീവിതം കൊതിക്കുന്നതിൻെറ മരണക്കുറിപ്പാണ് പെരുമാൾ മുരുകൻ ലോകത്തിന് നൽകിയിരിക്കുന്നത്. ഒരാൾക്ക് എത്രതരം മരണമുണ്ട് എന്ന് മാർട്ടിൻ ലൂതറിൻെറ ചോദ്യത്തി




ൻെറ അർത്ഥം ഇന്ത്യൻ ഫാസിസ്റ്റ് സാമൂഹ്യക്രമത്തിൽ എത്രയോ പ്രസക്തമാവുകയാണ്. ഫാസിസം ജനതയെ ജീവിതഭവമാക്കുന്നു എന്ന ജോസഫ് റോത്തിൻെറ നിരീക്ഷണം നമ്മുടെ ബുദ്ധിമണ്ഡലങ്ങളിൽ ഇപ്പോൾ അലയടിക്കുന്നുണ്ട്. നിങ്ങൾ ഇവിടെ ജീവിക്കുക എന്നാൽ നിങ്ങളുടെ രാഷ്ട്രീയ ഇച്ഛാശക്തിയെ കൊല്ലുക നിങ്ങൾ ഇവിടെ വാഴുക എന്നാൽ നിങ്ങളുടെ രാഷ്ട്രീയ ഇച്ഛാശക്തിയെ കൊല്ലുക നിങ്ങൾ ഇവിടെ വാഴുക എന്നാൽ നിങ്ങളുടെ മതേതരവാദിയെ ഉപേക്ഷിക്കുക. നിങ്ങൾ ഇവിടെ പുലരുക എന്നാൽ നിങ്ങളുടെ വിശ്വാസങ്ങളേയുംസ സ്നേഹം കൊതിക്കുന്ന കണ്ണിനേയും കൈയോഴിയുക നിങ്ങളുടെ അഭിരുചികളെയും സ്വാതന്ത്ര്യത്തേയും കടലിലൊഴുക്കുക ഇങ്ങനെ പലതരത്തിലുള്ള ആത്മഹത്യകളാൽ പാകപ്പെട്ട മനുഷ്യരെ സൃഷ്ടിക്കാനുള്ള ശ്രമത്തിനിടയിൽ ചിലതൊക്കെ കുതറിമാറാം. അവരെ ഭരണകൂടം വരുതിക്ക് നിർത്താൻ ശ്രമിക്കും. വഴങ്ങാത്തവർക്ക് മഹാരാഷ്ട്രയിലെ നരേന്ദ്രധബോൽക്കരുടെ അനുഭവങ്ങളും ആൾദേവത്തെ ചോദ്യം ചെയ്ത ധബോൽക്കർ തെരുവിൽ കൊലച്ചയ്യപ്പെട്ടു. എം എഫ് ഹുസൈൻെറയും സൽമാൻറുഷ്ദിയുടെയും തസ്ലിമനസ്റിൻെറയും അവസ്ഥകളുണ്ടാകും. അതിനാൽ മരിച്ചു കൊണ്ട് ജീവിക്കു എന്ന ഫാസിസ്റ്റ് കാലഘട്ടത്തിൻെറ ദുർവിധി താനും ഏററുവാങ്ങുന്നു എന്നാണ് തൻെറ ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ പെരുമാൾ മുരുകൻ



പെരുമാൾ മുരുകൻ എന്ന എഴുത്തുകാരൻ മരിച്ചിരിക്കുന്നു. ദൈവമല്ലാത്തതിനാൽ അയാൾ ഉയർത്തെഴുന്നേല്ക്കാനും പോകുന്നില്ല. പുനർജന്മത്തിൽ അയാൾക്ക് വിശ്വാസമില്ല. ഒരു സാധാരണ അദ്ധ്യാപകനായതിനാൽ അയാൾ ഇനിമുതൽ പി മുരുകൻ മാത്രമായിട്ടായിരിക്കും ജീവിക്കുക. അയാളെ വെറുതെ വിടുക ഭരണകൂടങ്ങൾ സൃഷ്ടിക്കുന്ന ഭയങ്ങളുടെ പുകമറയിൽ നിന്ന് ഒരു എഴുത്തുകാരൻ സൃഷ്ടിച്ച ഈ ചരമക്കുറിപ്പ് ഈ കാലഘട്ടത്തിൻെറ സങ്കടങ്ങൾ തന്നെയാണ് പങ്കു വയ്ക്കുന്നത്.

അറിയിച്ചത്. പെരുമാൾ മുരുകൻ എന്ന എഴുത്തുകാരൻ മരിച്ചിരിക്കുന്നു. ദൈവമല്ലാത്തതിനാൽ അയാൾ ഉയർത്തെഴുന്നേല്ക്കാനും പോകുന്നില്ല. പുനർജന്മത്തിൽ അയാൾക്ക് വിശ്വാസമില്ല. ഒരു സാധാരണ അദ്ധ്യാപകനായതിനാൽ അയാൾ ഇനിമുതൽ പി മുരുകൻ മാത്രമായിട്ടായിരിക്കും ജീവിക്കുക. അയാളെ വെറുതെ വിടുക ഭരണകൂടങ്ങൾ സൃഷ്ടിക്കുന്ന ഭയങ്ങളുടെ പുകമറയിൽ നിന്ന് ഒരു എഴുത്തുകാരൻ സൃഷ്ടിച്ച ഈ ചരമക്കുറിപ്പ് ഈ കാലഘട്ടത്തിൻെറ സങ്കടങ്ങൾ തന്നെയാണ് പങ്കു വയ്ക്കുന്നത്.

പെരുമാൾ മുരുകൻെറ മാതോരുപാകൻ എന്ന നോവലാണ് അദ്ദേഹത്തിൻെറ എഴുത്തുകാരനെ നിശബ്ദനാക്കാൻ വർഗ്ഗീയ ശക്തികൾ ആയുധമാക്കിയത്. 2010 ലാണ് ഈ നോവൽ തമിഴിൽ പുറത്തു വരുന്നത് പ്രാദേശിക സംസ്കൃതിയുടെ എഴുത്തുകാരനായി അറിയപ്പെടുന്ന മുരുകൻെറ ഈ നോവലും നാമക്കൽ എന്ന തൻെറ ജന്മനാടിൻെറ പുരാവൃത്തവും മിത്തുകളുമാണ് അടയാളപ്പെടുത്തുന്നത്. നാമക്കലിലെ തിരുച്ചെങ്കോട്ട അർധനാരീശ്വര ക്ഷേത്രത്തിൽ ഏറെക്കാലം നില നിന്നിരുന്ന ഒരു ആചാരം ആ നോവലിൽ വിഷയമാകുന്നു. വിവാഹം കഴിഞ്ഞാൽ കുഞ്ഞുങ്ങളുണ്ടാകതിരിക്കുന്നത് പെണ്ണിൻെറ കുററമായി വിലയിരുത്തുകയും മച്ചി എന്ന മാറാപ്പേരിന് ഉടമയായി അവൾ ജീവിക്കേണ്ടി വരികയും ചെയ്യുന്ന കാലഘട്ടത്തിൽ ഭക്തിയെ അഥവാ വിശ്വാസത്തെ ആശ്രയിച്ച ഒരു ജനതയെ കഥ ഈ നോവൽ എടുത്തു കാട്ടുന്നു. അർദ്ധനാരീസ്വര ക്ഷേത്രത്തിലെ രഥോത്സവ വേളയിൽ മനപ്പൊരുത്തമുള്ള പുരുഷനോടൊപ്പം ശയിച്ച് ഗർഭം ധരിക്കാനുള്ള അവസരം സ്ത്രീകൾക്ക് നല്കിയിരുന്നു. അങ്ങനെയുണ്ടാകുന്ന കുട്ടികൾ ഈശ്വരൻെറ കുട്ടികളാണ് സ്വാമിപിള്ളമാർ. മാതോരുപാകൻ എന്ന നോവലിൽ അമ്മയാകാൻ കൊതിക്കുന്ന പൊന്നി ഈ ആചാരത്തിൻെറ ഭാഗമാകാൻ ആഗ്രഹിക്കുന്നു. ഭർത്താവായ കാളിയുടെ എതിർപ്പ് മാതൃത്വത്തോടുള്ള കൊതിനിമിത്തം അവൾ കാര്യമാക്കുന്നില്ല. വൈകാശി വിശാഖം രഥോത്സവത്തിൽ പങ്കെടുക്കാൻ അവൾ യാത്രയാകുന്നു. ഏതാണ്ട് അരനൂററാണ്ടു മുമ്പു തന്നെ നാമക്കലിൽ നിലനിന്ന ഒരു വിശ്വാസത്തിൻെറ പൊള്ളത്തരത്തെ തുറന്നു കാണിക്കുന്ന ഈ നോവലിൽ എതിർക്കപ്പെടേണ്ടതായി ഒന്നും തന്നെയുണ്ടായിരുന്നില്ല. നാമക്കലിലെ പ്രബുദ്ധരായ ജനത ഈ നോവൽ വായിക്കുകയും ആസ്വദിക്കുകയും ചെയ്തു.

2013 ൽ മാതോരുപകൻ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത പ്രസിദ്ധീകരിച്ചു. വൺപാർട്ട് വുമൻ എന്ന പേരിൽ പെൻഗ്വിൻ പ്രസിദ്ധീകരിച്ച ഈ കൃതിക്ക് ലോകപ്രശസ്തിയും ലഭിച്ചു. സാധാരണഗതയിൽ കൂടുതൽ അംഗീകാരം ലഭിക്കേണ്ട ഒരു എഴുത്തുകാരന് സാമൂഹ്യ സാഹചര്യത്തിൻെറ ദൗർബല്യങ്ങളാകാം അധോഗതിയാണ് ഉണ്ടായത് ഈ നോവലിനെതിരെ വർഗീയ ശക്തികളുടെ കടന്നാക്രമണമുണ്ടായി. നോവൽ കത്തിക്കപ്പെട്ടു. എഴുത്തുകാരനേയും കുടുംബത്തേയും തേജോവധം ചെയ്യുന്ന സംഭവങ്ങളുണ്ടായി

വർഗീയ സംഘർഷത്തിന്റെ വാൾമുനകൾ തേച്ചുമിനുക്കാൻ സാമൂഹ്യ വിരുദ്ധശക്തികൾ തുടക്കം കുറിച്ചു. ഒരു നോവൽ ഒരു നാടിന്റെ ക്രമസമാധാന പ്രശ്നമാക്കാൻ അവർക്ക് കഴിഞ്ഞു. ഭരണകൂടം ഇടപെട്ടു. വർഗ്ഗീയതയ്ക്ക് ചുട്ടുപിടിക്കുന്ന തൻകാര്യം നേടികളായ ഭരണകൂടം പെരുമാൾ മുരുകനോട് മാപ്പു പറയാൻ കല്പിച്ചു. പുസ്തകം തിരുത്താൻ നിർദ്ദേശിച്ചു. ജനാധിപത്യം പകർന്നേകേണ്ട അധികാരികൾ വർഗ്ഗീയശക്തികളുടെ ആജ്ഞാനുവർത്തികളായി മാറുന്നത് കണ്ടു പകച്ചു പോയ ഈ എഴുത്തുകാരൻ പരസ്യമായ ഒരു ആത്മഹത്യയ്ക്ക് തയാറായിരുക്കുന്നു. അതും ഭരണകൂടം വെച്ചുനീട്ടിയ എച്ചിൽപ്പൊതി തട്ടിത്തെറിപ്പിച്ചു കൊണ്ട് തന്റെ പെരുവിരലറുത്ത് പുതിയ സംഘഗുരുക്കന്മാർക്ക് ദക്ഷിണ നൽകിക്കൊണ്ട് മുരുകന്റെ ഈ ബലിദാനം ചരിത്രത്തിൽ നിശബ്ദത സൃഷ്ടിക്കുന്ന വലിയൊരു ശബ്ദമാണെന്ന കാര്യത്തിൽ തർക്കമില്ല.

മാതോരുപാകനിൽ വർഗീയത ചുരത്തിച്ച് വിഷപ്പാൽ കറന്നെടുക്കാൻ വർഗീയ വാദികളെ പ്രേരിപ്പിച്ചത് എന്താകാം എന്ന ചിന്തയ്ക്ക് ഏറെ പ്രസക്തിയുണ്ട്. സമകാലിക വർഗീയത ആഴത്തിൽ വേരോടുന്നത് അധികാരത്തോടുള്ള ആർത്തിയിലും മൂലധനത്തോടുള്ള കൊതിയിലുമാണെന്ന് കാണാം. ദ്രാവിഡ സംസ്കാരത്തിന്റെ ഉൾക്കരുത്തുള്ള നാമക്കൽ ദേശങ്ങളിൽ വിശ്വാസത്തിനെതിരെയുള്ള ഏത് ചിന്തയേയും വികാരപരമായി സമീപിക്കുന്ന ധാരാളം സാധാരണക്കാരുണ്ട്. അവരെ ജാതിയുടെ പേരിൽ കൂട്ടിയോജിപ്പിച്ച രാഷ്ട്രീയ ശക്തിയാവുക എന്ന ഒരു ലക്ഷ്യം ഇതിന്റെ പിന്നിലുണ്ട്. അതുകൊണ്ടാണ് പെരുമാൾ മുരുകന്റെ കൃതിക്കെതിരായ സമരത്തിൽ അന്യദേശക്കാരെ പങ്കെടുപ്പിച്ച് നടത്തിയത് അതിനേക്കാൾ പ്രധാനമാണ് പെരുമാൾ മുരുകൻ എന്ന ആർജ്ജവവ്യക്തിത്വത്തിനുടമായ കോളജ് അധ്യാപകന്റെ പ്രവർത്തി തടയിട്ടു എന്നത്. ഒരു ദളിത് ജാതിക്കാരിയെ വിവാഹം കഴിച്ചു കൊണ്ട് ജാതിയുടെ പൊള്ളത്തരം തുറന്നുകാട്ടിയ മുരുകനെ വേട്ടയാടാനുള്ള അവസരത്തിനായി സവർണർ കാത്തിരുന്നിട്ടുണ്ടാകാം. മാത്രമല്ല നാമക്കലിൽ ഉയർന്നു വരുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കൊള്ളയും ചൂഷണവും മുരുകൻ ചോദ്യം ചെയ്യുകയും പുറംലോകത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ പേരിൽ പുതിയ ജയിലുകൾ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ മാഫിയകൾക്കെതിരെ തുറന്ന പോരിനും ഈ അധ്യാപകൻ തയ്യാറായി. പ്രതികരണ ശേഷിയുള്ളവരെ വന്ധ്യംകരിക്കാൻ കാത്തുനില്ക്കുന്ന ഈ കാലഘട്ടത്തിൽ മുരുകനെ ശിക്ഷിക്കാൻ ഇതിനപ്പുറം കുററങ്ങളൊന്നും അയാൾ ചെയ്യേണ്ടതില്ല, അതിനാൽ വർഗീയത ആയുധമാക്കപ്പെടുകയും മുരുകനെ നിഷ്ക്കാസനം ചെയ്യാൻ അവർ രംഗത്തെത്തുകയും ചെയ്തു. അവരുടെ ആയുധം കൊണ്ട് മരിക്കുന്നതിനെക്കാൾ ഭേദം തന്നെതാൻ തന്നെ കൊലചെയ്യുക എന്ന വീരകർമം പെരുമാൾ മുരുകൻ ഏറെറടുത്തിരുന്നു; ചരിത്രത്തിൽ പുതിയ ചിന്തകൾക്ക് ഇടംനൽകികൊണ്ട് നമ്മുടെ നിർവ്വികാരതകയെ അല്പം ഒന്നുണർത്തിക്കൊണ്ട്.

Best compliments

Kairali Books
Thalikavu Road Kannur
Ph: 0497 2761200

KERALA COLLEGE TEACHER



# Prof.Nainan Koshy

## *A great Humanist and visionary*



**Sreekantan Nair**
*VTM NSS College ,*
*Dhanuvachapuram*

Prof.Nainan Kosy, who passed away last week, was a great Humanist and visionary. Through out his life he tried to mix Marxism and Theology together to the taste and tunes of the common man.He offered unconditional support to the leftist movement and marked a strong presence in every serious discourses and debates taking place anywhere in the country.

Prof Koshy was a prolific writer and a profound reader. He wrote continuously on a variety of themes of national and international importance like Human rights, Foreign policy,Disarmament,Imperialism, Nuclear question etc. Equally, he was an activist who had, in his life time, extensively campaigned for peace ,rights and education.As an educationalist , he was faculty in many of the foreign universities



including the Harward Law school. His mastery over leftist ideology and international relations won him huge crowds and readers all over the country. At the same time he tasted failure when attempted to walk along the parliamentary politics.His effort to contest the 1999Lok Sabha election From Mavelikara constituency ,as a Leftist Democratic Front candidate was a failure. But a Communist never fails in his mission. That is what he taught us all these yeas .He led a life of total success. Placing himself always along with the secular Democratic and progressive movements he tried to be part of the positive changes taking place in the body politics of the country.When ever such movements were put to trial either in the national ,internatonal or tregional contexts ,he was the first one to respond and react.

Even in his last days, he was active in the international seminar conducted by the department of political science ,University of kerala.We had talked many issues of contemporary significance, including the set backs faced by the Mdi government in the national politics. Really, the sad news of his demise was a Shock to all of us. Personally, I had very friendly and warm relation with Prof. Koshy. I had several occasions to associate with him under various forums and movements over the last two decades. When ever I approached him for a talk ora discussion,either it be in a college or any other forums, he readily agrees and tried to share the same sentiments and feeling of the organizers. The life of Pro.Koshy was really a repeated reminder to all of us regarding our commitments to the common man and his causes at large.

# ഞാൻ മേഘങ്ങളിലൂടെ അലഞ്ഞു

**മാഗിയുടെ എഴുത്തുകൾക്ക് മറ്റ് ലക്ഷ്യങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇത് ഒരായുസ്സിന്റെ പുസ്തകമാണ്. ഇടതൂർന്ന ജീവിതത്തിന്റെ പുസ്തകം. വിലാപത്തിന്റെ പുസ്തകമായി സ്ത്രൈണപൂർണിമ വായിക്കപ്പെടരുത്.**

എന്നെയുൾക്കൊണ്ടതെങ്ങനെയാത്മാവിൻ
കന്നിമണ്ണിൽ നീയെന്നറിവീല ഞാൻ
എന്തിനായെന്നെ നഗ്നമാം കൈകൾതൻ
പൊൻകുരിശിൽ വഹിച്ചുനീയോമനേ

*(നൈരാശ്യത്തിന്റെ ഗീതം -പാബ്ലോ നെരുദ
വിവർത്തനം. ബാലചന്ദ്രൻ ചുള്ളിക്കാട്)*



**എൻ. രേണുക**
*എൻ.എസ്.എസ് കോളജ്, ചേർത്തല*

സാഹിത്യചരിത്രം നിറയെ കിടങ്ങുകളാണ്. ഏതെങ്കിലും ഒരു കാലഗണനയെ പിന്തുടർന്ന് ഭാഷയുടെ ജീവിതത്തെ അളക്കാമെന്നും മുദ്ര ചെയ്യാമെന്നുമുള്ള ധാരണകളൊക്കെ വെറുതെയാണ്. ഓരോ വ്യക്തിയും വിചിത്രമായ ഭാഷയും ഭാവുകത്വവും സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്ന, സാഹിത്യമെന്ന് സാങ്കേതികമായി നിർവചിക്കാനാവുമോ എന്നറിയില്ല. ഇങ്ങനെയുള്ള ഉപാധികളില്ലാത്ത എഴുത്തുകളാണ് കാലം കാത്തിരിക്കുന്നത്. പൊതുവായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് എഴുത്തുകളെ ക്രമീകരിക്കാനാവില്ല. ഏതെങ്കിലും ഒരു സാഹിത്യപാരമ്പര്യത്തിന്റെ ഭാഗമായിരുന്നു തങ്ങളെന്ന് എഴുതുന്നവർ തിരിച്ചറിയണമെന്നില്ല. അറിഞ്ഞിട്ടും എഴുത്തിന്റെ നിശ്ചിതഘടനയിലേയ്ക്കും കേന്ദ്രത്തിലേയ്ക്കും വരാൻ ആഗ്രഹിക്കാത്ത നിശ്ശബ്ദരായി കടന്നുപോയവരുണ്ടാകും. ആ നിശ്ശബ്ദതകൾ പിന്നീട് വായനക്കാരുടെ സ്വാസ്ഥ്യം കെടുത്തിയെന്നിരിക്കും. മാഗി എന്ന അധ്യാപികയുടെ സ്ത്രൈണപൂർണിമ എന്ന



പുസ്തകം ഒരേ സമയം വ്യഥയായും പ്രതീക്ഷയായും നിലനിൽക്കുന്ത് അങ്ങനെയാണ്.

സ്ത്രീകളുടെ ആന്തരികജീവിതത്തിന്റെ സ്വഭാവവും പരിണാമവും പ്രതിഫലിപ്പിക്കുന്ന അനേകം എഴുത്തുകൾ വരുന്നു. പോകുന്നു. ചിലത് ഓർമകളിൽ അപൂർവതയായി ശേഷിക്കുന്നു. അതിലൊരു പുതുമയില്ല . ഒന്നിനും വേണ്ടിയല്ലാതെ എഴുതി സൂക്ഷിച്ചിരുന്ന ഒരു സ്ത്രീയുടെ കൈയെഴുത്തു പ്രതി അവർ കടന്നുപോയതിനുശേഷം മാത്രം കണ്ടെടുക്കപ്പെടുക എന്നത് കാല്പനികവ്യഥ മാത്രമല്ല സൃഷ്ടിക്കുന്നത്. ആഫ്രിക്കൻ -അമേരിക്കൻ നോവലിസ്റ്റും ഫോക്‌ലോറിസ്റ്റും ആന്ത്രപ്പോളജിസ്റ്റുമൊക്കെയായി അറിയപ്പെട്ടിരുന്ന സോറാ നീൽ ഹഴ്സറ്റൻ 1960-ലാണ് മരിക്കുന്നത്. അവരുടെ മരണത്തോടൊപ്പം ഇനിയും പുറം വോകം കണ്ടിട്ടില്ലാത്ത എഴുത്തുകളും രേഖകളും ഫോട്ടോഗ്രാഫ്സും കത്തിച്ചുകളയാനായിരുന്നു തീരുമാനിച്ചത്. പാതി കത്തിയും കത്താതെയും നീറിപ്പുകഞ്ഞ ആ എഴുത്തുകൾ അയൽവാസിയും സുഹൃത്തും നിയമജ്ഞനുമായ പാട്രിക് ഡുവൽ കണ്ടെടുക്കുകയായിരുന്നു. സോറാനീലിന്റെ പ്രഖ്യാതമായ എഴുത്തുജീവിതവും മാഗിയുടെ ജീവിതവും എഴുത്തുകളും തമ്മിൽ പ്രത്യക്ഷബന്ധമൊന്നുമില്ല. എന്നാൽ, സർഗാതമകതയുടെ മൂല്യ തിരിച്ചറിയുന്ന ഉത്തരവാദിത്വമുള്ള സൗഹൃദങ്ങളില്ലായിരുന്നുവെങ്കിൽ വിസ്മൃതമാകുമായിരുന്ന എഴുത്തുകൾ- എന്ന സമാനത അവർക്കിടയിലുണ്ട്.

എഴുത്ത് സുതാര്യവും സുഖകരവും നിരുപദ്രവകരവുമായ ഒരു അനുഭവമോ പ്രക്രിയയോ അല്ല. ഉപാധികളില്ലാതെ എഴുതുമ്പോഴും വായിക്കപ്പെടുന്ന കാലത്തിലും ദേശത്തിലും വ്യക്തിമനസ്സുകളിലും സാമൂഹികവും ധാർമികവുമായ സങ്കീർണതയായി അവ പടരുന്നു. ഡയറിക്കുറിപ്പുകൾ വ്യാപകമായ സാഹിത്യ പ്രസ്ഥാനമായി കേരളത്തിൽ വികസിക്കാത്തതെന്തുകൊണ്ട് എന്നതിന് എത്രകാലം കഴിഞ്ഞാലും ഉത്തരം ലഭിക്കണമെന്നില്ല. വിശേഷിച്ച് സ്ത്രീകളുടെ ഡയറിക്കുറിപ്പുകൾ. ദുരുഹമായ മേലങ്കികളിലാണ് ഡയറിക്കുറിപ്പുകൾ സുക്ഷിക്കപ്പെടുന്നത്. ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ അതിലുണ്ടെന്ന് ഇക്കാലത്ത് വിശ്വസിക്കാൻ പ്രയാസമാണ്. ആത്മസംവാദങ്ങൾ തീർന്നുപോയ ഒരു കാലം. ആത്മാവിന്റെ നഗ്നതകളെ അനാവരണം ചെയ്യുന്ന ഭാഷയുടെ അഭാവം. ഓർമകൾ, അനുഭൂതികൾ, ആത്മരോഷം തുടങ്ങിയ വൈയക്തികഭാവങ്ങളോടു പുലർത്തുന്ന വിമുഖത എന്നിങ്ങനെ അനേകം കാരണങ്ങൾ കണ്ടെത്താവുന്നതാണ്. ഡയറിയുടെ രൂപഭാവങ്ങൾക്കു പുറത്ത് ഒരു നോട്ട്ബുക്കിന്റെയോ ചീന്തിയ പുസ്തകത്താളുകളുടെയോ വെള്ളക്കടലാസുകളുടെയോ കൂട്ടില്ലാത്ത ഒരു സ്ത്രീക്കോ പുരുഷനോ ഇന്ന് ജീവിക്കാനാവില്ല. പ്രായോഗികതകൾ വിഴുങ്ങിയ ഈ സമൂഹത്തിൽ സമാന്തരമായ ഒരു സ്വകാര്യലോകം ഉണ്ടായേ തീരു. അത് സൗഹൃദങ്ങളുടെ രൂപത്തിലോ അക്ഷരങ്ങളുടെ രൂപത്തിലോ വർണങ്ങളുടെയും സംഗീതത്തിന്റെയും രൂപത്തിലോ എങ്ങനെയുമാകാം. ഭാവനാജീവിതം സൂക്ഷിക്കാത്തവർ അതിജീവിക്കില്ല. അഭിരുചികളുടെ സ്വാതന്ത്ര്യത്തിലാണ് മനുഷ്യജീവിതം സാധ്യമാകുന്നത്.

മാഗിയുടെ പുസ്തകം എല്ലാ അർഥത്തിലും ഡയറിക്കുറുപ്പുകളുടെ സ്വഭാവം നിലനിർത്തുന്നു. കൃത്യതകളില്ലാത്ത, സ്വയം ന്യായീകരണങ്ങളോ നൈരാശ്യമോ ഇല്ലാത്ത, ആത്മാവിന്റെ അകത്തളങ്ങളിൽ അഭിരമിക്കാത്ത ചിതറിയ ഓർമകൾ, ഉന്മത്തതകൾ, ധർമസങ്കടങ്ങൾ, ധാർമികരോഷം, നിസ്സഹായതകൾ, നിരാശകൾ, കാമനകൾ, വേർപാടുകൾ, കാത്തിരുപ്പുകൾ, ഗൃഢാനന്ദങ്ങൾ, മുറിവുകൾ, പൊട്ടിച്ചിരികൾ, കരച്ചിലുകൾ എന്നിങ്ങനെയുള്ള ഭാവങ്ങൾ അനുനിമിഷം പ്രതിഫലി

ക്കുന്ന വിശാലമായൊരു ഫ്രെയിം ആണ് ജീവിതമെന്ന് അറിഞ്ഞുകൊണ്ടുതന്നെ അതിലേയ്ക്ക് അസാധാരണമായി ആഴ്ന്നുപോവുകയാണ് മാഗി ചെയ്യുന്നത്. പരിതാപത്തിന്റെ ഭാഷ ഈ പുസ്തകത്തിലെവിടെയും കാണാനില്ല. എഴുതിയ കുറിപ്പുകൾ ആരെങ്കിലും കാണുമെന്നോ, ഏതെങ്കിലുമൊരു കാലം അവ പുസ്തകരൂപത്തിലാവുമെന്നോ അപരിചിതമായ വായനക്കാർ അവരുടെ ആത്മസത്തയുടെ ഭാഗമായി ഈ എഴുത്തുകളെ സ്വീകരിക്കുമെന്നോ പ്രതീക്ഷിക്കാതെയാണ് മാഗിയുടെ കുറിപ്പുകളും കവിതകളുമെല്ലാം രൂപപ്പെട്ടത്. എഴുതാതിരിക്കാൻ സാധിക്കാത്ത ഒരു ഘട്ടത്തിൽ അകാലത്തിൽ ഉണ്ടായ അവരുടെ തിരോധാനം ഈ എഴുത്തുകളെ അദൃശ്യമായി പ്രചോദിപ്പിക്കുകയാണെന്നു തോന്നും. കാരണം ഈ എഴുത്തുകളിലെ ഭൂതകാലത്തിന്റെ ഭാഷയും പ്രവചനീയ സ്വഭാവത്തോടുകൂടിയ ആഖ്യാനവും അലംകൃതമായൊരു ജീവിതത്തെയും ഒരു പകലറുതിയെയും സ്വപ്നം കാണുന്നുണ്ട്. ഹോംവർക്കിന്റെ ഭാരമില്ലാത്ത എഴുത്തുകൾ തരംഗരൂപത്തിലെന്നോണം വാക്കുകളുടെ സവിശേഷമായ റിഥം അതിൽ രൂപപ്പെടുന്നു. മാഗിയുടെ ഭാഷയ്ക്ക് തുടർച്ചകളില്ല. ഒരു റിഥത്തിൽ തന്നെ അത് ഉണർന്ന് ഒടുങ്ങുന്നു. മലയാള ലിപിയിൽ എഴുതപ്പെട്ടെങ്കിലും മലയാളത്തിലെ വൈകാരികഘടനകളിൽ നിന്ന് ഭിന്നമായ പരിമിതപദങ്ങളിലൂടെ നടുക്കങ്ങൾ സൃഷ്ടിച്ച മാധവിക്കുട്ടിയുടെ എഴുത്തുകളെ സ്ത്രൈണപൂർണിമ ചിലപ്പോഴെങ്കിലും ഓർമിപ്പിച്ചെന്നിരിക്കും. മാഗിയുടെ എഴുത്തുകളിൽ ആത്മഭാഷണത്തിന്റെ, സൗഹൃദസംഭാഷണങ്ങളുടെ ഇനിയും വെളിപ്പെടാത്ത റിഥമാണുള്ളത്. താളം എന്ന് അതിനെ വിവർത്തനം ചെയ്യാനാവില്ല. സ്വയം നിറവേറുകയെന്നതൊഴിച്ചാൽ മാഗിയുടെ എഴുത്തുകൾക്ക് മറ്റ് ലക്ഷ്യങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇത് ഒരായുസ്സിന്റെ പുസ്തകമാണ്. ഇടതൂർന്ന ജീവിതത്തിന്റെ പുസ്തകം. വിലാപത്തിന്റെ പുസ്തകമായി സ്ത്രൈണപൂർണിമ വായിക്കപ്പെടരുത്.

ഒരു കൂട്ടുജീവിതത്തിന്റെ ഘടനയാണ് സ്ത്രൈണപൂർണിമയെ വ്യതിരിക്തമാക്കുന്നത്. ഒരിക്കലും വിട്ടുകൊടുക്കാനാവാത്ത വിധം മനുഷ്യനെ ബന്ധിച്ചു നിർത്തുന്ന ആത്മസൗഹൃദങ്ങളുടെ ഘടന മാഗി എന്ന വ്യക്തിയെക്കുറിച്ചുള്ള അവരുടെ ഓർമകൾ തിരിച്ചറിയപ്പെടാതെപോയ എഴുത്തുകളെക്കുറിച്ചുള്ള അനുതാപം കാത്തുനിൽക്കാതെ പോയ സമയത്തെക്കുറിച്ചുള്ള ആകുലതകൾ, സങ്കടങ്ങൾ, നടുക്കങ്ങൾ.... എന്നിവ അങ്ങേയറ്റം വൈയക്തികമാണ്. ഫാ. ബോബി ജോസ്, സെബാസ്റ്റ്യൻ പള്ളിത്തോട്, വി.ജി. തമ്പി, ഫാ. ജ്യോതിസ്സ്, സിസ്റ്റർ ശോഭ, ഷെർളി ജോർജ്, എന്നിവരുടെ കുറിപ്പുകൾ മാഗി എന്ന കൂട്ടുകാരിക്ക് മാത്രമായി എഴുതപ്പെട്ടതല്ല. അവയ്ക്ക് സംവദിക്കാൻ പൊതുവായൊരു മനസ്സുണ്ട്. നഷ്ടസൗഹൃദങ്ങളുടെ വീണ്ടെടുപ്പുകളിലേക്കാണ് ഈ എഴുത്തുകൾ വായനക്കാരെ നയിക്കുന്നത്. വായനാസുഖം ചെറിയ കാര്യമല്ല. ഹൃദയസ്തോഭങ്ങളുടെ ഭാഷ മരിക്കുകയും മറുഭാഷകൾ രൂപപ്പെടുകയും ചെയ്തതാണ് മലയാളത്തിന്റെ ദുരന്തം.

### വറ്റാത്ത ഉറവകൾ

വിളക്ക്, മണ്ണും, വിണ്ണും, ഹൃദയം കൊണ്ടെഴുതിയ കവിത, സ്നേഹത്തിന്റെ ചിലന്തിവലകൾ, നറുങ്ങുവെട്ടങ്ങൾ, വറ്റാത്ത ഉറവകൾ, നിശ്ശബ്ദരോദനങ്ങൾ, പുനർജനി, വെയിൽപാടുകൾസ അമ്മയാവുകയെന്നാൽ, വീട്, തണൽ, കുറ്റവും ശിക്ഷയും, രാസമാറ്റങ്ങൾ, എന്റെ മഞ്ഞവെളിച്ചം, കരച്ചിലുകൾ, മഴച്ചിത്രങ്ങൾ, ആൽവം, മലമുകളിലെ മരങ്ങൾ, പാവകളി എന്നിങ്ങനെ വിവിധ വിഷയങ്ങളെ സ്പർശിച്ചു പോകുന്ന ഇരുപത്തിരണ്ട് കുറിപ്പുകൾ, വാർധക്യം, വഴിയോരത്തു വീണ വിത്ത്, ചിത്രകാരൻ, കൗമാരം, കനൽ, പ്രണയം, തടവറകൾ തടവറകളേ ഓർത്തോർത്ത്, പെൺകുട്ടി, പ്രളയം, കടൽ, കവിത, തെറ്റും ശരിയും, തടാകം എന്നിങ്ങനെ പതിമൂന്ന് കവിതകൾ അഞ്ച് പുസ്തകനിരൂപണങ്ങൾ എന്നിവയാണ് സ്ത്രൈണപൂർണിമയിലുള്ളത്. ഏകീകൃതമായ ഘടനയിൽ നിന്നും സ്വഭാവത്തിൽ നിന്നും വേറിട്ടുനിൽക്കുന്ന ഈ എഴുത്തുകൾ സ്ത്രീത്വത്തിന്റെ ശക്തിയിലും ദൗർബല്യങ്ങളിലും അനുഭൂതികളിലുമാണ് നിൽക്കുന്നത്. ഒരു സാധാരണ സ്ത്രീയുടെ, അമ്മയുടെ, മകളുടെ, ഭാര്യയുടെ, സുഹൃത്തിന്റെ, അധ്യാപികയുടെ നേരെ പിടിച്ച അപരിചിതമായ കണ്ണാടിയാണ് മാഗിയുടെ എഴുത്തുകൾ. മാതൃത്വം ജീവശാസ്ത്രപരമായ അനുഭവമെന്നതിനപ്പുറം മനോഭാവമായി വികസിക്കുന്ന സന്ദർഭങ്ങൾ ധാരാളമുണ്ട്. എങ്കിലും സ്ത്രൈണപൂർണിമ ഒരു സ്ത്രീയുടെ മാത്രം എഴുത്തായി മുദ്രചെയ്യപ്പെടാൻ പാടില്ല. അതിൽ ഒരു അനീതിയുണ്ട്. സ്ത്രീപുരുഷ ഭേദങ്ങൾക്കപ്പുറം, ജീവിതത്തോട് passion ഉള്ള ഒരു വ്യക്തി ആ എഴുത്തുകളിൽ ഉയർന്നുനിൽക്കുന്നു. ഓരോ നിമിഷത്തിലും ആ നിമിഷത്തിന്റേതായ സത്യമാണ് ആ വ്യക്തി വായനക്കാർക്ക് നൽകുന്നത്. സ്ത്രൈണപൂർണിമയിൽ നിന്നുള്ള വ്യത്യസ്ത കുറിപ്പുകൾ.

പെണ്ണായിപ്പോയല്ലോ എന്നൊരു വല്ലായ്മ ആദ്യമായി അത്രയും തോന്നിയത് എന്നെ ആ കാട്ടിലെ കൂട്ടിൽ നിന്ന് പറിച്ചുനട്ടപ്പോഴാണ്. എന്റെ നിഗൂഢതകൾ ഉറവിട്ട മണ്ണ്. ഒറ്റപ്പെടലുകളുടെയും സങ്കടങ്ങളുടെയും നനവു വീണ് കുതിർന്ന മണ്ണ്. മുറിച്ചാലും വളരുന്ന ജന്മബന്ധത്തിന്റെ വേരുകൾ ഞാനിട്ടിട്ട് പോന്ന വീടിന്റെ മണത്തെയോർത്ത്, കാപ്പിച്ചെടികളുടെ വെളുത്ത പൂക്കളെയോർത്ത്, ആ വിശാലജനത എനിക്കായി തീർത്ത തണലിനെയോർത്ത്, വൃശ്ചികമാസങ്ങളിൽ റബർമരങ്ങൾക്കിടയിലൂടെ കൂട്ടംകൂട്ടമായി ഊർന്നിറങ്ങുന്ന മഞ്ഞിനെയോർത്ത് ഓരോ പ്രാവശ്യവും വീട്ടിൽ നിന്ന് പോരുമ്പോൾ കണ്ണ് നനഞ്ഞുകൊണ്ടേയിരുന്നു. വീട്ടിലേയ്ക്കുള്ള യാത്രകളിലാവട്ടെ ശബ്ദമില്ലാത്ത ഒരുതരം ഉന്മാദം കൊണ്ട് മനസ്സ് തുള്ളിച്ചാടി.... ചായം പുരട്ടിയ മണ്ണിനോടുള്ള മനുഷ്യന്റെ മമത ഉരുവിട്ടപ്പോഴേ അവന്റെ പ്രാണനിലലിഞ്ഞു ചേർന്നിരിക്കുന്നുവെന്ന്..... (വറ്റാത്ത ഉറവകൾ).

### വസന്തത്തിലെ ഉന്മാദം

പച്ചഞരമ്പുകൾ തെളിഞ്ഞുയരുന്ന അടിവയർ; അഭിമാനവും കൗതുകവും പ്രണയവും മഷിയെഴുതിയ




കണ്ണുകൾ; ഉറവ കനത്ത് ഘനം കൂടുന്ന മാറിടം; വിരിഞ്ഞുയരുന്ന ജഘനങ്ങൾ; നോക്കി നിൽക്കേ എന്നിലെ പെണ്ണും വസന്തത്തിലെ ഉന്മാദമെന്ന് എനിക്ക് തോന്നുന്നു. മണ്ണിനെയും വിണ്ണിനെയും കോർത്തിണക്കി സൃഷ്ടിയുടെ ഗർവിലും ഗാഭീര്യത്തിലും സ്ഥിതിയുടെ പ്രശാന്തതയിലും സ്ത്രീ വ്യാപരിക്കുന്നത് അവളുടെ ഗർഭാവസ്ഥയിലാവണം. സ്ത്രൈണപൂർണിമയുടെ ഉത്സവകാലം സ്ത്രീയുടെ ഋതുപ്പകർച്ചകളിൽ വസന്തത്തിനും ശിശിരത്തിനും ശരത്കാലത്തിനുമൊക്കെ അപ്പുറം പ്രകൃതി എന്നൊരു കാലം.

(അമ്മയാവുകയെന്നാൽ)

സൗഹൃദം ഒരു കാറ്റലിസ്റ്റ് കണക്കയാണ്. മെല്ലെ മെല്ലെ അത് നിങ്ങളുടെ ജീവിതത്തോട് അലിഞ്ഞ് ചേർന്ന് നിങ്ങളിലെ നന്മയെ ത്വരിതപ്പെടുത്തി, സാധ്യതകളെ ഉണർത്തി സങ്കടങ്ങളെ പ്രതീക്ഷയിൽ അലിയിച്ച്. നീർച്ചാലിനരികിരെ ഇലകൊഴിയാ വൃക്ഷങ്ങളെപ്പോലെ ആത്മസുഹൃത്തുക്കൾ..... ചെമ്പായിരുന്ന നിങ്ങൾ തങ്കമായി തീർന്നോഎന്ന കുഞ്ഞുതോന്നൽ ഒരു സൗഹൃദക്കൂട്ടം നിനക്കു സമ്മാനിക്കുന്നുവെങ്കിൽ സൗഹൃദത്തിന്റെ പച്ചപ്പുള്ള, നിറയെ പൂക്കളുള്ള താഴ്വരയിലൂടെ തന്നെയത്രേ നിന്റെ സഞ്ചാരം. ദാമ്പത്യം പോലും ഇത്രമേൽ സുന്ദരമായിരിക്കുന്നത് അതിനെ സൗഹൃദത്തിന്റെ കണ്ണാടിയിലൂടെ നോക്കുമ്പോളാവണം. ഭർത്താവായോ ഭാര്യയായോ ആണായോ പെണ്ണായോ പരസ്പരം ഭാരപ്പെടുത്താതെ സൗഹൃദത്തിന്റെ സുതാര്യതയോടും സ്വാതന്ത്ര്യത്തോടും കൂടെ കലഹിക്കുമ്പോൾപോലും അതിനുമുണ്ടൊരു ചന്തം

(തണൽ)

പരിചിതമായ എഴുത്തുരീതികളിൽ നിന്നും, ഘടനയിൽ നിന്ന് വ്യത്യസ്തമായ ഈ എഴുത്തുകളിൽ തികച്ചും അയുക്തികമെന്നു തോന്നാവുന്ന ഒരു സൗന്ദര്യശാസ്ത്രം പ്രവർത്തിക്കുന്നുണ്ട്. ഒരു പക്ഷേ, ആ അയുക്തികത തന്നെയാണ് സ്ത്രൈണ പൂർണിമയുടെ വായനാസുഖവും ഈ ഗദ്യഭാഷയുടെ തുടർച്ചയോ അപരസഞ്ചാരമോ ആണ് കവിതകൾ.

വാർധക്യം ഒരു തളിരിടും കാലമെന്നും
അപ്പോൾ നീ നിന്നിലെ പുരുഷനിൽനിന്നും
ഞാനെന്നിലെ സ്ത്രീയിൽ നിന്നും സ്വതന്ത്രയായ്
കറുത്ത നിഴൽ പുറയുന്ന നോട്ടങ്ങളെ ഭയക്കാതെ
ചുളിയുന്ന പുരികങ്ങളെ നേരിടാതെ
തേജസ്സാർന്ന ആത്മാക്കളായ്
ഈറനണിഞ്ഞ തണൽവഴിയിലൂടെ
ഏറെ ദൂരം നടക്കുമെന്നും
അങ്ങു ദൂരെ ആ കുന്നിനു മുകളിൽ
ചുവക്കുന്ന ആകാശത്തെ നോക്കിനിൽക്കുമെന്നും
ഞാൻ സ്വപ്നം കാണുന്നു.....

(വാർദ്ധക്യം)

ഒരു സ്ത്രീയുടെ സ്വകാര്യശേഖരത്തിൽ, ഭാവനയുടെ ഏറുമാടങ്ങളിൽ എന്തൊക്കെയുണ്ടാകും? പ്രതിരോധത്തിന്റെ കൂർത്തകല്ലുകൾ മാത്രമായിരിക്കില്ല ഉണ്ടാകുന്നത്. മയിൽപ്പീലികൾ, കുന്നിക്കുരുക്കൾ, മഞ്ചാടികൾ, കൗമാരകാലം മുഴുവൻ എന്തിനെന്നറിയാതെ, എഴുതിയ ചിതറിയ കുറിപ്പുകൾ കൈമാറിയ പുസ്തകങ്ങൾ കത്തുകൾ, പ്രണയലേഖനങ്ങൾ, അങ്ങനെയെന്തെല്ലാം. ഒരു കാലം ജീവിതത്തിന്റെ യാഥാർഥ്യവും നിലനില്പും അതിലായിരുന്നിരിക്കും. പിന്നീട് അത്തരം സൂക്ഷിപ്പുകൾ പരിഹാസ്യതയോടെ പിന്തുടർന്നുവരും പൈങ്കിളികൾ ചേക്കേറുന്ന ഒളിയിടങ്ങളായി സഹവാസികൾക്കും നമുക്കുതന്നെയും അനുഭവപ്പെടും. ഓരോ കാലത്തിനും ഓരോ യാഥാർത്ഥ്യവും അനുഭൂതിയുമാണ്. അവ പരിഹസിക്കപ്പെടേണ്ടവയല്ല. ഇത്തരം സമാന്തരജീവിതങ്ങൾ നഷ്ടപ്പെട്ടവരിലാണ് ക്രിമിനൽ ബുദ്ധിയും ഭാവനയും ഉണരുന്നത്.

ബാല്യത്തിന്റെയും കൗമാരത്തിന്റെയും യൗവ്വനത്തിന്റെയും വികാസമെന്നോണം. മനസ്സിന്റെ സഞ്ചാരപഥങ്ങളെ രേഖപ്പെടുത്താൻ ഒരു കൈപ്പുസ്തകം സൂക്ഷിക്കാൻ നമുക്കാവണം. ആത്മാവിന്റെ കുരിശുയുദ്ധങ്ങളിൽ മുറിവേൽക്കാതിരിക്കാൻ, അകാലവാർധക്യം നേരിടാതിരിക്കാൻ. അതിൽ ആൺ-പെൺ ഭേദമില്ല. മാഗി കടന്നുപോയിട്ടും വിലാപത്തിന്റെ ഭാഷയായി സ്ത്രൈണപൂർണിമയെ വായിക്കാൻ സാധിക്കുന്നില്ല. കാരണം അനിശ്ചിതമായ കാലത്തിന്റെ നിറഭേദങ്ങളിലാണ് ഈ പുസ്തകം കംപോസ് ചെയ്തിരിക്കുന്നത്.



# കേരളത്തിലെ എയ്ഡഡ് ബി എഡ് ട്രെയിനിംഗ് കോളജുകൾ അടച്ചുപൂട്ടലിൻെറ വക്കിലോ?



**ഡോ.പ്രമോദ് ജി.നായർ**
എസ്. എൻ ട്രെയിനിംഗ് കോളജ്, നെടുങ്കണ്ട, വർക്കല

സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപ് തന്നെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലായിരുന്നു ഒപ്പം അദ്ധ്യാപക പരിശീലനം നൽകി വന്നിരുന്ന ബി എഡ് ട്രെയിനിംഗ് കോളജുകളും മെച്ചപ്പെട്ട അദ്ധ്യാപകരെക്കൊണ്ടും സമൂഹത്തിൽ മാററങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ള അദ്ധ്യാപക വിദ്യാർത്ഥികളാലും സമ്പന്നമായിരുന്നു. കഴിഞ്ഞ അറുപതിൽപരം വർഷങ്ങളിലെ കേരളത്തിലെ ട്രെയിനിംഗ് കോളജുകളുടെ ചരിത്രം പരിശോധിച്ചാൽ സുത്യർഹമായ രീതിയിൽ അദ്ധ്യാപക വൃത്തി അവലംബിക്കുന്ന അദ്ധ്യാപകരെ ലോകമെങ്ങും നൽകാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കാണാം. 1983 ൽ എൻ സി ററി ഈ അഥവാ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ രൂപീകൃതമാകുന്നതുവരെ അദ്ധ്യാപന പരിശീലന പരിപാടികൾ പൂർണ്ണമായും അതാത് യൂണിവേഴ്സിററികളുടെ നിയന്ത്രണത്തിലായിരുന്നു. 1983 ൽ സ്ഥാപിക്കപ്പെടുകയും, 1993 ൽ നിലവിൽ വരികയും 1995 ജൂലായ് ഒന്നു മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത NCTE അദ്ധ്യാപക പരിശീലന കോഴ്സുകളുടേയും കേന്ദ്രങ്ങളുടേയും നിയന്ത്രണം ഏറെറടുത്തതോടെ ട്രെയിനിംഗ് കോളജുകൾ ത്രിമുഖ നിയന്ത്രണത്തിലാ

യി. അടിസ്ഥാന സൗകര്യങ്ങൾ അദ്ധ്യാപകരുടെ എണ്ണം തുടങ്ങിയ കാര്യങ്ങളിൽ NCTE നിയന്ത്രണവും സിലബസ്, അഡ്മിഷൻ, പരീക്ഷ എന്നിവ യൂണിവേഴ്സിററി നിയന്ത്രണത്തിലും ശമ്പളം . ഇതര ആനുകൂല്യങ്ങൾ എന്നിവ ആദ്യം സംസ്ഥാന ഗവൺമെൻറിൻേറയും തുടർന്ന് UGC യുടേയും സംസ്ഥാന ഗവൺമെൻറിൻേറയും ഒരുമിച്ചുള്ള നിയന്ത്രണത്തിലുമായി.



NCTE എല്ലാ ട്രെയിനിംഗ് കോളജുകളുടേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1.15 എന്ന് നിലനിർത്തുകയും NCTE നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം മരവിപ്പിക്കുകയും ചെയ്തു. ഇതര ആർട്സ് ആൻറ് സയൻസ് കോളജുകളിൽ നിന്ന് വ്യത്യസ്തമായി UGC ശമ്പള പരിഷ്ക്കരണ നടപടികൾ വന്നപ്പോൾ സംസ്ഥാന ഗവൺമെൻറ് ട്രെയിനിംഗ് കോളജ് അദ്ധ്യാപകരെ വ്യത്യസ്ത ശമ്പളം വാങ്ങുന്ന ശ്രേണികളായി തിരിക്കാതെ ഒരേ സമയം MA/ MSc/ Mcom ഉം MEd ഉം MEd ൽ NET ഉം അടിസ്ഥാന യോഗ്യതയുള്ള ട്രെയിനിംഗ് കോളജ് അദ്ധ്യാപകർക്ക് സർവ്വീസിൽ പവേശിക്കാൻ തന്നെ യു ജി സി നിരക്കിലുള്ള ശമ്പളവും നൽകി.

അന്ന് കേരളത്തിൽ 19 ട്രെയിനിംഗ് കോളജുകൾ (15 എയ്ഡഡ് 4 ഗവൺമെൻറ്) പുറത്തു വിടുന്ന അദ്ധ്യാപകർ ഓരോ വർഷവും ഉണ്ടാവുന്ന വേക്കൻസികളിലേക്ക് മതിയാകുമായിരുന്നു എന്നുള്ള കാര്യം ഗവേഷണം നടത്തി സ്ഥാപിച്ചിട്ടുള്ളതാണ്. കേരളത്തിലെ ട്രെയിനിംഗ് കോളജുകളുടെ സുവർണ്ണ കാലഘട്ടമായിരുന്നു അത്. പക്ഷേ തുടർന്ന് സ്വാശ്രയ മേഖലയിലൂടെ വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ മതിയായ അടിസ്ഥാന സൗകര്യങ്ങളോ യോഗ്യരായ അദ്ധ്യാപകരോ ഇല്ലാതെ യൂണിവേഴ്സിററികൾ ബി എഡ് സെൻററുകൾ ആരംഭിച്ചു . തുടക്കം കാലിക്കററ് യൂണിവേഴ്സിററിയിൽ നിന്നായിരുന്നു. തൊണ്ണൂറുകൾ പിന്നിട്ടപ്പോൾ എല്ലാ യൂണിവേഴ്സിററകളും ഈ പാതയിലേക്ക് വരികയും ലാഭം മാത്രം എന്ന ലക്ഷ്യത്തോടെ എൻ സി ററി ഈ നിയമങ്ങൾ ബാധകമാക്കാതെ യൂണിവേഴ്സിററി താല്പര്യങ്ങൾക്കനുസരിച്ച് ബി എഡ് സെൻററുകൾ പ്രവർത്തിച്ചു പോന്നു.

Teaching Educational ൽ ഏററവും വലിയ അപചയം കേരളം നേരിട്ടത് ശ്രീ എ കെ ആൻറണി മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി യാതൊരു ത്വദീക്ഷയുമില്ലാതെ കേരളം മുഴുവൻ ബി എഡ് കോളജുകൾ അനുവദിച്ചതാണ്. കേരളത്തിലെ ഏററവും നല്ല പ്രശ്നരഹിത നിക്ഷേപം വിദ്യാഭ്യാസമാണെന്ന് തിരിച്ചറിഞ്ഞ കുത്തകമുതലാളിമാർ എൻ സി ററി യേയും പണപ്രഭയിൽ കീഴ്പ്പെടുത്തിയപ്പോൾ കൊച്ചു കേരളത്തിലെ മൊത്തം ട്രെയിനിംഗ് കോളജുകളുടെ എണ്ണം ഇരുന്നൂറു കവിയുകയും എല്ലാ തീരുമാനങ്ങളും സ്വാശ്രയ മേഖലയുടെ താല്പര്യങ്ങൾക്കനുസരിച്ചാവുകയും ചെയ്തു. ഇന്ന് കുട്ടികളുടെ എണ്ണക്കുറവ് മൂലം അവയിൽ മിക്കതും അടച്ചു പൂട്ടലിൻെറ വക്കത്താണ്. കുട്ടികളുടെ എണ്ണത്തിൽ അപര്യാപ്തത എയ്ഡഡ് കോളജുകളുടെ നില നില്പിനേയും സാരമായി ബാധിച്ചിരിക്കുന്നു.

ഇതിനിടെ NCTEയുടെ SRO/ NCTE/RD/Regulation2014-2014-15/ 60878 എന്ന 31-12-2014 ലെ ഉത്തരവ് പ്രകാരം ഒരു വർഷം ദൈർഘ്യമുള്ള BEd, MEd Course കളെ രണ്ടു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു. മുമ്പ് 100 കുട്ടികൾ അടങ്ങുന്ന ഒരു slot 50 കുട്ടികളായി പരിമിതപ്പെടുത്തുകയും അടിസ്ഥാന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ എത്ര slot വേണമെങ്കിലും ഒരു ട്രെയിനിംഗ് കോളജിന് ആവശ്യപ്പെടാമെന്നും ഉത്തരവായി. ഒപ്പം നിലവിലുള്ള യു ജി സി അദ്ധ്യാപക സംവിധാനത്തിലേക്ക് Non UGC തലത്തിലുള്ള അദ്ധ്യാപകരെ പുതിയ വിഷയങ്ങളിൽ നിയമിക്കാമെന്നും വ്യവസ്ഥ വച്ചു. നിലവിലുള്ള Strength ഉം അദ്ധ്യാപകരുടെ എണ്ണവും നിലനിർത്തി കിട്ടാനായി ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സമീപിച്ച എയ്ഡ

ഡ് കോളജുകൾക്ക് ഒരു തകർച്ചയുടെ വാതിലിലാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പ് തുറന്നുകൊടുത്തത്. ആദ്യം ഗവൺമെൻറ് നിലവിലുള്ള Stength എത്രയാണെങ്കിലും 50 കുട്ടികൾ അടങ്ങുന്ന ഒരു Slot മാത്രമേ കേരളത്തിലെ എയ്ഡഡ് ഗവൺമെൻറ് കോളജുകൾക്ക് അനുവദിക്കൂ എന്ന് ആദ്യം വാക്കാലും തുടർന്ന് ഗവൺമെൻറ് ഉത്തരവാലും വ്യക്തമാക്കി. അദ്ധ്യാപക തസ്തികകൾ എത്ര excess ആയി ഉണ്ടാ.യാലും അവരെ Super numery ആയി നിലനിർത്തും എന്നും മേൽ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയില്ലെന്ന് മാത്രമല്ല അവർക്ക് എത്ര slot വേണമെങ്കിലും അപേക്ഷിക്കാമെന്ന് മൗനാനുവാദവും നൽകി. ഈ ഉത്തരവിൽ ദൂരവ്യാപകമായി എയ്ഡഡ് ട്രെയിനിംഗ് കോളജുകളെ തച്ചു തകർക്കാനുള്ള സാധ്യതകൾ ഉണ്ട്,. അവചുവടേ ചേർക്കുന്നു.

1. 50 കുട്ടികളുടെ ഒരു slot ആണ് അനുവദിക്കുന്നതെങ്കിൽ രണ്ടു വർഷം കൊണ്ട് നൂറു കുട്ടികൾ ആകുന്നു. സാധാരണ കേരള യൂണിവേഴ്സിററി എയ്ഡഡ് കോളജുകൾക്ക് അനുവദിക്കുന്നത് സീററ് 150 ആണ് (1: 12.5). പുതിയ രണ്ടു പോസ്ററുകൾ കൂടി അനുവദിച്ചാൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം വളരെ കുറവായിരിക്കും. ഒരു optional അദ്ധ്യാപകൻ (1: 3.5) എന്ന അനുപാതത്തിൽ 6 optional ഉള്ള ഒരു കോളജിൽ പഠിപ്പിക്കേണ്ടി വരും. ഓപ്ഷണലിൻെറ എണ്ണം കൂടുതലാണെങ്കിൽ അനുപാതം ഇനിയും കുറയും.
2. നിലവിൽ വന്ന പുതിയ workload പ്രകാരം ഈ അനുപാതം 1:2 എന്ന നിലക്കു മാറാം. കുട്ടികൾ കുറവാണെങ്കിൽ അത് 1:1 ആവാനും സാധ്യതയുണ്ട്.
3. 350 കുട്ടികളെ പഠിപ്പിക്കുന്ന കാലിക്കററ് യൂണിവേഴ്സിററിയിലെ കോളജുകൾക്ക് 50 കുട്ടികളുടെ ഒരു slot ആണ് അനുവദിക്കുന്നത്. ഈ കോളജുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഏറെ ദയനീയമായിരിക്കും.
4. ഇത്രയും പരിമിതപ്പെട്ട workload ഉള്ള അദ്ധ്യാപകരോട് യു ജി സി എങ്ങനെ പ്രതികരിക്കുമെന്ന് കണ്ടറിയാം.
5. സംസ്ഥാനത്തിനും നിറയെ +2 കൊടുത്ത് കുട്ടികൾ ഇല്ലാതെ +2 സീററുകൾ ഒഴിഞ്ഞു കിടക്കുന്ന കേരളത്തിൽ വാരിക്കോരി വീണ്ടും +2 കൊടുക്കാൻ വെമ്പൽ കൂട്ടുന്ന ഗവൺമെൻറ് +2 ക്കാരെ പഠിപ്പിക്കാനായി അദ്ധ്യാപകരെ വാർത്തു വിടുന്ന ട്രെയിനിംഗ് കോളജുകളോട് ഈ സമീപനം സ്വീകരിക്കുന്നതിൻെറ യുക്തി മനസ്സിലാവുന്നില്ല.
6. സാർവത്രിക വിദ്യാഭ്യാസം ലക്ഷ്യമിടുന്ന ഒരു കാലഘട്ടത്തിൽ കേന്ദ്ര ഗവൺമെൻറ് ഉദാര നടപടികൾ സ്വീകരിക്കുമ്പോൾ ദരിദ്രർക്കും പിന്നാക്കക്കാർക്കും ഒരത്താണിയായിരുന്ന ഗവൺമെൻറ് എയ്ഡഡ് കോളജുകളെ നിഷ്ക്രിയമാക്കാൻ ഗവൺമെൻറ് നടത്തുന്ന ഈ നയം എന്തു ഭരണഘടന ബാധ്യത നിറവേററാനാണ് എന്ന് വ്യക്തമാക്കേണ്ട ഉത്തരവാദിത്തം ഗവൺമെൻറിനുണ്ട്.
7. 200 കുട്ടികൾക്ക് വേണ്ടി യു ജി സി ധനസഹായത്തോടെ Aided College കോളജുകൾ കൈവരിച്ച അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനാവാതെ വളരെ കുറച്ചു കുട്ടികൾക്കായി പരിമിതപ്പെടുത്തി ഇല്ലാതാക്കേണ്ട സാഹചര്യം ഗവൺമെൻറിനുണ്ടോ.
8. 20 Govt/ Aided Training College ലെ അദ്ധ്യാപകർ ഒരു സംഘടിത ശക്തി അല്ലാത്തതു കൊണ്ടാണോ ഗവൺമെൻറ് നീചമായ രീതിയിൽ ഈ കോളജുകളുടെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നത്.
9. കുട്ടികളുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തുകയും ഒത്തിരി അദ്ധ്യാപക തസ്തികകൾ Super numery ഗവൺമെൻറ് കാണിക്കുന്ന തിടുക്കം സംശയാസ്പദമാണ്.
10. ഗവൺമെൻറ് സാമ്പത്തിക ബാധ്യത താങ്ങാനാവുന്നില്ല എന്നു പറയുമ്പോൾ ട്രെയിനിംഗ് കോളജ് അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നത് UGC grand നിന്നാണ് എന്ന് ഗവൺമെൻറ് ഓർക്കുന്നുണ്ടോ.
11. സംസ്ഥാനത്തു നിലവിലുള്ള course കളിൽ വ്യക്തമായ ഒരു പരിശീലന പദ്ധതിയുള്ള ഈ കോഴ്സിനെ ഗവൺമെൻറ് പ്രാധാന്യം കുറച്ചു കാണുന്നു എന്നുള്ളത് നിസ്തർക്കമാണ്
12. NCTE അഖിലേന്ത്യാ അടിസ്ഥാനത്തിൽ ആരുടേയോ സ്വാധീനത്തിനു വഴങ്ങി PG യും NET ഉം വേണ്ടാത്ത അദ്ധ്യാപകരെ നിയമിക്കാനുള്ള സ്വാതന്ത്ര്യം ഏതോ സംസ്ഥാനത്തിലെ ചില Un Aided കോളജുകൾക്ക് നൽകിയത് ചിട്ടയായ ഒരു അദ്ധ്യാപക ശൃംഖലയുള്ള കോളജുകളിലേക്ക് പരിച്ചു നടാൻ ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ.
13. വ്യക്തമായ ചർച്ചകളും സമവായങ്ങളുമില്ലാതെ അവ്യക്തമായ ഉത്തരവുകളിലൂടെ Aided മേഖലയെ തകർക്കാനും മുതലാളിത്ത അജണ്ട അടിച്ചേൽപ്പിക്കാനും കേരളാ ഗവൺമെൻറ് നടത്തുന്ന സംഘടിത ശ്രമം എല്ലാ സംഘടനകളും തിരിച്ചറിയണമെന്നും പ്രതികരിക്കണമെന്നും താല്പര്യപ്പെടുന്നു.

ബൃഹത്തായ കോളജ് അദ്ധ്യാപക സമൂഹത്തിൻെറ ഒരു ചെറുഭാഗമായ ട്രെയിനിംഗ് കോളജ് അദ്ധ്യാപകർ ഇന്ന് വിദ്യാഭ്യാസരംഗത്ത് അദ്ധ്യാപക സമൂഹം നേരിടുന്ന ഏതു പ്രശ്നത്തിനും കൃത്യമായ ആർജ്ജവവും സഹകരണവും നൽകിയിരിട്ടുണ്ട്. എയ്ഡഡ് ട്രെയിനിംഗ് കോളജുകളുടെയും അദ്ധ്യാപകരുടെയും ഭാവി ഒരു ചോദ്യ ചിഹ്നമാവുന്ന ഈ അവസരത്തിൽ ഈ സാമൂഹ്യ തിന്മക്കെതിരെ പോരാടാൻ എയ്ഡഡ് അദ്ധ്യാപക സമൂഹത്തിൻെറ മൊത്തം സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു



# നാനോടെക്നോളജിയും പ്രകൃതിയും



**ഡോ.വി.എം.ആനന്ദകുമാർ**
എം. ജി. കോളേജ്
തിരുവനന്തപുരം

പ്രകൃതി ഒരുക്കുന്ന വിസ്മയാവഹമായ കാഴ്ച നമ്മെ അത്ഭുതപ്പെടുത്താറില്ലേ? പൂക്കളുടെയും പൂമ്പാറ്റകളുടെയും വർണ്ണശബളിമയും മരങ്ങളുടെയും ചെടികളുടെയും വൈവിധ്യവും ഒന്നു ശ്രദ്ധിച്ചു നോക്കൂ. ഈ വൈവിധ്യത്തിന്റെയും മനോഹാരിതയുടെയും പിറകിൽ ഒരു സാങ്കേതികവിദ്യയുണ്ട്. കോടിക്കണക്കിന് വർഷങ്ങളിലൂടെ പ്രകൃതി സ്വയം വികസിപ്പിച്ചെടുത്ത നാനോ സാങ്കേതികവിദ്യ. പ്രകൃതി തന്നെ ഒരു നാനോ ഫാക്ടറിയാണ്. രാസപ്രവർത്തനത്തിലൂടെയോ ഭൗതിക പ്രവർത്തനങ്ങൾ വഴിയോ ജീവശാസ്ത്ര വിദ്യകൾ ഉപയോഗിച്ചോ നാനോ പദാർത്ഥങ്ങൾ നിർമ്മിക്കാവുന്നതാണ്. ബാക്ടീരിയകൾ വൈറസുകൾ എന്നീ പ്രകൃതിയിൽ കാണുന്ന പലതും നാനോ മെഷീനുകളായി കരുതാം. സാധാരണ സൂക്ഷ്മദർശിനികൾ വഴി കാണാൻ പറ്റുന്ന ഏറ്റവും ചെറിയ പൊടിയുടെ വലിപ്പം ഏകദേശം നൂറു മൈക്രോമീറ്ററാണ്. എന്നാൽ അണുക്കളുടെ വിലിപ്പം നാനോമീറ്ററിലും താഴെയാണ്. എന്നാൽ ജീവജാലങ്ങളിൽ കാണുന്ന പ്രോട്ടീൻ തന്മാത്രകളുടെ വലിപ്പം ഒരു നാനോമീറ്റർ മുതൽ മുകളിലേക്കാണ്. ഒരു മീറ്ററിന്റെ നൂറു കോടിയിൽ ഒരംശത്തിനെയാണ് നാനോമീറ്റർ എന്ന് വിവക്ഷിക്കുന്നത്. പ്രകൃതിയിൽ കാണുന്ന ഏകകോശജീവികൾ ഉൾപ്പെടെ ബാക്ടീരിയകൾ, വൈറസുകൾ എന്നിവയുടെ വലിപ്പം നാനോമീഓറ്റർ തലത്തിൽ അളക്കാവുന്നതാണ്. ഇവ ഉപയോഗിച്ച് നാനോ കണങ്ങൾ ഉണ്ടാക്കാമെന്ന് ശാസ്ത്രലോകം തെളിയിച്ചു കഴിഞ്ഞു. ഉദാഹരണത്തിന് തൈരിൽ അടങ്ങിയിട്ടുള്ള ചില ബാക്ടീരിയകൾ നാനോകണങ്ങൾ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. സസ്യജന്തു നിർമ്മിതമായ പല വസ്തുക്കളും ഉപയോഗിച്ച് നാനോകണങ്ങൾ ഉണ്ടാക്കാം. ജൈവികമായ ഈ നാനോ നിർമ്മിതി യാതൊരുവിധ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നില്ല. ഇതിനാൽ ഈ മേഖലയിൽ വളരെ ഗൗരവമായ ഗവേഷണങ്ങൾ നടക്കുന്നുണ്ട്.

നമുക്കറിയാവുന്നതിൽ വച്ച് ഏറ്റവും കാര്യക്ഷമമായ നാനോയന്ത്രങ്ങൾ

പ്രവർത്തിക്കുന്നത് ജീവജാലങ്ങളിലാണ്. മനുഷ്യശരീരത്തിനെ തന്നെയെടുക്കാം. മനുഷ്യശരീരത്തിലെ അടിസ്ഥാനഘടകങ്ങളായ കോശങ്ങളുടെ വലിപ്പം ഏതാനും നാനോമീറ്റർ മാത്രമാണ്. ഈ കോശങ്ങളെക്കാൾ അനേക മടങ്ങ് സൂക്ഷ്മമായ പ്രോട്ടീൻ തന്മാത്രകൾ എന്തെല്ലാം ധർമ്മങ്ങളാണ് ശരീരത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ജൈവതന്മാത്രകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുമ്പോൾ അവയുടെ അടിസ്ഥാന നിയമങ്ങൾ മനസ്സിലാക്കാം. ഉദാഹരണത്തിന് കൈനസിൻ എന്ന പ്രോട്ടീനുകൾക്ക് രാസിക ഊർജ്ജം ഉപയോഗിച്ച് ചലനം സാധ്യമാകുന്നു. ഒരു കൈനസിൻ തന്മാത്ര എങ്ങനെയാണ് രാസികോർജ്ജം സ്വീകരിക്കുന്നത്, എത്ര അളവിൽ സ്വീകരിക്കുന്നു. ആ ഊർജ്ജം കൊണ്ട് എന്ത് പ്രവൃത്തി ചെയ്യാൻ കഴിയുന്നു എന്നൊക്കെ മനസ്സിലാക്കുമ്പോൾ ജൈവാവസ്ഥയെക്കുറിച്ച് കൂടുതൽ അറിവ് പ്രാപ്യമാകുന്നു. ഇത്തരത്തിലുള്ള അറിവ് നേടണമെങ്കിൽ അവയെ കാണാനും അവയുടെ ചലനം നിരീക്ഷിക്കാനും കഴിയണം.

ജൈവകോശം ഒരു നാനോമെഷീനാകുന്നു. വിഭിന്നങ്ങളായ കോശങ്ങളിൽ വ്യത്യസ്തങ്ങളായ കർമ്മങ്ങൾ നടക്കുന്നു. വളരെയേറെ സങ്കീർണമായ രാസപ്രവർത്തനങ്ങൾ മുഖേനയാണ് നമ്മുടെ തലച്ചോറിലെ ഓരോ ന്യൂറോണുകളും പ്രവർത്തിക്കുന്നത്. അങ്ങനെയുള്ള പരസ്പരം ഇഴചേർന്ന എത്രയോ പ്രവർത്തനങ്ങൾ കൊണ്ടാണ് നമ്മുടെ പല ജോലികളും സാധ്യമാകുന്നത്. അങ്ങനെ ആലോചിച്ചാലോ നാനോടെക്നോളജി എന്നാൽ പ്രകൃതിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ തന്നെയാണെന്ന് മനസ്സിലാവും. അങ്ങനെ ജൈവലോകം മുഴുവൻ നാനോടെക്നോളജിയാണെന്നു വരുന്നു. ഈ ടെക്നോളജിയെ ഇന്ന് വെറ്റ് നാനോടെക്നോളജി എന്നാണ് പറയുന്നത്. എന്തു കൊണ്ടെന്നാൽ ജൈവപ്രവർത്തനങ്ങൾക്കെല്ലാം ജലം ആവശ്യമാണ്. ഈ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് പലപ്പോഴും അയോണുകളും പ്രത്യേകം PH ഉം ആവശ്യമാണ്. കാർബൺ,



സിലിക്കൺ തുടങ്ങിയ മൂലകങ്ങൾ ഉപയോഗിച്ചുള്ള നാനോസാങ്കേതിക വിദ്യയ്ക്ക് ജലാംശം ആവശ്യമില്ല. ജലാംശം ആവശ്യമില്ലാത്ത ഈ സാങ്കേതിക വിജ്ഞാനത്തെ നിർജല നാനോ സാങ്കേതിക വിജ്ഞാനം അഥവാ ഡ്രൈ നാനോടെക്നോളജി എന്നു പറയുന്നു.

വെറ്റ് നാനോടെക്നോളജിയെ കുറിച്ച് അതിന്റ് അടിസ്ഥാന രീതികളെക്കുറിച്ച് ശരിയായ ധാരണ ഇന്ന് കുറവാണ്. എന്നാൽ ഒരു കാര്യം വ്യക്തമാണ്. ജൈവലോകം ചെയ്തുകൂട്ടുന്ന കാര്യങ്ങൾ എത്ര സങ്കീർണമായിരുന്നാലും അവ കാര്യക്ഷമമാണ്. ഇലകൾ ആഗിരണം ചെയ്യുന്ന സൂര്യപ്രകാശമാണ് ഭക്ഷണം ഉണ്ടാക്കുന്നത്. ഈ ആഗിരണവും തുടർന്നുണ്ടാകുന്ന അനേകം പ്രവർത്തനങ്ങളും കൊണ്ടാണ് വിളവുകൾ ഉണ്ടാകുന്നത്. ആഗിരണം ചെയ്യുന്ന ഊർജ്ജത്തിന്റെ എത്രയോ ചെറിയ ഒരു ഭാഗം മാത്രമാണ് മറ്റുകാര്യങ്ങൾക്കായി പാഴായിപോകുന്നത്. ജൈവലോകത്തിന്റെ പ്രവർത്തനങ്ങളൊക്കെയും ഊർജ്ജക്ഷമതയേറിയതാണ്. പൂമ്പാറ്റയെ ശ്രദ്ധിക്കുക. എത്ര കുറഞ്ഞ ഭക്ഷണം കൊണ്ടാണ് അത് വളരെ ദൂരം അനായാസം പറക്കുന്നത്. ഇത് സാധ്യമാകുന്നത് വെറ്റ് നാനോടെക്നോളജി മൂലമാണ്. ഈ നാനോടെക്നോളജി നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞാൽ തന്മാത്രകളെ കൊണ്ട് ജോലി ചെയ്യിക്കാൻ കഴിഞ്ഞാൽ നമ്മുടെ ഊർജ്ജ പ്രതിസന്ധി എന്നേന്നേക്കുമായി അവസാനിക്കും.

ശുദ്ധപദാർത്ഥത്തിന്റെ നാനോകണങ്ങൾ പോലെ മിശ്രിതങ്ങളുടെ നാനോകണങ്ങളും പ്രകൃതിയിലുണ്ട്. പ്രകൃതിയിലുള്ള പല വസ്തുക്കളും വ്യത്യസ്തങ്ങളായ പദാർത്ഥങ്ങളുടെ കൂട്ടായ്മയാണ്. ഈ പങ്കാളിത്തം അനിതര സാധാരണമായ ഗുണങ്ങൾ ഈ വസ്തുക്കൾക്കുണ്ട്. എല്ലും, പല്ലും, ശംഖുമൊക്കെ കാർബണിക-അകാർബണിക കൂട്ടായ്മകളാണ്. ലവണങ്ങളും പ്രോട്ടീനുകളും ചേർന്നാണ് ഇങ്ങനെയുള്ള വസ്തുക്കളുണ്ടാക്കിയിട്ടുള്ളത്. ആയിരക്കണക്കിന് വർഷങ്ങൾ നിലനിൽക്കുന്ന ഈ വാസ്തുവിദ്യ ഉണ്ടാക്കിയിരിക്കുന്നത് നാനോകണങ്ങളെ വേണ്ടരീതിയിൽ കൂട്ടിചേർക്കുന്നതിലൂടെയാണ്. കാർബണിക-അകാർബണിക കൂട്ടായ്മകളുടെ വസ്തുക്കൾ നിരവധിയാണ്. ലോഹവും അലോഹവും ചേർന്നവ, ചാലകവും അചാലകവും ചേർന്നവ, കാന്തികവും അകാന്തികവും ചേർന്നവ എന്നിങ്ങനെ പലതും കൂടി ചേർന്ന്



നിർമ്മിക്കുന്ന പുതിയ വസ്തുക്കൾ പുതുമയാർന്ന പ്രത്യേകതകൾ കാണിക്കുന്നു. ഇങ്ങനെയുള്ള അന്വേഷണങ്ങളിലൂടെയാണ് പദാർത്ഥ വിജ്ഞാനീയം പുരോഗമിക്കുന്നത്. പ്രകൃതിമുഴുവൻ ഇങ്ങനെയുള്ള കൂട്ടായ്മകളാണ്. മുളയും കയറും വാഴപ്പോളയും നെൽകതിരും മീൻ ചെതുമ്പയുമെല്ലാം ഇങ്ങനെ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഈ കൂട്ടായ്മയാണ് പ്രകൃതിയിലെ അന്യാദൃശ്യ ഗുണങ്ങൾക്ക് നിദാനമായിട്ടുള്ളത്. മയിൽപ്പീലിയുടെ വർണ്ണശോഭയും താമര ഇലയുടെ തെളിമയും പൊടിപിടിക്കാത്ത പ്രതലവും ചണനാരിന്റെ ശക്തിയും പല്ലിന്റെ കാഠിന്യവും ഇങ്ങനെയുണ്ടായതാണ്. നമ്മുടെ ചുറ്റുമുള്ള മൂലകങ്ങളെക്കൊണ്ട് നിസ്സാരമെന്നു തോന്നാവുന്ന രാസപ്രവർത്തനങ്ങളിലൂടെ പ്രകൃതി ഈ സങ്കീർണ്ണതയെല്ലാം ഉണ്ടാക്കിയിരിക്കുന്നത്.

സങ്കീർണ്ണതയോടൊപ്പം വസ്തുക്കൾക്ക് ഗുണവും വേണം. ചെടികളിൽ തൂങ്ങി നിൽക്കുന്ന ഫലങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. ഫലം താങ്ങിനിർത്താനുള്ള ശക്തിമാത്രം പോരാ. അതുവഴി ഫലത്തിനാവശ്യമുള്ള ജലവും ലവണങ്ങളും എല്ലാം കൊണ്ടു പോകുകയും വേണം. ഫലത്തിന്റെ വലിപ്പം കൂട്ടുന്നതിനനുസരിച്ച് ഞെട്ടിന്റെ ബലവും കൂടണം. പഴുക്കുമ്പോൾ ബലം കുറഞ്ഞ് അടർന്ന് വീഴുകയും വേണം. ഇതെല്ലാം കൃത്യമായി നിർവ്വഹിക്കുന്നതാണ് നാനോസാങ്കേതിക വിദ്യയിലൂടെയാണ്. മയിൽ അതിന്റെ പീലികൾ നിവർത്തി നൃത്തം ചെയ്യുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാവുമല്ലോ. മയിൽപ്പീലിക്ക് ഇത്ര വൈവിധ്യങ്ങളായ വർണങ്ങൾ വരുന്നത് എങ്ങനെയാണ്. എത്ര വർഷങ്ങൾ കഴിഞ്ഞാലും മയിൽപ്പീലിയുടെ നിറം മങ്ങാത്തത് എന്താണ്. ഒരു ഇലക്ട്രോൺ മൈക്രോസ്കോപ്പ് ഉപയോഗിച്ച് മയിൽപ്പീലിയെ വീക്ഷിച്ചാൽ വിവിധ വലിപ്പമുള്ള നാനോകണികകൾ വഴിയാണ് വ്യത്യസ്തങ്ങളായ നിറങ്ങൾ മയിൽ പീലിക്കുണ്ടാവുന്നത് എന്ന് കാണാം. വിവിധ വലിപ്പമുള്ള നാനോകണികകൾ വിവിധങ്ങളായ നിറങ്ങൾ പുറത്തുവിടുമെന്ന് ശാസ്ത്രലോകം കണ്ടെത്തിയിട്ടുണ്ട്. താമരയിലയിൽ വെള്ളം പറ്റിപിടിക്കാത്തത് എന്ത് എന്നും അത് അഴുക്ക് പിടിക്കാത്തതെന്ത് എന്ന അന്വേഷണത്തിന് ഗവേഷണത്തിലൂടെ മറുപടി കിട്ടിയിട്ടുണ്ട്. താമരയിലയിലുള്ളത് ഒരു നാനോ സർഫസ് ഇഞ്ചിനിയറിങ്ങാണ്. ഇതിന്റെ സവിശേഷതയാണ് വെള്ളം വീഴുമ്പോൾ അഴുക്കും കൊണ്ട് അവ താഴേക്ക് പതിക്കുന്നത്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് പൊടിപിടിക്കാത്ത പെയിന്റ് വികസിപ്പിച്ച് കഴിഞ്ഞു. പ്രകൃതി എന്ന നാനോവിദഗ്ധൻ കാണിക്കുന്ന അത്ഭുതങ്ങളാണ് പല ഗവേഷണങ്ങൾക്കും പ്രചോദനം എന്ന് ഓർക്കേണ്ടതുണ്ട്. മാന്ത്രിക വിദ്യായലെന്നോണം പ്രകൃതി ഒരുക്കുന്ന വൈവിധ്യങ്ങൾ സർവ്വസാധാരണമായതുകൊണ്ട് അതിന്റെ പിന്നിലുള്ള വിസ്മയാവഹമായ ടെക്നോളജി നമ്മെ സാധാരണ ആകർഷിക്കാറില്ല എന്നു മാത്രം.



# ഉൽക്കാശിലകൾ



**ഡോ.എം.എസ്.വസന്തകുമാർ**

*എസ്.എൻ.കോളജ്, കൊല്ലം*

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തീഗോളം വീണു എന്ന വാർത്തയുടെ യഥാർത്ഥ പൊരുളാണ് വാർത്താമദ്ധ്യം ഇക്കുറി ചർച്ചചെയ്യുന്നത്. അവ ഉൽക്കാശിലകൾ അഥവാ മീറ്റിയോറൈറ്റുകൾ (meteorites) ആണ് എന്നാണ് ശാസ്ത്രീയഭാഷ്യം.

ഭൂമിയിലെ ശ്രേഷ്ഠജീവികൾ നമ്മൾ ആണല്ലോ . ഒരളവിൽ ശൂന്യാകാശത്തിൽ സൂര്യനെ വലംവയ്ക്കുന്ന ഭൂമി എന്ന യാനപാത്രത്തിലെ യാത്രികർ ആണ് നാം. എന്നോ സംഭവിച്ച ക്ഷിപ്രവികാസത്തിന്റെ (big bang) നിലയ്ക്കാത്ത വികാസയാത്രയിലാണ് പ്രപഞ്ചം. അതിനോട് അനുബന്ധിച്ച ചലനസങ്കീർണതയിൽ പെടും ഭൂമിയുടെ ഭ്രമണവും സ്വന്തം അച്ചുതണ്ടിലെ ചുറ്റലും. മാനവജീവിത പരിണാമത്തിന്റെ മയൂരസന്ദേശ മായി ചലിക്കുന്ന ഭൂമിയുടെ ആകർഷണവലയത്തിൽ വന്നുപെടുന്ന ഖരധൂളികൾ ആണ് ഉൽക്കാശിലകൾ.

**ഉൽക്കയും (meteor) ഉൾക്കാശിലയും (meteorite)**

മീറ്റിയോറാ എന്ന ഗ്രീക്ക് പദത്തിൽ വേരുള്ള പദമാണ് മീറ്റിയോർ. വായുവിൽ സ്ഥിതിചെയ്യുന്നത് എന്ന അർത്ഥം ആണ് അതിനുള്ളത്. രാത്രിയിൽ ആകാശത്ത് നിന്ന് വീഴുന്നു എന്ന് തോന്നിപ്പിക്കുന്ന തീനാളത്തിന് കാരണമായ വസ്തുവാണ് മീറ്റിയോർ. പത്തൊമ്പതാം നൂറ്റാണ്ട് വരെ മേഘം, മഴവില്ല്, മിന്നൽ, ഹിമവാതം എന്നീ കാലാവസ്ഥാസൃഷ്ടികളുമായി ബന്ധപ്പെട്ട എല്ലാറ്റിനെയും മീറ്റിയോർ എന്ന പദം കൊണ്ട് പരാമർശിച്ചിരുന്നു. അതുകൊണ്ടാണ് കാലാവസ്ഥാശാസ്ത്രത്തിന് 'meteorology' എന്ന പേര് ഉണ്ടായത്.

ഏതെങ്കിലും ഒരു ധൂമകേതു (വാൽനക്ഷത്രം) സൂര്യന് അടുത്ത് എത്തുമ്പോൾ സൗരവികിരണങ്ങൾ ഏറ്റ് ധൂളിയും ഹിമവും പുറത്തേക്ക് വിടും. എന്നാൽ ധൂമകേതു സൂര്യനിൽ നിന്ന് അകലുമ്പോൾ ഈ ധൂളിയും ഹിമവും ഉപേക്ഷി




ച്ചാണ് പോവുക. പ്രസ്തുത ഉപേക്ഷിതം ശൂന്യതയിൽ ലക്ഷോപലക്ഷം കിലോമീറ്റർ നീളത്തിൽ ഉണ്ടാവും. ഈ വഴിയിൽ പിന്നെ എപ്പോഴെങ്കിലും ഭൂമി സഞ്ചരിച്ചു ചെന്നാൽ ഈ പൊടിപടലം ഭൂമിയുടെ ആകർഷണത്തിന് വിധേയമാകും. ചെറുതും വലുതുമായ ഇവ ഭൂമിയുടെ കാന്തിക ആകർഷണത്തിൽപെട്ട് ഭൗമാന്തരീക്ഷത്തിലൂടെ താഴേക്ക് വരും. അന്നേരമുണ്ടാകുന്ന ഘർഷണം നിമിത്തം ചൂട് പിടിച്ച് തീ പിടിക്കും. അത് കത്തിയമരുന്ന കാഴ്ചയാണ് നാം കാണുന്നതും ഉൽക്ക എന്ന് വിളിക്കുന്നതും. (കൊള്ളിമീൻ എന്നും ഈ കാഴ്ചയെ വിശേഷിപ്പിക്കാറുണ്ട്) ഉൽക്കയ്ക്ക് വലിപ്പം കൂടുതൽ ആണെങ്കിൽ അത് മുഴുവൻ കത്തി തീരുകയില്ല. കത്താത്ത കഷണങ്ങൾ ഭൂമിയിൽ വന്ന് വീഴും. അതാണ് ഉൾക്കാശില അഥവാ മീറ്റിയോറൈറ്റ്.

## സവിശേഷതകൾ

സെക്കന്റിൽ 42 കിലോമീറ്റർ വേഗതയിലാണ് ഉൾക്കയുടെ സഞ്ചാരം. ഭൂമി സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നതിന്റെ 1.4 ഇരട്ടി വേഗതയിലാണ് അതിന്റെ സഞ്ചാരം. ചൊവ്വാ ഗ്രഹത്തിനും (Mars) വ്യാഴഗ്രഹത്തിനും (Jupiter) ഇടയിലുള്ള ആസ്റ്ററോയ്ഡ് ബെൽറ്റിലാണ് ഇത്തരം ഛിന്നധൂളികൾ പതിയിരിക്കുന്നത്. ദിവസവും ഇവ ഭൂമിയുടെ അന്തരീക്ഷത്തിൽ കടക്കുന്നുണ്ട്. തരിയോളം വലിപ്പം മുതൽ എഴുപതു കിലോഗ്രാം ഭാരമുള്ള ഭീമാകാരമുള്ളവ വരെയുണ്ട് ഇക്കൂട്ടത്തിൽ. ഉൽക്കയായി മുഴുവൻ കത്തിയമരുവാൻ ഇവറ്റക്ക് കഴിയാതെ വരുന്നത് എഴുപത് കിലോഗ്രാമിൽ കൂടുതൽ ഭാരമുള്ളപ്പോഴാണ്. കത്തി തീരാത്ത ഉൽക്കാശില ഭൂമിയിൽ വന്ന് വീഴുന്നു.

പ്രാചീന കാലത്ത് അത്ഭുതത്തോടും ഭയത്തോടും ആയിരുന്നു മനുഷ്യൻ ഉൽക്കാ പ്രതിഭാസത്തെ കണ്ടിരുന്നത്. ബൈബിളും മഹാഭാരതവും പുരാണങ്ങളും ഇവയെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ചില ദിശകളിലേക്ക് ഉൽക്ക കത്തിയാൽ അപായത്തിന്റെ നാന്ദിയാണെന്ന് വിശ്വസിച്ച കാലമുണ്ട്. എന്നാൽ ഉൽക്കാശില ഭൂമിയിൽ വീണ് ഒരു മനുഷ്യ ജീവനും പൊലിഞ്ഞിട്ടില്ല എന്ന് പറയുന്നു. ഈജിപ്റ്റിൽ ഒരിക്കൽ പട്ടണത്തിൽ വീണ ഉൽക്കാശില കവർന്നത് ഒരു നായയുടെ ജീവൻ മാത്രമായിരുന്നു.

ഉത്തര ധ്രുവം കീഴടക്കിയ റോബർട്ട് പിയറി, ഉത്തരധ്രുവാഗ്രത്തിൽ അമേരിക്കൻ കൊടിനാട്ടി കഴിഞ്ഞയുടൻ തൊട്ടടുത്ത് ഒരു ഭീമൻ ഉൽക്കാശിലചെന്നു വീണുവത്രെ. ബി.സി. 688 ലെ ചൈനീസ് ഗ്രന്ഥങ്ങളും ഇത്തരം പ്രതിഭാസങ്ങളെ പരാമർശിക്കുന്നുണ്ട്.

400 ഗ്രാമിനും 2 ടണ്ണിനും ഇടയ്ക്ക് ഭാരമുള്ള 1500 ഓളം ഉൽക്കാശിലകൾ പഠന വിധേയമായിട്ടുണ്ട്. ഭൂമിയിലെ പദാർത്ഥങ്ങളുമായി ഇവയ്ക്ക് സാദൃശ്യം കുറവാണ്. നിക്കലും, ഇരുമ്പും, ഇവയുടെ ഘടകങ്ങളത്രെ. കൊബാൾട്ട്, ചെമ്പ്, ഫോസ്ഫറസ്, സൾഫർ, കാർബൺ എന്നിവയും അവയിൽ അടങ്ങിയിട്ടുണ്ട്.

അന്തരീക്ഷത്തിൽ വച്ച് ഇവ കത്തുമ്പോൾ വിവിധ വർണ്ണങ്ങളിൽ കാണപ്പെടുന്നുണ്ട്. അവയിൽ അടങ്ങിയിട്ടുള്ള രാസമൂലകങ്ങളാണ് അവയ്ക്ക് നിറം പകരുന്നത്. സൗവർണ്ണ മഞ്ഞ നിറം സോഡിയത്തിന്റെ സാന്നിദ്ധ്യവും, വയലറ്റ് നിറം കാത്സ്യത്തിന്റെയും, ചുവപ്പ് നിറം നൈട്രജന്റെയും, നീലയും പച്ചയും ചെമ്പ്, മഗ്നീഷ്യം, എന്നിവയുടെയും സൂചനകളത്രെ.

ഉൽക്കാശിലകളുടെ പതന സാദ്ധ്യതയോളം വരുന്നതാണ് ഭൂമിയിലെ സുരക്ഷിതത്വം. ഒരു കാലത്ത് ഒരു ഭീമൻ ഉൽക്കാശില വീണ് മണ്ണ് കീഴ്മേൽ മറിഞ്ഞ്



അടിപ്പെട്ട് നശിച്ച ഒരു ജീവി വംശമത്രെ ദിനോസാറുകൾ. കോടി ക്കോടി സംവത്സരങ്ങൾക്കിടയിൽ സംഭവിച്ച പ്രപഞ്ചമാറ്റങ്ങൾ ഇന്നത്തെ ഭൂമിയുടെ അവസ്ഥയ്ക്ക് നിദാനമത്രെ. നാളെ എന്തു സംഭവിക്കും എന്ന് കാലേകൂട്ടി പ്രഖ്യാപിക്കുവാൻ മനുഷ്യൻ ഇന്ന് പ്രാപ്തനാണെങ്കിലും അനിശ്ചിതത്വത്തിന്റെ ഖഡ്ഗമുന അവന്റെ തലയ്ക്ക് മീതെയുണ്ട്. ആസ്റ്ററോയിഡ് ബെൽറ്റിലെ ഭീഷണമായ ഖരധൂളികളെ നേരിടാനുള്ള സാങ്കേതിക വിദ്യ വളരുകയാണ്. ശൂന്യാകാശത്തിലെ ഛിന്ന ഗ്രഹങ്ങളെയും ശിലാഭീമന്മാരെയും വഴി തിരിച്ചുവിടാനുള്ള വഴികൾ കണ്ടെത്താനും വേണ്ടി വന്നാൽ അവയെ പൊടിച്ചുകളയാനും തയ്യാറെടുക്കുകയാണ് നാസ ഉൾപ്പെടുന്ന ശാസ്ത്ര ലോകം.



# ഹൈഡ്രജൻ ആററത്തിൻെറ ഓർബിററൽ ഘടന ആദ്യമായി നിരീക്ഷിച്ചു



**ഡോ.എം.ആർ.സുദർശനകുമാർ**

*എം.ജി.കോളജ്, തിരുവനന്തപുരം*

ശാസ്ത്രജ്ഞരുടെ ഒരു അന്താരാഷ്ട്ര സംഘത്തിന് ഹൈഡ്രജൻ ആററത്തിൻെറ ഓർബിററൽ ഘടന നേരിട്ട് നിരീക്ഷിക്കാനായി പുതുതായി വികസിപ്പിച്ചെടുത്ത ക്വാണ്ടം മൈക്രോസ്ക്കോപ്പ് ഉപയോഗിച്ചാണ് ശാസ്ത്ര സംഘം ഈ നേട്ടം കൈവരിച്ചത് മുപ്പത് വർഷം മുമ്പ് നിർദ്ദേശിക്കപ്പെട്ട Photoionisation Microscopy പരീക്ഷണത്തിലൂടെ സാക്ഷാത്കരിക്കാമെന്നും ഈ സാങ്കേതിക വിദ്യയുപയോഗിച്ച് ക്വാണ്ടം മെക്കാനിക്സിസെ സൂക്ഷമമായ കാര്യങ്ങൾ പരിശോധിക്കാനാകുമെന്നും ശാസ്ത്ര സംഘം തെളിയിച്ചു.

